# പോയി, പറവിൻ

...സാക്ഷ്യപ്പെടുത്തു, അവിടെ പിന്നിലെ ചെറിയ സഹോദരി, ഇത് ആ ഗാനത്തിൽ പ്രകടിപ്പിച്ചെന്ന് ഞാൻ കരുതുന്നു:

> ഓ, ദൈവ സ്നേഹം, എത്ര സമ്പന്നം നിർമ്മലം!
> എത്ര ആഴമറ്റതും ശക്തവും!

നമുക്കുള്ളത് എന്തൊരു ദിവസമാണ്. ഇപ്പോൾ നാം നമ്മുടെ തലകളെ കുമ്പിട്ടുകൊണ്ട്, പ്രാർത്ഥനയ്ക്ക് തൊട്ടു മുമ്പായി നമുക്ക് സാവധാനം, അത് കർത്താവിനോട് പാടാം. അല്പം, ടെഡി, നിങ്ങൾക്ക് കഴിയുമെങ്കിൽ, ഞങ്ങൾക്ക് ചെറുതായി രാഗം തരു. നമുക്ക് ഇത് പാടാം...പ്രാർത്ഥനയ്ക്ക് തൊട്ടു മുമ്പ്, നമ്മുടെ തലകളെ കുമ്പിട്ടുകൊണ്ട്, കണ്ണുകൾ അടച്ച്.

> ഓ, ദൈവ സ്നേഹം, എത്ര സമ്പന്നം നിർമ്മലം!
> എത്ര അളവറ്റതും ശക്തവും!
> അത് എന്നേക്കും ആയിരിക്കും...[ടേപ്പിൽ ശൂന്യമായ സ്ഥലം—Ed.]

2 മഷി, സകല വെള്ളവും മഷിയായി മാറിയെങ്കിൽ, തോൽക്കടലാസിൽ ഉണ്ടാക്കിയ എല്ലാ ആകാശങ്ങളും, ഭൂമിയിലെ ഓരോ തണ്ടും ഒരു തൂവലായും, ഓരോ മനുഷ്യനും കച്ചവടക്കാരനായി, എന്നിട്ടും ആദാമിന്റെ വീണുപോയ വംശത്തോട് ദൈവ സ്നേഹം പ്രകടിപ്പിക്കാൻ അതിന് കഴിഞ്ഞില്ല. പിതാവേ, കർത്താവായ യേശുവിന്റെ വിലയേറിയ രക്തത്തിനും, പുനഃരുത്ഥാനത്തിന്റെ ആ സ്മാരക പ്രഭാതത്തിനും ഞങ്ങൾ അങ്ങേക്ക് നന്ദി പറയുന്നു, പരിശുദ്ധാത്മാവിനാൽ, ഇന്ന് ഞങ്ങളുടെ ഹൃദയങ്ങളിൽ പകർന്ന നിന്റെ വീണ്ടെടുപ്പിന്റെ സ്നേഹത്തിനായി. സ്രഷ്ടാവായ, ആ ദിവ്യനായ ഒരുവൻ, അവനുമായുള്ള കൂട്ടായ്മയിലേക്ക് ഞങ്ങളെ കൊണ്ടുവന്നിരിക്കുന്നു. ഭൂമിയിലെ, ആ ഒരു സാഹോദര്യത്തിലേക്ക് ഞങ്ങളെ കൊണ്ടുവന്നാലും, അത് ഒരിക്കലും കവച്ചുവെക്കില്ല. നിക്ഷേപത്തിനോ, നേർച്ചക്കോ, ഒരിക്കലും, വീണ്ടും-ജനിച്ച പുരുഷന്മാരുടെയും സ്ത്രീകളുടെയും സാഹോദര്യവുമായി താരതമ്യം ചെയ്യാൻ കഴിയില്ല. വിശുദ്ധന്മാരും ദൂതന്മാരുമായി എന്നേക്കും പാടും!

3 ഇന്നു പ്രകടിപ്പിക്കാൻ ഞങ്ങൾ ശ്രമിക്കുന്ന എല്ലാ കാര്യങ്ങളെയും നീ അനുഗ്രഹിക്കണം എന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു, നീ ഞങ്ങൾക്ക് വേണ്ടി ചെയ്തിരിക്കുന്നതിന്, ഞങ്ങളുടെ—ഞങ്ങളുടെ ഹൃദയത്തിൽ

നിന്നും നിനക്ക് നന്ദിയുണ്ട്. അന്ന് രാവിലെ നേരം ശിഷ്യന്മാരുടെ ഹൃദയങ്ങൾ മാത്രമല്ല സന്തോഷിച്ചത്, മറിയയുടെയും മഗ്ദലന മറിയത്തിന്റെയും ആയിരുന്നു, കൂടാതെ ഞങ്ങൾ, ഇന്ന് നിന്റെ ശിഷ്യന്മാരായി ഞങ്ങൾ, അവൻ ജീവനോടിരിക്കുന്നു, മരിച്ചിട്ടില്ല എന്നു അറിയുന്ന മണിക്കൂറിൽ ഞങ്ങളുടെ ഹൃദയവും കൂടെ സന്തോഷിക്കുന്നു. ഞങ്ങളുടെ ഇടയിൽ, ഞങ്ങളുടെ ഹൃദയങ്ങളിൽ അവൻ എന്നേക്കും ജീവിക്കാൻ ഇടയാകട്ടെ. ഞങ്ങൾ യേശുവിന്റെ നാമത്തിൽ ചോദിക്കുന്നു. ആമേൻ.

ആ പുനഃരുത്ഥാനത്തെ പ്രകടിപ്പിക്കാൻ ആർക്കും തന്നെ കഴിയില്ല!

4 ഇപ്പോൾ, ഈ പുനഃരുത്ഥാന പ്രഭാതത്തിൽ, ഇപ്പോൾ ആലയത്തിൽ നടക്കാനുള്ള ചെറിയ സംഭവങ്ങളുടെ വളരെ മനോഹരമായ സമയമാണിത്, അതായത്, അമ്മമാർ അവരുടെ കുഞ്ഞുങ്ങളെ സമർപ്പിക്കുന്നു. ഇത് പുതിയ എന്തോ ചിലതാണ്, അവരുടെ വീട്ടിൽ എന്തോ ചിലത് കൂട്ടിച്ചേർക്കപ്പെട്ടിരിക്കുന്നു. ചില പുതിയ അനുഗ്രഹങ്ങൾ അവരുടെ അടുക്കൽ വന്നു. അതു തിരികെ, ദൈവത്തിനു കൊടുക്കാൻ, അവർ ആഗ്രഹിക്കുന്നു.

5 ആ—ആ പ്രഭാത സന്ദേശത്തിനു ശേഷം, ഞങ്ങൾ രോഗികൾക്കായി പ്രാർത്ഥിക്കാൻ പോകുന്നു, നീ നിന്റെ രോഗങ്ങളിൽ നിന്ന് ഉയിർത്ത്, പുതിയ ആരോഗ്യത്തിലേക്ക് ഉയിർത്തെഴുന്നേൽക്കും. അതു കഴിഞ്ഞയുടൻ തന്നെ, സ്നാനം ഏൽക്കാതിരിക്കുവർക്ക്, ഞങ്ങൾക്ക് അതിന്റെ ഒരു പുനഃരുത്ഥാനം ഉണ്ടാകാൻ പോകുന്നു; ജീവന്റെ പുതുമയിലേക്ക് ഉയിർത്തെഴുന്നേല്ക്കാൻ, വെള്ളത്തിൽ കുഴിച്ചിടുക. എല്ലാം കൂടി ഇന്ന് രാവിലെ ഇത് പുനഃരുത്ഥാനമാണ്, പുനഃരുത്ഥാനം! ഞങ്ങളുടെ ഹൃദയം സന്തോഷവും പ്രകാശവും ആയിതീർന്ന്, ഈ അത്ഭുതകരമായ പുനഃരുത്ഥാന പ്രഭാതത്തിൽ, ഞങ്ങൾ പാട്ടുകൾ പാടുകയും മറ്റുള്ളവരുടെ സാക്ഷ്യങ്ങൾ കേൾക്കുകയും ചെയ്തിരുന്നു. ഞങ്ങൾ പുറത്തേക്ക് നോക്കുമ്പോൾ ദൈവം അതിൽ സന്തുഷ്ടനാണെന്ന് ഞങ്ങൾ കാണുന്നു, മരങ്ങൾ ഉയിർത്തെഴുന്നേൽക്കുന്നു.

6 കുറച്ച് നാളുകൾക്ക് മുമ്പ്, കെന്റുക്കിയിൽ, ശ്രീമാൻ വുഡും ഞാനും അണ്ണാൻ വേട്ടയാടുകയായിരുന്നു, ഞങ്ങൾ ഒരു മനുഷ്യന്റെ സ്ഥലത്തേക്ക് പോയി. ഒരുപക്ഷേ ആ മനുഷ്യൻ ഇപ്പോൾ ഇരിക്കുന്നുണ്ടാകും, അത്രയേ എനിക്കറിയൂ. അവൻ ഒരു അവിശ്വാസി ആയിരുന്നു. സഹോദരൻ വുഡ് അദ്ദേഹത്തോട് ചോദിച്ചു, പറഞ്ഞു, “എനിക്ക് നിങ്ങളുടെ സ്ഥലത്ത് അണ്ണാൻ വേട്ടയാടാമോ?”

അദ്ദേഹം പറഞ്ഞു, “അതെ, വുഡ്, നിനക്ക് അണ്ണാൻ വേട്ടയാടാം. പിന്നിലേക്ക് പൊയ്ക്കൊള്ളൂ.”

അവൻ പറഞ്ഞു, “കൊള്ളാം, എന്റെ പാസ്റ്ററെയും, ഞാൻ കൊണ്ടുവന്നിട്ടുണ്ട്.”

7 അദ്ദേഹം പറഞ്ഞു, “വുഡ്, നീ എന്നോട് പറയാൻ ഉദ്ദേശിക്കുന്നതല്ലേ ഒരു പ്രാസംഗികനെ എല്ലായ്പ്പോഴും നിന്നോടൊപ്പം കൂട്ടാനായി നീ വളരെ താഴ്ന്ന നിലയിലായിരിക്കുന്നു!”

8 അങ്ങനെ എന്നെ പരിചയപ്പെടുത്താൻ—അവൻ എന്നെ വിളിച്ചു. ആ വ്യക്തി കഠിനനായ ഒരാളാണെന്ന് ആ കൂട്ടാളി എന്നോട് പറഞ്ഞിരുന്നു. മറ്റുള്ളവർ അത് അവനോട് പറഞ്ഞിരുന്നു, അത് എന്തെന്നാൽ, അദ്ദേഹത്തിനു വിശ്വസിക്കാൻ കഴിയുന്ന ഒന്നും അദ്ദേഹത്തിനു കാണാൻ കഴിയാത്തതിനാൽ ആയിരുന്നു.

9 അവിടെ ഒരു ആപ്പിൾ മരം നിന്നിട്ട് ഞാൻ അതിൽ നിന്നും ഒരു ആപ്പിൾ പറിച്ചെടുത്തു. ഇത് ആഗസ്റ്റിൽ ആയിരുന്നു. പിന്നെ ഞാൻ ആ മാന്യ വ്യക്തിയോട് പറഞ്ഞു, ഞാൻ ചോദിച്ചു, “ഈ വൃക്ഷത്തിന് എത്ര പ്രായമുണ്ട്?”

10 അദ്ദേഹം പറഞ്ഞു, “ഏകദേശം മുപ്പതു വർഷങ്ങൾ,” അങ്ങനെയോ മറ്റോ വരും. അത് നട്ടുപിടിപ്പിച്ചത് അദ്ദേഹമായിരുന്നു.

11 അപ്പോൾ ഞാൻ ചോദിച്ചു, “ഇത് ആപ്പിൾ കായ്ച്ചു തുടങ്ങിയതു മുതൽ നിങ്ങൾ അതിൽ നിന്നും എടുക്കുകയാണോ?”

“അതെ, സർ.”

12 ഞാൻ പറഞ്ഞു, “ആ വൃക്ഷത്തിന് എന്താണ് സംഭവിക്കുന്നത്? നിങ്ങൾ ഇതിലേക്ക് നോക്കിയാൽ, ഇപ്പോൾ ആഗസ്റ്റാണ്, എല്ലാ വിധത്തിലും ചൂടുള്ള കാലാവസ്ഥ; എന്നാൽ ഇപ്പോൾ ആ മരത്തിൽ നിന്ന് ഇലകൾ വീഴുന്നു, നീര് ശാഖകളെ വിട്ട്, താഴെ വേരുകളിലേക്ക് പോകുന്നു. ശരത്കാലം കഴിയുവോളം അത് ഇവിടെ നിൽക്കുമെങ്കിൽ, പിന്നെയും ആ മരം ഉണ്ടാകില്ല; അതിനു തണുത്ത കാറ്റിൽ നിന്ന് മറഞ്ഞിരിക്കാൻ, അത് മണ്ണിന്റെ അടിയിലേക്ക് പോകുന്നു. അത് ഇവിടെ തുടരുകയാണെങ്കിൽ, അത് മരിച്ചു പോകും, ഇത് പിന്നെയും ആപ്പിൾ കായ്ക്കില്ല. എന്നാൽ അത് സ്വയം വേരുകളിൽ ഒളിച്ചിരിക്കാനായി ഇറങ്ങി പോയാൽ, അടുത്ത വർഷം തിരികെ വന്ന്, എവിടെ നിന്നെങ്കിലും കുറച്ച് ആപ്പിളും, കുറച്ച് ഇലകളും നിങ്ങൾക്ക് കൊണ്ടുവരും.”

13 ഞാൻ പറഞ്ഞു, “ഇപ്പോൾ, സർ, ഞാൻ—ഞാൻ ഏതു ബുദ്ധി വൈഭവമാണ് ആ നീരിനെ വൃക്ഷത്തെ ഉപേക്ഷിക്കാൻ

പ്രേരിപ്പിക്കുന്നത് എന്നോട് പറയാൻ ഞാൻ അഭ്യർത്ഥിക്കുന്നു ഏതൊരു തണുത്ത കാലാവസ്ഥയ്ക്ക് മുമ്പും, ഒളിഞ്ഞിരിക്കാൻ വേരുകളിലേക്ക് ഇറങ്ങാൻ പറയുന്നത് എന്താണ്? അത് എന്താണ് ചെയ്യുന്നതെന്ന് നിങ്ങൾക്ക് എന്നോട് പറഞ്ഞ്, അത് എനിക്ക് വിശദീകരിച്ച് തന്നാൽ, അത് എന്താണ് ചെയ്യുന്നത്, അപ്പോൾ ഞാൻ നിങ്ങളെ ദൈവത്തിന്റെ കൈ അറിയാൻ അനുവദിക്കും." ഞാൻ പറഞ്ഞു, "നിങ്ങൾ ഒരു പോസ്റ്റിൽ വെള്ളം ഒഴിച്ചിട്ട് അത് ചെയ്യുമോ എന്ന് നോക്കൂ, മാറുന്ന കാലാവസ്ഥ അത് ചെയ്യുമോ എന്ന് നോക്കൂ. മരത്തിന്റെ വേരിലേക്ക് ആ നീരിനെ ഇറങ്ങി ചെല്ലാൻ അനുവദിക്കുന്ന ഒരു മഹത്തായ ബുദ്ധി വൈഭവം അവിടെയുണ്ട്, പിന്നെ അത് പുതിയ ജീവിതവുമായി വീണ്ടും തിരികെ കൊണ്ടു വരുന്നു. അത് ദൈവമാണ്."

14 അദ്ദേഹം പറഞ്ഞു, "ഞാൻ അധികമായിട്ട് ഒന്നും പള്ളിയിൽ പോയിട്ടില്ല." അദ്ദേഹം പറഞ്ഞു, "എന്നാൽ ഒരിക്കൽ, ഒരു പ്രാസംഗികൻ ഇവിടെ ആക്റ്റണിൽ വന്നിട്ട്, ഒരു സ്ത്രീ കുന്നിൻ മുകളിൽ താമസിക്കുന്നു എന്ന്, ഒരു സ്ത്രീയോട് പറഞ്ഞു, ആ രാത്രി യോഗത്തിൽ അവളുടെ സഹോദരി അവിടെ ഉണ്ടായിരുന്നു, ക്യാൻസർ ബാധിച്ച ഒരു സഹോദരിക്ക് വേണ്ടി അവൾ പ്രാർത്ഥിക്കുന്നു എന്നു അവളോട് പറഞ്ഞു." പിന്നെ പറഞ്ഞു, "അവളെ സഹായിക്കാൻ ഞാനും ഭാര്യയും അവിടെ പോയിരുന്നു." പറഞ്ഞു, "വയറിലെ ക്യാൻസറിനാൽ, അവർ അവളെ ഒരു ഷീറ്റ് ഉപയോഗിച്ച് കിടക്കയിൽ തിരിയ്ക്കുവോളം, അങ്ങനെയും മറ്റും, അവൾ വളരെ മോശമായിരുന്നു. അവളുടെ സഹോദരി തുവാല തിരികെ കൊണ്ടുവന്നിട്ട്," പറഞ്ഞു, "ആ മനുഷ്യൻ അവളുടെ അവസ്ഥകളെക്കുറിച്ചും എല്ലാം പറഞ്ഞതിനു ശേഷം, പറഞ്ഞു 'തുവാല അവളുടെ മേൽ ഇടുക.'" പറഞ്ഞു, "അവൾ ഇന്ന് സുഖം പ്രാപിക്കും."

15 "ഇത് കാണിക്കാൻ പോകുന്നു." ഞാൻ പറഞ്ഞു, "വൃക്ഷത്തിലെ നീരിനോട് പറഞ്ഞ അതേ ബുദ്ധിവൈഭവം തന്നെ, വർഷം തോറും, നിങ്ങളുടെ കണ്ണുകളുടെ മുന്നിൽ, താഴെ ഇറങ്ങി വേരുകളിൽ ഒളിക്കാൻ പറയുന്നു, അതേ ബുദ്ധി വൈഭവം തന്നെയാണ് സ്ത്രീയുടെ മേൽ ഇടുമ്പോൾ സുഖപ്പെടുമെന്ന് എന്നോട് പറഞ്ഞത്..." ഞാൻ പറഞ്ഞു, "അത് അങ്ങനെയല്ല—വളരെ നിഗൂഢമാണ്. അത് നിങ്ങളോട് വർഷം തോറും പറയുന്ന, ആ വൃക്ഷം, നിങ്ങളുടെ മുറ്റത്ത് ഒരു മികച്ച പ്രാസംഗികനായി നിൽക്കുന്നു."

16 നമ്മൾ ചുറ്റും നോക്കിയാൽ, നമുക്ക് ദൈവത്തെ എല്ലായിടത്തും കാണാൻ കഴിയും. അവൻ എല്ലാ മരത്തിലും, പുല്ലിന്റെ ഓരോ ഇതളിലും ഉണ്ട്. ദൈവത്തിനല്ലാതെ മറ്റൊന്നിനും ഉത്പാദിപ്പിക്കാൻ കഴിയില്ല.

നമുക്ക് അതു പോലെ കാണപ്പെടുന്ന എന്തെങ്കിലും സൃഷ്ടിക്കാൻ കഴിയും; പക്ഷേ ആ ജീവനെ കഴിയില്ല, അത് ദൈവമാണ്.

17 ഇപ്പോൾ, ഇവിടെ ചില വീടുകളിൽ ഒരു പുല്ലിന്റെ ചെറിയ ഇതൾ കൂടെ ചേർത്തിരിക്കുന്നു, ഈ കൊച്ചു കുട്ടികളെ കർത്താവിന് സമർപ്പിക്കാൻ നാം ആഗ്രഹിക്കുന്നു. ടെഡി, ഞങ്ങൾ ഇവിടെ പാടുന്ന ഒരു ചെറിയ പാട്ടുണ്ട്, *അവരെ അകത്തു കൊണ്ടുവരൂ,* പിതാക്കന്മാരും, അമ്മമാരും അവരുടെ കുഞ്ഞുങ്ങളെ സമർപ്പിക്കാൻ ആഗ്രഹിക്കുമ്പോൾ നിങ്ങൾ അത് പാടുമോ, അവർ അവരുടെ കുഞ്ഞുങ്ങളെ ബലിപീഠത്തിലേക്ക് കൊണ്ടുവരും.

18 ഇന്ന് രാവിലെ ബലിപീഠത്തിൽ ഞങ്ങൾക്ക് ധാരാളം ചെറിയ ഈസ്റ്റർ പൂക്കൾ ലഭിച്ചിരിക്കുന്നു, നമുക്ക് കിട്ടിയിട്ടില്ലേ? എന്റെ, എന്റെ! ചെറിയ മേരിയുടെയും, രൂത്തിന്റെയും, റിബേക്കയുടെയും, ചെറിയ ജെയിംസും, പൌലും, ജോണും, എല്ലാവരും ഇവിടെയുണ്ടെന്ന് ഞാൻ കരുതുന്നു, മറ്റൊരു തലമുറയ്ക്കായി ചെറിയ ഈസ്റ്റർ പൂക്കൾ.

19 അത് അങ്ങനെയാകട്ടെ, ശരിക്കും അവിടെ. ഈ—ഈ കൊച്ചു കുട്ടി ഇവിടെ നിൽക്കുന്നതിന്റെ ചിത്രം എടുക്കാൻ, സഹോദരൻ ബീലർ ആഗ്രഹിക്കുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു ഇത്—ഇത് സഹോദരൻ വുഡിന്റെ കൊച്ചു മകൻ, സിസ്റ്റർ വുഡ് ഇവിടെയുണ്ട്. മറ്റുള്ളവർ ഇപ്പോൾ അവരുടെ കുഞ്ഞുങ്ങളുമായി കടന്നു വരുന്നു. സാമാന്യ ജനങ്ങളേ, നേരെ മുന്നിലേക്ക് വരൂ. അത് വളരെ ശരിയാണ്. സഹോദരൻ നെവിൽ.

20 വിശുദ്ധ ദാമ്പത്യത്തിന്റെ ഐക്യം മഹത്വമേറിയതാണ്, ഇത് ദൈവത്താൽ നിയമിച്ചിരിക്കുന്നു. വിശുദ്ധ വിവാഹത്തിലൂടെ ഈ പ്രിയപ്പെട്ട കുഞ്ഞുങ്ങളെ കൊണ്ടു വരുന്നു.

21 നിങ്ങൾക്ക് ഇപ്പോൾ ഇവിടെ ഇതിന്റെ പേര് എന്നോട് പറയണം. ബ്രെൻഡ സ്യൂ. കുഞ്ഞേ, ഞാൻ നിന്നെ ആദ്യം കണ്ടതിനേക്കാൾ, ഇപ്പോൾ വളരെ വ്യത്യസ്തമായി കാണുന്നു. കൊള്ളാം, ഇതാ ചെറിയ ബ്രെൻഡ സ്യൂ വുഡ്, ശരിക്കും നമ്മുടെ എല്ലാവരുടെയും ഹൃദയങ്ങൾക്ക് വിലപ്പെട്ട ഒരു ചെറിയ നിധിയാണ്, പ്രത്യേകിച്ച് ഈ ചെറുപ്പക്കാരായ അമ്മയ്ക്കും അപ്പനും.

22 ബൈബിൾ സമയത്തും. പലരും ഈ കൊച്ചു കുട്ടികളെ തളിക്കുന്നു; എന്നാൽ ബൈബിളിന്റെ ഗതിക്ക് അനുസരിച്ച് നമുക്ക് കഴിയുന്നത്ര അടുത്ത് പിന്തുടരാൻ നമ്മൾ ശ്രമിക്കുന്നു. ബൈബിളിൽ, അവരെ എവിടെയും തളിച്ചു എന്ന് നമ്മൾ ഒരിക്കലും കണ്ടിട്ടില്ല, എന്നാൽ അവരെ കർത്താവായ യേശുവിന്റെ അടുക്കൽ കൊണ്ടുവരുകയും

അവൻ അവരെ അനുഗ്രഹിക്കുകയും ചെയ്തു. അവന്റെ ദാസന്മാരായി, ഞങ്ങൾ അവരെ എടുത്തിട്ട്, അവരെ അവനിലേക്ക് ഉയർത്തുന്നു.

23 നിങ്ങൾ അറിയുന്നതു പോലെ, പിതാമഹൻ എത്ര അഭിമാനിക്കുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ട് നമുക്ക് ഒരു നിമിഷം നമ്മുടെ തലകളെ കുമ്പിടാം.

24 കർത്താവായ യേശുവെ, ദൈവ പുത്രാ, ഞങ്ങളെ അതിക്രമത്തിൽ നിന്നും വിടുവിച്ചവനെ. കൊച്ചു കുട്ടികളെ നിന്റെ അടുക്കൽ കൊണ്ടുവരുന്നതു കാണുന്നത് വളരെ വിലപ്പെട്ട കാര്യമാണ്, വർഷങ്ങൾക്കു മുമ്പ്, അമ്മമാരും പിതാക്കന്മാരും അവരുടെ കുഞ്ഞുങ്ങളെ നിന്റെ അടുക്കൽ കൊണ്ടു വന്നിരുന്നതിന്റെ ഓർമയ്ക്കായിട്ടാണ്. ചെറിയ ബ്രെൻഡ സ്യൂ വുഡിനെ, ഇന്ന്, വിശ്വാസത്തിന്റെ കൈകളാൽ, ഞങ്ങൾ അങ്ങയുടെ മുമ്പിൽ പിടിച്ചിരിക്കുന്നു, അത് ഞങ്ങളുടെ സഹോദരൻ ഡേവിഡിന്റെയും അവന്റെ വിലയേറിയ ഭാര്യയുടെയും കുടുംബത്തിലേക്ക് അയച്ചിരിക്കുന്നതാണ്. പിതാവാം ദൈവമേ, ഈ കുട്ടിയെ അനുഗ്രഹിക്കേണമേ.

25 അവരുടെ കൂടിവരവിനാൽ ഉളവായ സന്തതിയെ അവർ സമർപ്പിക്കുമ്പോൾ, അവർ അങ്ങിലുള്ള വിശ്വാസത്തെ ഏറ്റുപറയുന്നു. നീ അവരെ അനുഗ്രഹിക്കണം എന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. പരിശുദ്ധാത്മാവിനാൽ അവരുടെ ഹൃദയങ്ങൾ ചൂടു പിടിക്കാൻ ഇടയാകട്ടെ, ഈ കുഞ്ഞിനെ ക്രിസ്തീയ ഭവനത്തിൽ കൊണ്ടുവന്ന്, ദൈവ ഭക്തിയിലും, വിശുദ്ധിയിലും ജീവിതം നയിക്കാനും, ദൈവത്തിന്റെ അനുശാസനത്തിൽ വളർന്ന്, ദീർഘകാലം ജീവിച്ചിരുന്ന്, ഭൂമിയിൽ സന്തുഷ്ടമായ ജീവിതം നയിച്ച്, ജീവിക്കുന്ന എല്ലാ ദിവസവും നിന്നെ സേവിക്കാൻ ഇടയാകട്ടെ. മഹത്വത്തിൽ, കുടുംബങ്ങൾ ഒത്തുചേരുമ്പോൾ, ബ്രെൻഡ സ്യൂവും അവളുടെ പപ്പയും മാമയും, അവരുടെ എല്ലാ ആളുകളും, ഇപ്പോൾ ഞങ്ങൾ അവളെ അവനിലേക്ക് ഉയർത്തുമ്പോൾ, ക്രിസ്തുവിന്റെ കൃപയാൽ വീണ്ടെടുക്കപ്പെട്ടവരായി, ദൈവത്തിന്റെ സിംഹാസനത്തിനു ചുറ്റും കൂടിവരാൻ ഇടയാകട്ടെ.

26 എന്റെ ചെറിയ സഹോദരി, അവന് ഒരു ശുശ്രൂഷ ജീവിതത്തിനായി, ഇപ്പോൾ കർത്താവായ യേശു ക്രിസ്തുവേ ഞാൻ അങ്ങേക്ക് തരുന്നു, ദൈവ പുത്രനായ, യേശു ക്രിസ്തുവിന്റെ നാമത്തിൽ. ആമേൻ.

27 ദൈവം നിന്നെ അനുഗ്രഹിക്കട്ടെ, മെർലിൻ, ഡേവിഡ്, ധാരാളം സന്തോഷവും വിജയവും ഉണ്ടാകട്ടെ. ആ ചെറിയ ഒന്ന് ദൈവ രാജ്യത്തിൽ ജീവിക്കാൻ ഇടയാകട്ടെ.

28 ഇപ്പോൾ, ഇതാ ഒരു നല്ല ബാലൻ, അവന്റെ മുഖത്ത് ഒരു വലിയ പുഞ്ചിരി. അവന്റെ പേര്? [അമ്മ ഉത്തരം നൽകുന്നു. ടേപ്പിൽ ശൂന്യമായ സ്ഥലം—Ed.]

ഷാരോൺ റോസ്...[അമ്മ പറയുന്നു, "ഷാരോൺ ഡോൾട്ടൺ."—Ed.] ഡാൽട്ടൺ. ഡോൾട്ടൺ. ഇത് സഹോദരൻ എഡിന്റെ കുഞ്ഞാണോ? കൊള്ളാം, ഏതാണ്ട്, ഏകദേശം ഇരുപത്തി-രണ്ട് വർഷങ്ങൾക്ക് മുമ്പ്, ദൈവം എന്റെ കൈകളിൽ നിന്ന് ഒരു കുഞ്ഞ് ഷാരോൺ റോസിനെ എടുത്തിരുന്നു, ഇന്ന്, അത് സ്വർഗ്ഗത്തിലാണ്. ഇപ്പോൾ, ചെറിയ ഷാരോൺ റോസ് ഡോൾട്ടനെ, അവനു സമർപ്പിക്കുന്നു. എഡ് സഹോദരനെയും സഹോദരി ഡോൾട്ടണെയും, ഇവിടെ, നമ്മുടെ വിലയേറിയ സുഹൃത്തുക്കളായി നമുക്കറിയാം. എന്തൊരു പ്രിയപ്പെട്ട കുഞ്ഞ്!

ഞങ്ങളുടെ സ്വർഗ്ഗീയ പിതാവേ, ഈ ചെറിയ ഷാരോൺ റോസിനെ ഞങ്ങൾ നിന്റെ അടുക്കൽ കൊണ്ടുവരുന്നു. ഭൂമിയിൽ നിന്നിരുന്ന, മഹാനായ കർത്താവായ യേശുവിന്റെ സ്മരണയ്ക്കായി, അവർ ഇതുപോലുള്ള കൊച്ചു പെൺകുട്ടികളെ അവന്റെ അടുക്കൽ കൊണ്ടുവന്നിരുന്നു, കർത്താവേ, ഈ കുഞ്ഞിനായി ഞാൻ പ്രാർത്ഥിക്കുന്നു. അത് ബലവും ആരോഗ്യമുള്ളതുമായി ജീവിക്കാൻ ഇടയാകട്ടെ. ഇത് ദൈവത്തിന്റെ മഹത്വത്തിനായി ജീവിക്കാൻ ഇടയാകട്ടെ. ഇതിന്റെ അപ്പനെയും അമ്മയെയും അനുഗ്രഹിക്കേണമേ. ഇതിനെ ദൈവത്തിന്റെ അനുശാസനത്തിൽ വളർത്താൻ ഇടയാകട്ടെ. അവരുടെ കുഞ്ഞിനെ അങ്ങേക്ക് സമർപ്പിക്കുമ്പോൾ അവർ അങ്ങിലുള്ള വിശ്വാസത്തെ ഏറ്റുപറയുന്നു. കുഞ്ഞ് ഷാരോൺ റോസ് ഡാൽടണെ, കർത്താവേ, നീ അവളുടെ ജീവിതത്തെ അനുഗ്രഹിക്കാനായി, ഞങ്ങൾ ഇപ്പോൾ നിനക്ക് തരുന്നു. അങ്ങേക്ക്, അവളുടെ അമ്മയുടെയും അപ്പന്റെയും കൈകളിൽ നിന്ന്, എന്റെ കർത്താവും രക്ഷകനുമായ, യേശു ക്രിസ്തുവിനു, അവന്റെ മഹത്വത്തിനായി ഞാൻ സമർപ്പിക്കുന്നു. ആമേൻ.

സഹോദരാ, നിങ്ങളെയും, സഹോദരി, നിങ്ങളെയും ദൈവം അനുഗ്രഹിക്കട്ടെ.

ഓ, എന്റെ! ഒരു ചെറിയ, രോഗിയായ ബാലൻ. അവന്റെ കുഴപ്പം എന്താണ്? [അമ്മ പറയുന്നു, "അവന്റെ തല വളരെ

വലുതായിക്കൊണ്ടിരിക്കുന്നു." ടേപ്പിൽ ശൂന്യമായ സ്ഥലം—Ed.] ... എന്തെങ്കിലും വ്യത്യസ്തമായി. ഞാൻ അവനിൽ വിശ്വസിക്കുന്നു.

കർത്താവായ, ദൈവമേ, ഞാൻ ചെറിയ മേസനെ നിന്നിലേക്ക് ഉയർത്തി പിടിച്ചിരിക്കുന്നു. കർത്താവായ യേശുവേ, ഞാൻ ഇവിടെ എന്റെ കൈകളിൽ പിടിച്ചിരിക്കുന്ന ഈ കുഞ്ഞിനെ നിനക്കു സമർപ്പിക്കുമ്പോൾ, നീ ഈ എടുത്തു കൊള്ളണമെന്നു, ഞാൻ പ്രാർത്ഥിക്കുന്നു. അവന്റെ മേലുള്ള ഈ പീഡയെ ഞാൻ ശപിക്കുന്നു. യേശു ക്രിസ്തുവിന്റെ നാമത്തിൽ, കർത്താവേ, ചെറിയ മേസനെ നിന്റെ കൈകളിൽ വെയ്ക്കുമ്പോൾ, ആ കഷ്ടത അവനെ വിട്ടുപോകാൻ ഇടയാകട്ടെ. ദൈവത്തിന്റെ ബഹുമാനത്തിനും മഹത്വത്തിനുമായി കുഞ്ഞ് ജീവിക്കാൻ ഇടയാകട്ടെ. മാതാപിതാക്കന്മാർ അവനെ കൊണ്ടുവരുമ്പോൾ അവർ അവരുടെ വിശ്വാസത്തെ പ്രകടിപ്പിക്കുന്നു. നീ കുട്ടിയെ സുഖപ്പെടുത്തി അവനെ സൌഖ്യമാക്കിയാലും. നിന്നെ സേവിക്കുന്നതിനു, അവൻ ദൈവ മഹത്വത്തിനായി ജീവിക്കാൻ ഇടയാകട്ടെ. കർത്താവായ ദൈവമേ, യേശു ക്രിസ്തുവിന്റെ നാമത്തിൽ, ഈ കുഞ്ഞു മേസനെ, അവന്റെ ജീവനും രോഗശാന്തിക്കുമായി ഞാൻ നിനക്ക് തരുന്നു. ആമേൻ.

[ടേപ്പിൽ ശൂന്യമായ സ്ഥലം—Ed.] നിങ്ങളുടെ പൂർണ്ണഹൃദയത്തോടെ വിശ്വസിച്ചാൽ മാത്രം മതി.

ഓ, ഒരു കൊച്ചു പെൺകുട്ടിയും, കൂടെയുണ്ടോ? ശരി, അത് കൊള്ളാം. ചെറിയ കുഞ്ഞേ, ഇവിടെ വരൂ. ഇവിടെ മുകളിൽ നിൽക്കു. നിന്റെ പേര്...? [പിതാവ് പറയുന്നു, "സമ്നേർ."—Ed.] സമ്നേർ. സഹോദരനും സഹോദരി സമ്നേറും. നിങ്ങൾ ജോർജിയയിൽ നിന്നുള്ളവരാണെന്ന് ഞാൻ കരുതുന്നു, അല്ലേ? ഞാൻ പ്രാർത്ഥനയിൽ ഓർത്തിരുന്നു എന്ന് കരുതുന്നു. അവിടെ ധാരാളം ആളുകൾ ഉണ്ട്. ഇതാണ്...["ലാടെല്ലെ."] ലാടെല്ലെ. ["ഡ്വൈറ്റ്."] ഡ്വൈറ്റ്. ["ഡേവിഡ്."] പിന്നെ ഡേവിഡ്. നിങ്ങൾ അവരുടെ പേര് കേട്ടു കഴിഞ്ഞു. കുഞ്ഞാടിന്റെ ജീവ പുസ്തകത്തിൽ ദൈവം അവരുടെ പേരുകൾ എഴുതാൻ ഇടയാകട്ടെ.

ഞങ്ങളുടെ സ്വർഗ്ഗീയ പിതാവെ, ഇന്ന് രാവിലെ ഞങ്ങൾ ഈ കൊച്ചു കുഞ്ഞുങ്ങളെ നിന്റെ അടുക്കൽ കൊണ്ടുവരുന്നു, അവരുടെ തലയ്ക്ക് കുറുകെയുള്ള ചെറിയ പ്ലേറ്റുകളിൽ ഞാൻ എന്റെ കൈ വെയ്ക്കുമ്പോൾ, ഈ ആൺകുട്ടികളുടെ മൃദുവായ മുടി. ഓ കർത്താവെ, അവരെ അനുഗ്രഹിക്കേണമേ. അവരുടെ കുഞ്ഞുങ്ങളെ അങ്ങേക്ക് സമർപ്പിച്ചുകൊണ്ട് അവരുടെ മാതാപിതാക്കൾ അങ്ങിലുള്ള അവരുടെ സ്നേഹത്തെയും അവരുടെ വിശ്വാസത്തെയും

പ്രകടിപ്പിക്കുന്നു. കർത്താവെ, അവരെ മാതാപിതാക്കളുടെ കൈകളിൽ നിന്നു എടുത്തതുപോലെ, ഞങ്ങൾ അവരെ നിനക്കു സമർപ്പിക്കുന്നു, ദൈവത്തിനു വേണ്ടിയുള്ള സമർപ്പണ ജീവിതത്തിനായി, ഇന്ന് രാവിലെ ഈ യാഗപീഠത്തിൽ ഇവിടെ നിൽക്കുന്നു. പിതാവെ, അവരെ അനുഗ്രഹിക്കേണമേ. സന്തോഷത്തോടെ ജീവിക്കാൻ നീ അവരെ അനുവദിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു, അവരുടെ ജീവിതത്തിലെ ഓരോ ദിവസവും, വരാനിരിക്കുന്ന ലോകത്തിലെ നിത്യജീവനും ആകുന്നു. ഒരു ക്രിസ്തീയ ഭവനത്തിൽ, ദൈവത്തിന്റെ അനുശാസനത്തിൽ അവർ വളർത്തപ്പെടാൻ ഇടവരട്ടെ.

ഇപ്പോൾ, യേശു ക്രിസ്തുവിന്റെ നിയോഗിത്താൽ, അവിന്റെ ശുശ്രൂഷകർക്ക് ഒരു മാതൃകയായി, അവൻ ചെയ്തതുപോലെ തന്നെ അവരും പിന്തുടരണം, യേശു ക്രിസ്തുവിന്റെ നാമത്തിൽ, ഞാൻ അവരെ നിനക്ക് സമർപ്പിക്കുന്നു. ആമേൻ.

[ടേപ്പിൽ സ്ഥലം ശൂന്യമായിരിക്കുന്നു—Ed.]

സൂര്യ പ്രകാശമുള്ള ജോർജിയയിൽ നിന്ന്, ഈ കുഞ്ഞിനെ ഇവിടെ കൊണ്ടുവന്നത് അവളുടെ സ്നേഹവാനായ അപ്പനും അമ്മയുമാണ്, ഈ സ്മാരക ദിവസം രാവിലെ നിനക്ക് സമർപ്പിക്കാൻ വേണ്ടി. ഇത് അവരുടെ കുടുംബത്തിലെ നിന്റെ കൃപയുടെ ട്രോഫിയാണ്. ചെറിയ റെനിയെയും, അവളുടെ അമ്മയെയും അപ്പനെയും നീ അനുഗ്രഹിക്കേണം എന്ന് ഞാൻ പ്രാർത്ഥിക്കുന്നു. കുഞ്ഞിനെ കൊണ്ടു വന്ന്, അതിന്റെ മേൽ നിന്റെ അനുഗ്രഹം തേടിക്കൊണ്ട്, അവർ നിന്നിലുള്ള വിശ്വാസം പ്രകടിപ്പിക്കുന്നു. അവളുടെ ജീവിതത്തിലുടനീളം, സന്തോഷമുള്ള ക്രിസ്ത്യാനിയായി, അവൾ ബലത്തോടെ ജീവിക്കാൻ ഇടയാകട്ടെ; വരാനിരിക്കുന്ന ദിവസങ്ങളിൽ, വരാനിരിക്കുന്ന ആ ലോകത്തിൽ നിത്യജീവൻ പ്രാപിക്കാനും ഇടയാകട്ടെ. പിതാവേ, ഇത് അനുവദിച്ചാലും. നിന്റെ സ്വന്ത കൈകളാൽ, അങ്ങനെയുള്ള മാധുര്യമുള്ളവയെ നീ പൊക്കി എടുത്തിരുന്നതു പോലെ, ഇന്നു രാവിലെ നേരം ഈ കുഞ്ഞുങ്ങളെ, അവരെ നിന്റെ ദാസന്മാരുടെ അടുക്കൽ കൊണ്ടുവന്ന്, കുടുംബങ്ങൾ നിന്നിലെ വിശ്വാസം പ്രകടിപ്പിച്ചിരിക്കുന്നു. ഞങ്ങൾ ചെറിയ റെനിയെ അനുഗ്രഹിക്കുകയും അവളെ നിനക്ക് തരികയും ചെയ്യുന്നു; അവളുടെ മാതാപിതാക്കളുടെ കൈകളിൽ നിന്ന്, നിനക്ക്. യേശു ക്രിസ്തുവിന്റെ നാമത്തിൽ, നീ അവളെ അനുഗ്രഹിക്കേണം. ആമേൻ.

സഹോദരാ, നിന്നെ അനുഗ്രഹിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ, റെനി.

അതിന്റെ ഒരു ചെറിയ വാക്യം നമുക്ക് പാടാം.

അവരെ അകത്തു കൊണ്ടുവരു, അവരെ അകത്തു കൊണ്ടുവരു,
പാപത്തിന്റെ വയലുകളിൽ നിന്നും അവരെ അകത്തു കൊണ്ടുവരു;
അവരെ കൊണ്ടുവരു, അവരെ കൊണ്ടുവരു,
ശിശുക്കളെ യേശുവിന്റെ അടുക്കൽ കൊണ്ടുവരു.

29 ഓ, ഈ നിരയിൽ നിന്നിട്ട് അവരിൽ ഓരോരുത്തരെയും കുറിച്ച് സംസാരിക്കാൻ ഞാൻ എങ്ങനെ ഇഷ്ടപ്പെടുന്നു, പക്ഷെ ഞാൻ വളരെ മന്ദഗതിക്കാരനാണ്, എങ്ങനെയും, ജനങ്ങൾ നിൽക്കുകയാണ്. വുഡ് സഹോദരൻ ഇന്ന് രാവിലെ എന്നോട് പറഞ്ഞു, നിൽക്കുന്നതിനാൽ, അവന്റെ പുറം വേദനയാണെന്ന് പറഞ്ഞു. നിങ്ങൾ നിൽക്കുന്നതും കാത്തിരിക്കുന്നതും ഞാൻ എങ്ങനെ വിലമതിക്കുന്നു എന്ന് നിങ്ങൾക്ക് അറിയില്ല! കഴിയുന്നതും വേഗത്തിൽ, ഞാൻ വേഗം സന്ദേശം എടുക്കുന്നതാണ്. അപ്പോൾ നിങ്ങൾ വളരെ അടുത്ത് ശ്രദ്ധിക്കണം.

30 ഈ പ്രഭാത ശുശ്രൂഷക്ക് അതല്ല ഇന്ന് രാവിലത്തെ സന്ദേശം, തയ്യാറാക്കാൻ എനിക്ക് ഒരു നിമിഷം പോലും കിട്ടിയില്ല. ഞാൻ ഒരു വിഷയവും പിന്നെ മറ്റു ചില വ്യത്യസ്തമായതും എടുത്തിരിക്കുന്നു.

31 കഴിഞ്ഞ ഉയിർപ്പ് ഞായറാഴ്ച ഞാൻ ഈ വിഷയത്തിൽ പ്രസംഗിച്ചു: "*ജീവിച്ചുകൊണ്ട്*, അവൻ എന്നെ സ്നേഹിച്ചു. *മരിച്ചുകൊണ്ട്*, അവൻ എന്നെ രക്ഷിച്ചു. *അടക്കത്താൽ*, അവൻ എന്റെ പാപങ്ങളെ ദൂരമാക്കി. *ഉയിർത്തെഴുന്നേറ്റ്*, അവൻ എന്നെ എന്നേക്കുമായി നീതീകരിച്ചു സ്വതന്ത്രമാക്കി. ഒരു നാൾ അവൻ *വരുന്നു*, ഓ, മഹത്തായ ദിവസം!"

പിന്നെ ഇന്ന് രാവിലെ നമ്മൾ ഈ വിഷയത്തിൽ പ്രസംഗിച്ചു: *എനിക്ക് അറിയാം.*

32 ഇപ്പോൾ, കർത്താവിന്റെ ഇഷ്ടമെങ്കിൽ, ഞാൻ വിശുദ്ധ മർക്കൊസിന്റെ അദ്ധ്യായത്തിൽ നിന്ന് വായിക്കാൻ ആഗ്രഹിക്കുന്നു. ഇപ്പോൾ നിങ്ങൾ എന്നോടൊപ്പം പ്രാർത്ഥിക്കു.

33 ഇത് കഴിഞ്ഞയുടൻ തന്നെ രോഗശാന്തി ശുശ്രൂഷയായിരിക്കും. പിന്നെ രോഗശാന്തി ശുശ്രൂഷയ്ക്കു ശേഷം സ്നാന ശുശ്രൂഷയായിരിക്കും. തുടർന്നുള്ള ശുശ്രൂഷകൾ ഇന്ന് രാത്രി ഏഴ്-മുപ്പതിന് ആയിരിക്കും.

34 ഇപ്പോൾ മർക്കൊസ് 16.

*ശബ്ബത്തു കഴിഞ്ഞശേഷം, മഗ്ദലക്കാരത്തി മറിയയും,...* യേശുവിന്റെ *അമ്മയായ മറിയയും, ശലോമയും, ചെന്നു*

*അവനെ പൂശേണ്ടതിന്നു സുഗന്ധവർഗ്ഗം വാങ്ങി, അതുമായി അവർ വന്ന് അവനെ പൂശേണ്ടതിനായിരുന്നു.*

*...ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ, അതികാലത്തു സൂര്യൻ ഉദിച്ചപ്പോൾ അവർ കല്ലറെക്കൽ ചെന്നു.*

*കല്ലറയുടെ വാതിൽക്കൽ നിന്നു നമുക്കു വേണ്ടി ആർ കല്ലു ഉരുട്ടിക്കളയും എന്നു, തമ്മിൽ പറഞ്ഞു?*

*അവർ നോക്കിയാറെ, കല്ലു ഉരുട്ടിക്കളഞ്ഞതായി കണ്ടു: അതു ഏറ്റവും വലുതായിരുന്നു.*

*അവർ കല്ലറെക്കകത്തു കടന്നപ്പോൾ, വെള്ളനിലയങ്കി ധരിച്ച ഒരു ബാല്യക്കാരൻ, നീളമുള്ള വെളുത്ത വസ്ത്രം ധരിച്ച്; വലത്തു ഭാഗത്തു ഇരിക്കുന്നതു കണ്ടു ഭ്രമിച്ചു.*

*അവൻ അവരോടു പറഞ്ഞു...അവൻ അവരോട് പറഞ്ഞു,* ഭ്രമിക്കേണ്ടാ; *ക്രൂശിക്കപ്പെട്ട, നസറായനായ യേശുവിനെ നിങ്ങൾ അന്വേഷിക്കുന്നു: അവൻ ഉയിർത്തെഴുന്നേറ്റു; അവൻ ഇവിടെ ഇല്ല; അവനെ വെച്ച സ്ഥലം ഇതാ.*

*നിങ്ങൾ* പോയി, പിന്നെ *അവന്റെ ശിഷ്യന്മാരോടും പത്രൊസിനോടും അവൻ നിങ്ങൾക്കു മുമ്പെ ഗലീലെക്കു* പോകുന്നു *എന്നു പറവിൻ: അവൻ നിങ്ങളോടു പറഞ്ഞതുപോലെ,* നിങ്ങൾ *അവിടെ അവനെ കാണും എന്നു പറവിൻ.*

*അവർക്കു വിറയലും ഭ്രമവും പിടിച്ചു, അവർ കല്ലറ വിട്ടു; ഓടിപ്പോയി: അവർ ഭയപ്പെട്ടുകയാൽ; ആരോടും ഒന്നും പറഞ്ഞില്ല.*

*അവൻ ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ രാവിലെ ഉയിർത്തെഴുന്നേറ്റിട്ടു, താൻ ഏഴു ഭൂതങ്ങളെ പുറത്താക്കിയിരുന്ന മഗദലക്കാരത്തി മറിയെക്കു, ആദ്യം പ്രത്യക്ഷനായി.*

*അവൾ ചെന്നു അവനോടു കൂടെ ഇരുന്നവരായി, അവൻ... ദുഃഖിച്ചും കരഞ്ഞും കൊണ്ടിരുന്നവരോടു അറിയിച്ചു.*

35 നിങ്ങൾ നോക്കു, അവരും, ചാരക്കുമ്പാരത്തിൽ ആയിരുന്നു.

*അവർ, അവൻ ജീവനോടിരിക്കുന്നു എന്നും, അവൾ അവനെ കണ്ടു എന്നും, അവർ കേട്ടാറെ വിശ്വസിച്ചില്ല.*

36 ദൈവ വചനങ്ങൾ എത്ര നിഗൂഢമാണ്!

*പിന്നെ അവർക്ക് പ്രത്യക്ഷമായിട്ട്...അവരിൽ രണ്ടുപേർ നാട്ടിലേക്കു പോകുമ്പോൾ, അവൻ മറ്റൊരു രൂപത്തിൽ, അവർക്കു പ്രത്യക്ഷനായി.*

*പിന്നെ...പിന്നെ അവർ പോയി ശേഷമുള്ളവരോടു അറിയിച്ചു: അവരുടെ വാക്കും അവർ വിശ്വസിച്ചില്ല.*

*പിന്നത്തേതിൽ പതിനൊരുവർ ഭക്ഷണത്തിന്നിരിക്കുമ്പോൾ അവൻ അവർക്ക് പ്രത്യക്ഷനായി, തന്നെ ഉയിർത്തെഴുന്നേറ്റവനായി കണ്ടവരുടെ വാക്കു വിശ്വസിക്കായ്കയാൽ, അവരുടെ അവിശ്വാസത്തെയും ഹൃദയ കാഠിന്യത്തെയും ശാസിച്ചു.*

*പിന്നെ അവൻ അവരോടു, നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി,...സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ.*

*വിശ്വസിക്കയും സ്നാനം ഏല്ക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും;...വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും.*

*വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ നടക്കും; എന്റെ നാമത്തിൽ അവർ ഭൂതങ്ങളെ പുറത്താക്കും; പുതു ഭാഷകളിൽ സംസാരിക്കും;*

*സർപ്പങ്ങളെ പിടിച്ചെടുക്കും;...മരണകരമായ യാതൊന്നു കുടിച്ചാലും, അവർക്കു ഹാനി വരികയില്ല; രോഗികളുടെ മേൽ കൈവെച്ചാൽ,...അവർക്കു സൌഖ്യം വരും.*

*ഇങ്ങനെ കർത്താവായ യേശു അവരോടു അരുളിച്ചെയ്തശേഷം, സ്വർഗ്ഗത്തിലേക്കു എടുക്കപ്പെട്ടു, ദൈവത്തിന്റെ വലത്തുഭാഗത്തു ഇരുന്നു.*

*അവർ പുറപ്പെട്ടു, എല്ലാടത്തും പ്രസംഗിച്ചു, കർത്താവു അവരോടുകൂടെ പ്രവർത്തിച്ചും, അവരാൽ നടന്ന അടയാളങ്ങളാൽ വചനത്തെ ഉറപ്പിച്ചും പോന്നു. ആമേൻ.*

37 രണ്ട് വാക്കുകളിൽ നിന്ന് ഒരു വിഷയം എടുക്കാൻ ഞാൻ ആഗ്രഹിക്കുന്നു: *പോയി, പറവിൻ.*

38 നിങ്ങൾക്ക് പറയാൻ എന്തെങ്കിലും ഇല്ലെങ്കിൽ പോകുന്നത് വളരെ നല്ല കാര്യമല്ലെന്ന്, നിങ്ങൾക്കറിയാം. ഇന്നത്തെ ഒരുപാട് പ്രശ്നങ്ങളും ഇതു തന്നെ എന്നാണ് ഞാൻ കരുതുന്നത്. നമ്മൾ പറയാൻ പോകുന്നു, പക്ഷേ നമ്മൾ പോയിട്ട് ഒന്നും പറയുന്നില്ല, ആളുകളെ സഹായിക്കുന്ന ഒന്നും ഇല്ല, ജനങ്ങൾക്ക് പ്രയോജനമുള്ള ഒന്നുമില്ല.

39 എന്നാൽ നിയോഗം ലഭിച്ച ഈ ശിഷ്യന്മാരുടെ നിർദ്ദേശങ്ങൾ നമ്മൾ പാലിക്കുകയാണെങ്കിൽ, നമുക്കും അതേ നിയോഗമാണുള്ളത്, "പോയി, ഞാൻ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റു എന്നു എന്റെ ശിഷ്യന്മാരോട് പറയൂ." പോയി ഇത് പറയൂ!

40 അന്ന് അവൻ പറയുന്നു, "പോയി, ഇത് പ്രസംഗിക്കു, ഞാൻ മരിച്ചവരിൽ നിന്ന് ജീവിച്ചിരിക്കുന്നു എന്നതിന്റെ ഈ അടയാളങ്ങൾ കാണിക്കു." എന്തൊരു സന്ദേശം! "പോയി, പറയൂ, പോയി, ഞാൻ മരിച്ചിട്ടില്ല, മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റു, എന്നു നിങ്ങൾ കണ്ട ഈ കാര്യങ്ങൾ എന്റെ ശിഷ്യന്മാരെ കാണിക്കു."

41 ഇന്ന് രാവിലത്തെ പ്രഭാത സന്ദേശത്തിൽ, നമുക്ക് ഓരോരുത്തർക്കും ചെറിയ ചാരക്കുമ്പാരങ്ങളും പരീക്ഷണങ്ങളും ഉണ്ടായിരുന്നു എന്ന് നമ്മൾ കണ്ടെത്തി ചിലപ്പോൾ, നമ്മൾ സുഖ സൗകര്യങ്ങൾക്കായി കാത്തിരുന്ന്, നാം ഉയർന്നു നിൽക്കാൻ ആഗ്രഹിക്കുന്നു. മഹാൻ ഗോത്ര പിതാവായ ഇയ്യോബിന് ഒരു ദർശനം ലഭിച്ചതായി നമ്മൾ കണ്ടു, കാരണം അവർക്ക് അതുവരെ ഒരു ഈസ്റ്റർ ഉണ്ടായിരുന്നില്ല, എന്നാൽ ഈ രാവിലെ സമയത്തെ നാലായിരം വർഷങ്ങൾക്ക് മുമ്പ് അവൻ കണ്ടിരുന്നു. ഒരു ഈസ്റ്റർ, നാലായിരം വർഷം അകലെ അവൻ കണ്ടിട്ട്, തന്റെ കഷ്ടതയിൽ, അവൻ നിലവിളിച്ചു, "എന്നെ വീണ്ടെടുക്കുന്നവൻ ജീവിച്ചിരിക്കുന്നു! അവൻ ഒടുവിൽ, പൊടിമേൽ നിൽക്കുമെന്നു ഞാൻ അറിയുന്നു. ചർമ്മത്തിലെ പുഴുക്കളാൽ എന്റെ ത്വക് ഇങ്ങനെ നശിച്ചശേഷം, അപ്പോഴും ഞാൻ ദേഹസഹിതനായി ദൈവത്തെ കാണും."

42 ഇപ്പോൾ, ഈസ്റ്ററിനു ശേഷം, ദൈവം മനുഷ്യന് ഒരു നിയോഗം നൽകിയതായി നമുക്ക് കാണാം, "പോയി, പറയൂ! നിങ്ങൾ പോയി പറഞ്ഞാൽ, ഇത് നിങ്ങളെ പിന്തുടരും. പോയി പറവിൻ!"

43 ഇപ്പോൾ, ഞാൻ പറഞ്ഞതുപോലെ, പോകുമ്പോൾ, നിങ്ങൾക്ക് എന്തെങ്കിലും പറയാനില്ല എങ്കിൽ, പോകുന്നതു കൊണ്ട്, ഒരു ഗുണവും ചെയ്യില്ല. നിങ്ങൾക്ക് പറയാനായി കിട്ടിയിരിക്കുന്നത് തെറ്റായ സന്ദേശം ആണെങ്കിൽ, പിന്നെ അതും ഒരു ഗുണവും ചെയ്യില്ല. രഹസ്യം എന്താണ് എന്നുള്ളത് പറയാൻ നിങ്ങൾക്ക് കിട്ടിയിരിക്കണം.

44 കുറച്ച് മുമ്പ് ഞാൻ ഒരു പുസ്തകത്തിൽ വായിക്കുകയായിരുന്നു, അതൊരു കൊച്ചു കുട്ടി...ഒരു മത്സരത്തിൽ പ്രവേശിച്ചു. ഈ മത്സരത്തിൽ അവൻ സ്വയം അവനെ ഒരു പ്രശസ്തനാക്കേണ്ടതായിരുന്നു. ഒരു പ്രത്യേക സ്ഥലത്ത് എത്തുന്നതുവരെ ഏതൊരു കൊച്ചു കുട്ടിയും പാസ്‌വേഡ് അവന്റെ മനസ്സിൽ സൂക്ഷിക്കുകയും, അവൻ ഈ പാസ്‌വേഡ് പറയുമ്പോൾ,

ഗേറ്റ് സൂക്ഷിപ്പുകാരൻ അവനെ കടത്തിവിടുകയും ചെയ്യും. അത് ആ കുട്ടിയുടെ മാനസിക വയസ്സും യഥാർത്ഥ വയസ്സും തമ്മിലുള്ള അനുപാതം പരീക്ഷിക്കുന്നതിന് ആയിരുന്നു. അവൻ ആ സ്ഥലത്ത് എത്തുമ്പോൾ, അവനു നൽകിയ പാസ്‌വേഡുകൾ പറയണമായിരുന്നു, ഗേറ്റ് തുറക്കുകയും അവൻ വലിയ ബഹുമതി നേടുകയും ചെയ്യും.

45 ഒരു കൊച്ചുകുട്ടി, വളരെ വേഗതയിൽ ഓടാൻ കഴിയുന്ന കുട്ടി, മത്സരത്തിലെ ബാക്കി എല്ലാ ആൺകുട്ടികളെയും മറികടക്കാൻ അവന് കഴിയുമെന്ന് നന്നായി അറിയാമായിരുന്നു, അല്ലെങ്കിൽ അവനു കഴിയുമെന്ന് അവൻ കരുതിയിരുന്നു. ഓടാനായി, അവൻ ദിവസം തോറും പരിശീലിച്ചിരുന്നു. അവൻ എങ്ങനെ തന്റെ ചെറിയ ശ്വാസകോശം പമ്പ് ചെയ്യും, അവന്റെ ശരീരം ക്രമപ്പെടുത്തിയും, അതിനാൽ അവൻ ഓടുമ്പോൾ അവൻ തളരില്ല. തന്റെ പാദങ്ങളാൽ എങ്ങനെ തുടങ്ങണമെന്നും, ബാക്കിയുള്ള ആൺകുട്ടികളെക്കാൾ മുന്നേറാം എന്നും അവൻ പരിശീലിച്ചു. അവന്റെ ഓട്ടത്തിന്റെ സമയത്ത് അവൻ എങ്ങനെ ശ്വസിക്കണം എന്നും, അവന്റെ ശരീരത്തിലേക്ക് വരുന്ന ഓക്സിജനെ പിടിച്ചു വെയ്ക്കുന്നതിനും, അവനെ തുടർച്ചയായി പമ്പ് ചെയ്യുന്നതിനും, അത് അവന്റെ ഹൃദയത്തെ വളരെയധികം മന്ദഗതിയിലാക്കുകയും ചെയ്യില്ല. അവനു കഴിയുന്ന എല്ലാ കോണുകളിൽ നിന്നും അവൻ അത് പഠിച്ചു.

46 ഓട്ടം തുടങ്ങിയ ആ രാവിലെ, ഒരു നിശ്ചിത പ്രായത്തിലെ, നൂറ്റി അമ്പതിലധികം കൊച്ചു ആൺകുട്ടികൾ അണിനിരന്നു. അവന്റെ പ്രായത്തിൽ, ഈ കൊച്ചു ആൺകുട്ടി നല്ല-ശരീര പ്രകൃതമുള്ളതായിരുന്നു. അവന്റെ പരിശീലനമെല്ലാം അവൻ ഓർത്തിട്ട്. അവൻ തയ്യാറായി. അവർ നിരത്തിലിറങ്ങി, അവരുടെ ചെറിയ മുഖങ്ങൾ ആ—ആ ചരടിന്റെ എതിർ വശത്തേക്ക് വെച്ചു, അവരുടെ ചെറിയ മൂക്ക് അതിനെതിരെ തള്ളി. അതിന്റെ എല്ലാ നിയമങ്ങളും അവൻ പഠിച്ചിട്ട്, അവനെ സ്വയം തയ്യാറാക്കിയിരുന്നു.

47 പിന്നെ തോക്ക് വെടി പൊട്ടിച്ചപ്പോൾ, നിര തകർത്തു കളയുകയും, കൊച്ചു ആൺകുട്ടികൾ മുന്നോട്ട് ചാടാനും തുടങ്ങി. ഈ കൊച്ചുകുട്ടി ശാരീരികമായി ആരോഗ്യമുള്ളവനായിട്ട് ബാക്കിയുള്ളവരെക്കാൾ മുന്നിലേക്ക് ചാടാൻ കഴിവുള്ളവനായിരുന്നു. ഓട്ടത്തിൽ പങ്കെടുക്കുന്ന എല്ലാ ആൺകുട്ടികളെയും മറികടക്കുന്നതു വരെ, പരിശീലനം നേടിയിട്ട്, ഓട്ടക്കളത്തിലൂടെ അവൻ വളരെ വേഗതയിൽ പോയി. ഓ, വളരെ ഒരു നിശ്ചിത സമയത്തിനു ശേഷം, ഒരു നിമിഷമോ അതിൽ

കൂട്ടതലോ, അവൻ അവിടെ എത്തിയിരുന്നു, മറ്റ് ഓട്ടക്കാരിൽ ഏറ്റവും മികച്ചവനായി അവർ ഈ സ്ഥലത്ത് എത്തുന്നതിനു മുമ്പായിരുന്നു.

48 പക്ഷേ, അവന്റെ സകല ശാരീരിക പരിശീലനത്താലും, അവൻ ആ പാസ്‌വേഡ് മറന്നിരുന്നു. അവനെ ഗേറ്റിലൂടെ കടത്തി വിടാൻ, പറഞ്ഞിരുന്ന കാര്യം തന്നെ അവൻ മറന്നിരുന്നു. അവൻ അങ്ങോട്ടും ഇങ്ങോട്ടും ഇരുന്നു, അതു ചിന്തിച്ചു, അവന്റെ മനസ്സിലൂടെ തിരഞ്ഞു നോക്കി. ആ പ്രധാന കാര്യം മറക്കുന്നതു വരെ, അവന്റെ ശരീരത്തിന്റെ പ്രാകൃതവും സ്വാഭാവികവുമായ അവസ്ഥകളിൽ, അവൻ വളരെയധികം താല്പര്യം പ്രാകൃതമായതിൽ കാണിച്ചിരുന്നു. അങ്ങനെ, നിരയിലുള്ള, ചില വളരെ വേഗത്തിൽ ഓടാത്ത ആൺകുട്ടികൾ, പാസ്‌വേഡ് ഓർമ്മിച്ചു വെച്ചിട്ട്, അകത്ത് കടന്നു.

49 അങ്ങനെ തന്നെ ഇത് ഇന്നും! വലിയ ആരാധനാലയങ്ങളും, പള്ളികളും കെട്ടിടങ്ങളും, മറ്റും പണിയുന്നതിലാണ് നമുക്ക് താല്പര്യം. നല്ല കെട്ടിടങ്ങളും നല്ല ആകർഷത്വത്തോടും മികച്ച ഓർഗനുകളുമായി, നമ്മുടെ പള്ളികളെ നല്ലപോലെ അലങ്കിരിക്കുന്നതിലാണ് നമ്മുടെ താല്പര്യം. നമ്മുടെ ദൈവ ദാസന്മാർ നന്നായി പരിശീലനം നേടി... അവർക്ക് ഡോക്ടർ ഡിഎൽ., പിഎച്ച്.ഡി., എൽഎൽ.ഡി. ഡിഗ്രികൾ, എന്നാൽ നാം എന്തിന് ഓടുന്നു എന്ന് നമ്മൾ മറന്നുപോയി. അതാണ് ആ വിഷമം. "പോയി, ഞാൻ മരിച്ചവരിൽ നിന്നും ഉയിർത്തെഴുന്നേറ്റിരിക്കുന്നു ഞാൻ അവരെ ഗലീലെയിൽ വെച്ചു കാണും എന്നു എന്റെ ശിഷ്യന്മാരോട് പറവിൻ." നാം ആ പ്രധാനപ്പെട്ട വാക്ക് മറന്നു പോയി. നമ്മൾ മറ്റ് കാര്യങ്ങളാൽ വളരെ തിരക്കിലായിരുന്നു, നമ്മൾ പ്രധാന വാക്ക് മറക്കുവോളം, വലിയ പള്ളികളും നിർമ്മിച്ചു, വലിയ വിഭാഗീയ സഭകൾ ഉണ്ടാക്കിയും ഇരിക്കുന്നു.

50 വരാനിരിക്കുന്ന കായിക മത്സര പരിപാടിയിലെ ഒരിനത്തിന്റെ തയ്യാറെടുപ്പിന്റെ കാരണം നിരവധി ജീവൻ രക്ഷിക്കപ്പെട്ടു. കുറച്ച് മുമ്പ്, ഫ്ലോറിഡയിൽ വെച്ച്, വാർത്താ പ്രക്ഷേപകനോട് ഞാൻ പറഞ്ഞു, കാലാവസ്ഥ നിരീക്ഷകർ, ഒരു വലിയ കൊടുങ്കാറ്റ് വരുന്ന ഒരു വാർത്താ പ്രക്ഷേപണം അയച്ചിരുന്നു. ഒരു മനുഷ്യൻ ഒരു കോഴി വളർത്തുന്നയാൾ ആയിരുന്ന്, അവൻ തന്റെ അയൽക്കാരന്റെ അടുക്കൽ ചെന്ന് കൊടുങ്കാറ്റ് വരുന്നു എന്നു പറഞ്ഞു. അവൻ അവഗണിച്ചിട്ടു, പറഞ്ഞു, "അസംബന്ധം!" അവൻ പിന്നെയും തുടർന്നുകൊണ്ടിരുന്നു. അവൻ അവന്റെ കോഴികളെ സൂക്ഷിച്ചില്ല. അവൻ പാറയോ മരമോ കൊണ്ട് കുഴിച്ചുണ്ടാക്കിന്ന പാർപ്പിടത്തിലേക്ക് പോയില്ല. അവൻ ഒരു ക്രമീകരണവും

നടത്തിയില്ല. അവന്റെ അയൽക്കാരൻ ആ ക്രമീകരണങ്ങൾ ചെയ്തു. പക്ഷേ, മുന്നറിയിപ്പ് എടുക്കാത്തവന്റെ, അവന്റെ എല്ലാ കോഴികളെയും പറത്തിക്കൊണ്ടു പോയി കൊന്നുകളഞ്ഞു, അവന്റെ വീട് നിലംപരിശായി, അവന്റെ ശേഖരം നഷ്ടപ്പെട്ടു, അവനെ ആശുപത്രിയിലേക്ക് അയച്ചു. എന്തുകൊണ്ടെന്നാൽ നൽകിയ സകല മുന്നറിയിപ്പും ശ്രദ്ധിക്കാതിരുന്നതിനാൽ ആയിരുന്നു! സന്ദേശം നൽകിയിട്ടുണ്ടെന്ന് അവന് അറിയാമായിരുന്നു എങ്കിലും, സന്ദേശത്തെ ശ്രദ്ധിക്കുന്നതിൽ അവൻ പരാജയപ്പെട്ടിരുന്നു.

51 നമ്മുടെ നിരവധി ജനങ്ങളിലേക്കും, നമ്മുടെ പല പള്ളികളിലേക്കും, ഇന്ന് ആ രീതിയാലാണ് ഇത് വന്നിരിക്കുന്നത്. യേശു ക്രിസ്തു ഇന്നലെയും, ഇന്നും, എന്നെന്നേക്കും അനന്യൻ എന്നു ബൈബിൾ പഠിപ്പിക്കുന്നു എന്ന് നമുക്കറിയാം. വിശുദ്ധ യോഹന്നാൻ 14:12-ൽ, യേശു പറഞ്ഞത്, ബൈബിൾ പഠിപ്പിക്കുന്നത് നമുക്കറിയാം, "എന്നിരിക്കിലും, എന്നിൽ വിശ്വസിക്കുന്നവൻ, ഞാൻ ചെയ്യുന്ന പ്രവൃത്തികളും അവനും ചെയ്യും; ഞാൻ പിതാവിന്റെ അടുക്കൽ പോകുന്നതു കൊണ്ട്, ഇതിൽ വലിയതും അവൻ ചെയ്യും." ഇപ്പോൾ മുന്നറിയിപ്പ് എടുക്കാതെയും, ശ്രദ്ധിക്കാതെയും, നമ്മുടെ താല്പര്യം മറ്റു കാര്യങ്ങളിലാണ്. നമ്മൾ ഓടിയിരുന്നു, പക്ഷേ സന്ദേശത്തെ ശ്രദ്ധിച്ചിരുന്നില്ല. നമ്മൾ പോയിരുന്നു, പക്ഷേ നമ്മൾ അവിടെ എത്തുമ്പോൾ എന്തു പറയണമെന്ന് അറിഞ്ഞില്ല.

52 കുറച്ച് ദിവസങ്ങൾക്ക് മുമ്പ് ഈ ലോകത്തിലെ സഭകൾ, ക്രിസ്തീയ സഭകളെ ലജ്ജയിലേക്കും അപമാനത്തിലേക്കും കൊണ്ടുവന്നു, മാന്യനും ശ്രദ്ധേയനും ദൈവ-ഭക്തനുമായ ദാസൻ, ബില്ലി ഗ്രഹാമിനെ, ബൈബിളുമായി മുഖാമുഖം കൊണ്ടുവന്നപ്പോൾ ആയിരുന്നു. അവൻ ഓടിയിരുന്നു, പക്ഷേ ആ സന്ദേശം മറന്നുപോയിരുന്നു; ആ മുഹമ്മദീയൻ നിന്നിട്ട് അവന്റെ മുഖത്ത് നോക്കിക്കൊണ്ട് പറഞ്ഞു, "ഇത് ദൈവ വചനമാണെങ്കിൽ, നിങ്ങൾ അത് പ്രകടമാക്കുന്നത് ഞങ്ങൾ കാണട്ടെ." അദ്ദേഹം നന്നായി ഓടിയിരുന്നു, മഹത്തായ ഉണർവ്വുകൾ, മഹത്തായ കാര്യങ്ങൾ. പക്ഷേ, അത് ആ സ്ഥലത്ത് എത്തിയപ്പോൾ, അദ്ദേഹത്തിനു ആ സന്ദേശം ഇല്ലായിരുന്നു.

53 "ഞാൻ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റു. ഞാൻ ഇന്നലെയും, ഇന്നും, എന്നെന്നേക്കും അനന്യനാകുന്നു." ശാരീരികമായി ഓട്ടുന്നു, മഹത്തായ ആലയങ്ങൾ, നിരവധി അംഗങ്ങൾ, മികച്ച വിഭാഗീയ സഭകൾ, പക്ഷേ അതല്ല മുഖ്യമായ കാര്യം. എന്തു

പിന്തുടരുന്നു എന്നു കാണു, "വിശ്വസിക്കുന്നവരാൻ ഈ അടയാളങ്ങൾ നടക്കും." പോകു, പക്ഷേ എന്തു പറയണമെന്ന് അറിയില്ല.

54 ദൈവം അവന് പറയാനായി എന്തെങ്കിലും കൊടുക്കാതെ അവൻ ഒരിക്കലും ഒരു മനുഷ്യനെയും അയച്ചിട്ടില്ല. ദൈവം എപ്പോഴും തന്റെ വാക്കുകൾ സ്ഥിരീകരിക്കുന്നു.

55 പോകുന്നു, പക്ഷേ നിങ്ങൾ അവിടെ എത്തുമ്പോൾ പറയാൻ കഴിയുന്നില്ല. നിങ്ങളുടെ ഉണർവ്വുകൾ എത്ര വലുതാണെങ്കിലും, നിങ്ങളുടെ സഭ എത്ര വലുതായാലും, അല്ലെങ്കിൽ നിങ്ങളുടെ വിഭാഗീയ സഭ മറ്റുള്ളവരെ എത്രമാത്രം സ്വാധീനിച്ചാലും, നിങ്ങൾക്ക് അവരോട് പറയാനായി എന്തെങ്കിലും ഇല്ലെങ്കിൽ, ഒരു കൂട്ടം ആളുകളെ ഒരു ലോഡ്ജ് പോലെ ഒത്തുകൂടി കിട്ടിയതല്ലാതെ നിങ്ങൾക്ക് എന്താണ് ലഭിച്ചിരിക്കുന്നത്?

56 ലോകത്തോട് പറയാൻ നമുക്ക് ഒരു സന്ദേശം ലഭിച്ചിരിക്കുന്നു, "യേശു ജീവിച്ചിരിക്കുന്നു! അവൻ മരിച്ചിട്ടില്ല!" ആ സന്ദേശത്തെയാണ് ശ്രദ്ധിക്കുന്നത്!

57 ഇപ്പോൾ നമ്മുടെ ഈ മഹത്തായ രാഷ്ട്രത്തിൽ നന്ദിയുള്ളവരായി, അമേരിക്കൻ ഐക്യ നാട്ടിൽ, അതിന്റെ എല്ലാ കുഴപ്പങ്ങളിലും, അതിന്റെ എല്ലാ അശ്ലീലങ്ങളിലും, മോശമായ എല്ലാ ആശയങ്ങളിലും, എന്നിട്ടും ഇത് ലോകത്തിലെ ഏറ്റവും മഹത്തായ രാഷ്ട്രമാണ്, തുടക്കത്തിൽ തന്നെ, അത് ശരിയായി സജ്ജീകരിച്ചിരുന്നു. ഇത് സന്ദേശം കൂടെ കൊണ്ടു പോയിരുന്നില്ല.

58 വർഷങ്ങൾക്കു മുമ്പ്, അത് ശൈശവ അവസ്ഥയിൽ ആയിരുന്നപ്പോൾ, ഒരു കഥ എന്റെ മനസ്സിൽ വരുന്നു, ബ്രിട്ടീഷുകാർ ഈ രാജ്യത്തിന്റെ സ്വതന്ത്ര രാഷ്ട്രങ്ങളുടെ കൂട്ടായ്മ ഏറ്റെടുക്കാൻ പോവുകയായിരുന്നു. അവിടെ ഒരു കൂട്ടം ആളുകൾ തന്നെത്താൻ ഒരുമിച്ചുകൂടി അവർ കർത്തവ്യത്തിലായി, ശ്രദ്ധിക്കുന്നുണ്ടായിരുന്നു. അവിടെ ഒരു കുതിരയെ കൊളിത്തിട്ട് പടിച്ചിരുന്നു, ഒരു സവാരിക്കാരൻ ഏത് നിമിഷവും കയറാൻ തയ്യാറായിരുന്നു. അവനു ആദ്യം കിട്ടിയത് ബ്രിട്ടീഷുകാർ വരുന്നു എന്നതിന്റെ ഒരു അടയാളമായിരുന്നു, അയാൾ തന്റെ കുതിരപ്പുറത്തു കയറി. അവന്റെ കുതിരയോട് ഏതു വഴിക്കു പോകണം എന്നു പറയാൻ അറിയാതിരുന്നാൽ അവന് എന്ത് ഗുണം ചെയ്യും? കുതിരയെ അടിച്ച് ആ പള്ളിയിൽ നിന്ന് ബോസ്റ്റണിലേക്ക് പോകാൻ ശ്രമിക്കുന്നതിൽ അവന് എന്ത് ഗുണം ചെയ്യും, ആളുകളോട് പറയാൻ അവന് ഒരു സന്ദേശമില്ലെങ്കിൽ അവന് എന്ത് ഗുണം ചെയ്യും? സ്വയം അവർക്ക് തയ്യാറാക്കണം എന്നു എങ്ങനെ അറിയാൻ കഴിയും?

59 നമ്മുടെ നൂതന പോൾ റെവേർസ് നന്നായി ഓടി, പക്ഷേ, അവ ഓടുന്നു, അവിടെ ഒരു സന്ദേശമില്ല. ആ മണിക്കൂർ ഇവിടെയാണ്, ഒരു പ്രതിസന്ധി മുന്നിലാണ്! ലോകം അതിന്റെ അവസാനത്തിലാണ്! പള്ളികൾ അവരുടെ മൂർദ്ധന്യത്തിൽ എത്തി. രാഷ്ട്രങ്ങൾ അവരുടെ മൂർദ്ധന്യത്തിൽ എത്തി. മനുഷ്യജീവിതം അതിന്റെ മൂർദ്ധന്യത്തിൽ എത്തി. ശാസ്ത്രം അതിന്റെ മൂർദ്ധന്യത്തിൽ എത്തി. നമ്മൾ വലിയ പള്ളികൾ സംഘടിക്കപ്പെട്ട്, നമ്മുടെ പ്രാസംഗികരെ മിനുക്കി ശാരീരികമായി ഒരുമിച്ച് നിർത്തി, അവരുടെ ക്രിയകളും ക്രിയാപദങ്ങളും എങ്ങനെ ഉപയോഗിക്കാമെന്ന് അവർക്കറിയാം, അവരുടെ ശബ്ദം—അവരുടെ സ്വരാക്ഷരങ്ങളെല്ലാം, ജനങ്ങളുമായി ബന്ധപ്പെടുന്നതിന്, മനഃശാസ്ത്രത്താൽ എല്ലാം ശരിയാണ്. എന്നാൽ യേശു പറഞ്ഞത് അതല്ല!

60 "എന്റെ നാമത്തിൽ അവർ ഭൂതങ്ങളെ പുറത്താക്കും. അവർ പുതു ഭാഷകളിൽ സംസാരിക്കും. മാരകമായ ഒരു സർപ്പം അവരെ കടിച്ചാലും, അത് അവർക്ക് ഹാനി വരുത്തില്ല. രോഗികളുടെ മേൽ കൈ വെച്ചാൽ, അവർക്ക് സൌഖ്യം വരും." ലോകത്തിന് ഒരു സന്ദേശമുള്ള ഒരു സന്ദേശ വാഹകനെ ആവശ്യമുണ്ട്, എന്തെങ്കിലും പറയാൻ, സന്ദേശം എവിടെ നിന്ന് വരുന്നു എന്നും അത് ആരിൽ നിന്നു വരുന്നു എന്നും അറിയാൻ.

61 പോൾ റെവെറെ, അവൻ തന്റെ കുതിരപ്പുറത്ത് കയറിയപ്പോൾ, ഒരു ധീരനായ മനുഷ്യൻ, ചരിത്രമുള്ള ഒരു രാഷ്ട്രം ഉള്ളടത്തോളം കാലം ചരിത്രത്തിൽ ഉണ്ടാകാൻ പോകുന്ന ഒരു മനുഷ്യൻ. പള്ളിയുടെ പടികളിൽ നിന്ന്, ദരിദ്രർ മുതൽ ധനികർ വരെ, എല്ലാവരെയും ഭയപ്പെടുത്തുന്ന ഒരു സന്ദേശവുമായി അദ്ദേഹം ആ ശ്രദ്ധേയമായ യാത്ര നടത്തി, കൃഷിക്കാരൻ മുതൽ വ്യവസായി വരെ, "ബ്രിട്ടീഷുകാർ വരുന്നു!" നിമിഷ നേരത്തിനുള്ളിൽ ആക്രമം നടത്താൻ തയ്യാറായി നിന്നിരുന്നവർ ആക്രമണത്തിന് തയ്യാറായി. ഈ മഹത്തായ രാഷ്ട്രം രക്ഷപ്പെട്ടു.

62 ഈ ദൈവത്തിന്റെ പൈതൃകം, ദൈവം മരിച്ചത് ഈ ജനങ്ങൾക്ക് വേണ്ടിയാണെങ്കിൽ, അവന്റെ നാമം വിളിച്ചിരിക്കുന്ന സഭ ഇതാണെങ്കിൽ, എന്നേക്കും രക്ഷിക്കപ്പെടേണ്ടതാണ്, ഈ ദിവസത്തെ വെല്ലുവിളിയെ നേരിടാൻ, നമുക്ക് സിംഹാസനത്തിൽ നിന്ന് ഒരു സന്ദേശമുള്ള ഒരു സന്ദേശ വാഹകനെ വേണം. ഒരു ഗോലിയാത്ത് ഉണ്ട്, എന്നാൽ ദൈവത്തിന് തീർച്ചയായും എവിടെയെങ്കിലും ഒരു ദാവീദും ഉണ്ടായിരിക്കും. നമുക്ക് ആ സന്ധിക്കുന്നവനെ

കണ്ടുമുട്ടേണ്ടതുണ്ട്. നമുക്ക് ഒന്ന് ഉണ്ടായിരിക്കണം...നമുക്ക് ഒരു സന്ദേശം ലഭിക്കേണ്ടതുണ്ട്.

63 നമ്മൾ പോകുന്നു, പക്ഷേ പറയാൻ ഒന്നുമില്ല. യേശു ക്രിസ്തുവിനെ ദൈവ പുത്രനാണെന്ന് നിഷേധിക്കുന്ന ഒരു രാഷ്ട്രത്തിലോ ജനതയോ ഉള്ള ഒരു സ്ഥലത്ത് നാം വരുമ്പോൾ, ഇത് അത് തെളിയിക്കുന്നു, ഇന്നത്തെ നമ്മുടെ ഏറ്റവും വെല്ലുവിളിക്കുന്ന ദൈവ ദാസന്മാരുടെ മുന്നിൽ അതു നിൽക്കുന്നു. പിന്നെ നമ്മുടെ മഹത്തായ സഭാ സമിതിയിൽ, ഇരുപതോ മുപ്പതോ വർഷം മുമ്പ് കമ്മ്യൂണിസ്റ്റുകാർ പേപ്പറുകൾ പൊതിഞ്ഞു കെട്ടുന്നതായി കണ്ടെത്തി, നമ്മുടെ സഭാ സമിതിയിലെ, പള്ളികളിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ അംഗങ്ങളാണ് അവർ. നമുക്ക് എന്ത് ചെയ്യാൻ കഴിയും? സന്ദേശമില്ലാതെ അവർ ഓടിയതായി ഇത് കാണിക്കുന്നു; രാജ്യത്തിന്റെ ജന്മാവകാശത്തെ തന്നെ വിറ്റുകളയുക, സഭയുടെ പതിവ് ജന്മാവകാശത്തെ വിറ്റുകളയുക.

64 ഇതെല്ലാം ഒരു പ്രദർശനത്തിൽ എത്തിയിരിക്കുന്നു. രണ്ട് കാലുകളിലും നിന്നുകൊണ്ട്, സന്ദേശം വിശ്വസിക്കുന്ന ഒരു സ്ഥലത്ത് എത്തിയ ഒരു ചെറിയ സഭ, അവരുടെ കണ്ണുകൾ കുരിശിലേക്ക് കേന്ദ്രീകരിച്ചിരിക്കുന്നു, അവരുടെ ഹൃദയത്തിൽ യേശു ക്രിസ്തുവിന്റെ പുനഃരുത്ഥാനം, കത്തുന്നു! ഇത് രാഷ്ട്രങ്ങൾ തിരിച്ചറിയേണ്ട ഒരിടത്തേക്ക് എത്തിയിരിക്കുന്നു. ഇത് ഒരു ബലപരീക്ഷണമാണ്. അതിശയിക്കാനില്ല സഭകൾ...സഭകളുടെ സമിതികൾ, അത് കമ്മ്യൂണിസ്റ്റുമായി നുഴഞ്ഞു കയറി അടിത്തറ തോണ്ടിയിരിക്കുന്നു, അമാനുഷികതയിൽ അവർക്ക് വിശ്വസിക്കാൻ കഴിയാത്തതിൽ അതിശയിക്കാനില്ല. അവർക്ക് ദിവ്യ രോഗശാന്തിയിൽ വിശ്വസിക്കാൻ കഴിയാത്തതിൽ അതിശയിക്കാനില്ല; അവർ എത്ര കഠിനമായി ഓടുന്നുണ്ടെങ്കിലും, അവരുടെ ഹൃദയത്തിൽ ഒരു സന്ദേശവുമില്ല.

65 പരിശുദ്ധാത്മാവ് ഒരു മനുഷ്യന്റെ ഹൃദയത്തിൽ വന്നാൽ, യേശു ക്രിസ്തു മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റു എന്നു അവൻ വിശ്വസിക്കും, അവൻ അവനിൽ ജീവിച്ചിരുന്ന്, ചെയ്യാനും, അവൻ വന്നു ചെയ്യാൻ ആഗ്രഹിക്കുന്ന ഇഷ്ടം ചെയ്യാനും; ഇഷ്ടം, മനുഷ്യന്റെ ജീവിതത്തിലൂടെ ദൈവ ഇഷ്ടം ചെയ്യുക.

66 പക്ഷേ, കുഴപ്പം, നമ്മൾ ഓടുന്നു, ഒരു സന്ദേശമില്ലാതെ നമ്മൾ പോകുന്നു. നാം മതതത്വ വേദശാസ്ത്രവുമായി പോകുന്നു. തിരുവെഴുത്തുകളുടെ ഒരു സഭാ വ്യാഖ്യാനവുമായി നമ്മൾ പോകുന്നു.

67 നമുക്ക് പുനഃരുത്ഥാനത്തോടൊപ്പം പോകേണ്ടതുണ്ട്! "പോയി, ഞാൻ ഒരു പുതിയ സഭ സംഘടിപ്പിക്കുമെന്ന് എന്റെ ശിഷ്യന്മാരോട്

പറവിൻ എന്നാണോ”? അല്ല സർ! “പോയി, ഞാൻ ആയിരിക്കും എന്നു ഞാൻ പറഞ്ഞതു പോലെ, ഞാൻ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റു എന്നു എന്റെ ശിഷ്യന്മാരോട് പറവിൻ.” അത് യേശു മരിച്ചിട്ടില്ല, എന്നുള്ളതാണ് ഇന്ന് രാവിലെ സഭയ്ക്കുള്ള സന്ദേശം. അവൻ ജീവിച്ചിരിക്കുന്നു, അവൻ എന്നും ആയിരുന്നതു പോലെ ഇന്നും മഹാനും ശക്തനുമാകുന്നു.

68 തയ്യാറാക്കുന്നതിന്, നമുക്ക് നിരവധി മുന്നറിയിപ്പിന്റെ സന്ദേശങ്ങൾ ഉണ്ടായിരുന്നു, പോൾ റെവെറെയും മറ്റ് മഹാന്മാരും, മഹത്തായ യുദ്ധങ്ങളും കൊടുങ്കാറ്റുകളും, മറ്റും.

69 പിന്നെ, ദൈവം ഒരു ആശ്വാസ സന്ദേശവും, കൂടെ അയയ്ക്കുന്നു. ഇത് ഒരു ആശ്വാസ സന്ദേശമായിരുന്നു.

70 കുറച്ചു കാലം മുമ്പ്, അവർക്ക് തെക്ക് അടിമത്തം ഉണ്ടായിരുന്നപ്പോൾ, ബോയേഴ്സിനെ ദക്ഷിണാഫ്രിക്കയിൽ നിന്ന് സ്വദേശത്തേക്ക് കൊണ്ടു വന്നിട്ട്, ഇന്ന്, നമ്മൾ വിളിക്കുന്നത് എന്താണ്, “നിറക്കാരായ മനുഷ്യൻ.” അവരിൽ നിന്നും അടിമകളെ ഉണ്ടാക്കാനായി, അവർ അവരെ ഇവിടെ കൊണ്ടുവന്ന് തെക്കെ അമേരിക്കക്കാർക്ക് വിറ്റിരുന്നു.

71 ഇന്ന് ആഫ്രിക്കയിൽ ഇതിനെക്കുറിച്ച് വലിയ വിപ്ലവങ്ങളും, കൊലപാതകങ്ങളും, അങ്ങനെയുള്ളതും മറ്റും, നടന്നുകൊണ്ടിരിക്കുന്നു. അവർ അവരുടെ സ്വാതന്ത്ര്യത്തിനായി പോരാടുകയാണ്. അതിനായി പോരാടാൻ അവർക്ക് ഒരു അവകാശമുണ്ട്. ദൈവം മനുഷ്യനെ സൃഷ്ടിച്ചു; മനുഷ്യൻ അടിമകളെ സൃഷ്ടിച്ചു. അത് ഒരിക്കലും ഉദ്ദേശിച്ചിട്ടില്ല.

72 കുറച്ച് വർഷങ്ങൾക്ക് മുമ്പ്, ഞാൻ ഒരു പ്രവർത്തന രംഗത്തോ, സ്പഷ്ടമാക്കിയാൽ, അതോ ഒരു വലിയ മ്യൂസിയത്തിലോ ആയിരുന്നു. ഞാൻ കലയെ അഭിനന്ദിക്കുന്നതിനാൽ, ഞാൻ വ്യത്യസ്ത ചിത്രങ്ങളും കാര്യങ്ങളും നോക്കിക്കൊണ്ട്, ചുറ്റും നടക്കുകയായിരുന്നു. ദൈവം കലയിൽ ഉണ്ടെന്നു ഞാൻ കരുതുന്നു. ഞാൻ മുകളിലേക്ക് നടക്കുമ്പോൾ, അവിടെ ഒരു വൃദ്ധനായ നീഗ്രോക്കാരൻ ഉണ്ടായിരുന്നത് ഞാൻ ശ്രദ്ധിച്ചു, അദ്ദേഹം നന്നേ വൃദ്ധനായിരുന്നിട്ട്, അദ്ദേഹത്തിന്റെ തോളുകളിൽ കൂനുണ്ടായിരുന്നു, അവന്റെ തലയുടെ പിൻഭാഗത്ത് വൃത്താകൃതിയിൽ കുറച്ചു ചെറിയ മുടിയുണ്ടായിരുന്നു. അദ്ദേഹം തന്റെ തൊപ്പി ധരിച്ചിരുന്നു. അദ്ദേഹം ചുറ്റിനും നടന്നിരുന്നു, ആ രീതിയിൽ ആയിട്ട്, ചുറ്റിനും നോക്കിയിരുന്നു, അദ്ദേഹം മ്യൂസിയത്തിൽ എന്തോ ചിലത് കാണുകയോ തിരയുകയോ

ചെയ്യുന്നതുപോലെ ആയിരുന്നു. ഞാൻ പുറകോട്ട് നിന്നു കുറച്ചു നേരം അദ്ദേഹത്തെ നിരീക്ഷിച്ചു.

73 കുറച്ചു കഴിഞ്ഞപ്പോൾ അദ്ദേഹം അവിടെ ഒരു ചെറിയ പെട്ടിയുടെ അടുത്ത് എത്തി. അദ്ദേഹം അതിലേക്ക് നോക്കി, പിന്നെ അദ്ദേഹം അമ്പരന്നിട്ട്, അദ്ദേഹത്തിന്റെ കണ്ണുകൾ തിളങ്ങാൻ തുടങ്ങി. അദ്ദേഹം പെട്ടിയിൽ നിന്ന് ഒരു നിമിഷത്തിൽ പിന്നിലേക്ക് ചാടി, തന്റെ ചെറിയ ദ്വാരമുള്ള തൊപ്പി എടുത്തു, അതിനെ തന്റെ കൈയ്യിൽ പിടിച്ചു. ഞാൻ അദ്ദേഹത്തെ ശ്രദ്ധിച്ചു കൊണ്ടിരുന്നു. അദ്ദേഹം ആ പഴയ കറുത്ത തല കുനിക്കുമ്പോൾ, അദ്ദേഹത്തിന്റെ കവിളുകളിലൂടെ കണ്ണുനീർ തുള്ളിത്തുള്ളിയായി വീഴാൻ തുടങ്ങി. കുറച്ചു നേരം, ഞാൻ അദ്ദേഹത്തെ അത്ഭുതത്തോടെ നോക്കി.

74 പിന്നെ ഞാൻ ചിന്തിച്ചു, “ആ വയസ്സായ വ്യക്തി എന്തിനെക്കുറിച്ചാണ് ആവേശഭരിതനായിരിക്കുന്നത് എന്ന് ഞാൻ കണ്ടുപിടിക്കും.” ഞാൻ ഈ ഭാഗത്തു കൂടെ ചുറ്റി ചെന്നപ്പോൾ, അവിടെ ഒരു വസ്തം പോലെ ഒന്നു കിടക്കുന്നതു ഞാൻ കണ്ടു.

75 ഞാൻ അവിടെ നിന്നുകൊണ്ട് അദ്ദേഹത്തെ നോക്കി. പിന്നെ ഞാൻ നടന്നു ചെന്നു, ഞാൻ ചോദിച്ചു, “അമ്മാവാ, നിങ്ങൾക്ക് എങ്ങനെയുണ്ട്?”

അദ്ദേഹം പറഞ്ഞു, “നിങ്ങൾക്ക് എങ്ങനെയുണ്ട്, സർ.”

76 ഞാൻ പറഞ്ഞു “ഞാൻ ഒരു ദൈവ ദാസനാണ്. ഈ സ്ഥലത്ത് നിങ്ങൾ പ്രാർത്ഥിക്കുന്നത് കണ്ട് ഞാൻ അത്ഭുതപ്പെട്ടു പോയി.” ഞാൻ പറഞ്ഞു, “നിങ്ങൾ ഒരു ക്രിസ്ത്യാനിയാണെന്ന് ഞാൻ കരുതുന്നു.”

അദ്ദേഹം പറഞ്ഞു, “ഞാൻ ആകുന്നു, സർ.”

ഞാൻ പറഞ്ഞു, “എന്താണ് നിങ്ങളെ ഇത്രയധികം ആവേശം കൊള്ളിച്ചത്?”

77 അദ്ദേഹം പറഞ്ഞു, “ഇവിടെ വരൂ.” ഞാൻ വൃദ്ധനോടൊപ്പം, അവിടേക്ക് നടന്നു ചെന്നു. അദ്ദേഹം പറഞ്ഞു, “നിങ്ങൾ ആ വസ്തം കാണുന്നോ?”

ഞാൻ പറഞ്ഞു, “അതെ, സർ.”

അദ്ദേഹം പറഞ്ഞു, “അവിടെയുള്ള ആ സ്ഥലം നിങ്ങൾ കാണുന്നോ?”

ഞാൻ പറഞ്ഞു, “അതെ, സർ.”

പറഞ്ഞു, “നിങ്ങളുടെ കൈ എന്റെ വശത്തു വയ്ക്കു.”

ഞാൻ പറഞ്ഞു, “എന്തൊരു പരുക്കൻ സ്ഥലമാണ് ഇത്?”

78 അദ്ദേഹം പറഞ്ഞു, "ഒരു നാൾ, ഒരു അടിമ ബെൽറ്റ് അവിടെ ചുറ്റിയിരുന്നു. *അത്* അബ്രഹാം ലിങ്കന്റെ രക്തമാണ്." അവൻ പറഞ്ഞു, "അവന്റെ രക്തം എന്നിൽ നിന്ന് അടിമ ബെൽറ്റ് എടുത്തുകളഞ്ഞു." പറഞ്ഞു, "അത് നിങ്ങളെയും കൂടെ, ആവേശം കൊള്ളിക്കുന്നില്ലേ?"

79 ഞാൻ അമ്പരപ്പോടെ അവിടെ നിന്നു. ഞാൻ ചിന്തിച്ചു, "അബ്രഹാം ലിങ്കന്റെ രക്തം, ഒരു അടിമയെ അവനിൽ നിന്ന് ഒരു അടിമ ബെൽറ്റ് എടുത്തതിന് ഉത്തേജിപ്പിച്ച്—ഉത്തേജിപ്പിച്ചെങ്കിൽ, ഇവിടെയുള്ള റോസെല്ലയെപ്പോലുള്ള ഒരു ജനത്തോട് യേശു ക്രിസ്തുവിന്റെ രക്തം എന്തു ചെയ്യണം, അത് മദ്യപാനത്തിന്റെ ഒരു അടിമത്തം ആയിരുന്നു; ദയനീയമായി, അധമനായി, എനിക്കായി മരിക്കുന്നു?" അവൻ എന്റെ ഹൃദയത്തിൽ നിന്ന് പാപത്തിന്റെ അടിമത്ത ബെൽറ്റ് എടുത്തു മാറ്റി. ഇത് ഒരു മനുഷ്യനെ ആവേശം കൊള്ളിക്കേണ്ടതല്ലേ? അവനെ വ്യത്യസ്തനാക്കാൻ ഇത് കാരണമാക്കണ്ടേ? അവൻ അതിനെക്കുറിച്ച് ചിന്തിക്കുമ്പോൾ അവനു ബഹുമാനം ഉണ്ടാക്കേണ്ടതല്ലേ? യേശു ആ വൃക്ഷത്തിൽ നിങ്ങളുടെ ജീവൻ വീണ്ടെടുത്തു എന്ന് അറിയുമ്പോൾ, കഠിനതയോടും കൂടെ, തല കുനിക്കാതെ നിങ്ങൾക്ക് ഒരു മരത്തെ നോക്കാൻ കഴിയില്ല.

80 അടിമകളുമായി, നമ്മുടെ ചിന്തയെ, നമ്മൾ തുടർന്നു കൊണ്ടിരിക്കുമ്പോൾ, ഒരു നിമിഷം. ഒരു പ്രഖ്യാപനം ഉണ്ടായിരുന്നു, വിമോചനത്തിന്റെ പ്രഖ്യാപനം, അതു ഒപ്പിട്ടു കഴിഞ്ഞിരുന്നു, ഒരു പ്രത്യേക ദിവസം അടിമകൾ സ്വതന്ത്രരാകാൻ പോകുന്നു. നിങ്ങൾക്ക് അറിയില്ല, ഓ, നിങ്ങൾ ഒരിക്കലും ക്രിസ്തുവിനെ സന്ധിച്ചിട്ടില്ല എങ്കിൽ, ആ അടിമകൾക്ക് എന്ത് അർത്ഥമാക്കുന്നു എന്ന് നിങ്ങൾക്ക് അറിയാൻ കഴിയില്ല. അത് പോയപ്പോൾ, ദേശത്തിൽ ഉടനീളം ആ സന്ദേശം പോയി, അതായത്, "ഇന്ന-ഇന്ന ഒരു ദിവസം, പകൽ നേരം, നിങ്ങൾ സ്വതന്ത്രരാകും. നിങ്ങൾ സ്വതന്ത്രനാകാൻ പോകുന്നു. നിങ്ങൾക്ക് ഇനിയും അടിമയും ബെൽറ്റ് ധരിക്കേണ്ടതില്ല, മാത്രമല്ല നിങ്ങൾക്ക് ഇനിയും ചമ്മട്ടി അടിയും കിട്ടില്ല. എന്നാൽ നിങ്ങൾ സ്വതന്ത്രനാണ്, നിങ്ങൾ ഈ മഹത്തായ അമേരിക്കൻ ഐക്യനാട്ടിലെ ഒരു പൌരനാണ്. ഒരു പ്രത്യേക-പ്രത്യേക പ്രഭാതത്തിലെ പകൽ വെളിച്ചത്തിനു ശേഷം, നിങ്ങൾ ഇനിയും അടിമയല്ല." ഓ, വലിയ പ്രതീക്ഷയോടെ അവർ കാത്തിരുന്നു.

81 പാപിക്ക് അത് കാണാൻ മാത്രം കഴിഞ്ഞെങ്കിൽ! ആ പാപി യഥാർത്ഥ സുവിശേഷം മാത്രം കേട്ടിരുന്നെങ്കിൽ! ഒരു സഭയിൽ ചേരുന്നതിലല്ല, സുവിശേഷം പ്രസംഗിക്കുന്നതിനാൽ, നിങ്ങൾക്ക്

പാപത്തിൽ നിന്ന് മുക്തരാകാം, അതിനാൽ നിങ്ങളുടെ രോഗത്തിൽ നിന്ന് മുക്തരാകാം. “ഒരു ഇന്ന-ഇന്ന സമയത്ത്,” ആ സമയത്താണ് നിങ്ങൾ അത് വിശ്വസിക്കുന്നത്.

82 നിങ്ങൾ അറിയുന്നതുപോലെ, ആ അടിമകൾ അത്തരത്തിലെ പ്രതീക്ഷയാൽ വളരെ ആവേശഭരിതരായി, അവർ സ്വതന്ത്രരാകാൻ ഇരുന്ന ആ സമയത്തിനായി കാത്തിരുന്നു, ഒരു കുന്നിന്റെ അടിവാരത്ത് അവർ ഒത്തുകൂടി, വരുവോളം ആയിരുന്നു, എന്ന് അവർ എന്നോടു പറഞ്ഞു, അമ്മമാരും ചെറിയ കുട്ടികളും, എല്ലാവരും ഒത്തുകൂടി, ചില വൃദ്ധരും ഉണ്ടായിരുന്നു. ഏകദേശം അർദ്ധ രാത്രിയോടെ, അവർ കുന്നിന്റെ മുകളിൽ കയറി. പകൽ സൂര്യൻ ഉദിക്കുമ്പോൾ, അവർ സ്വതന്ത്രരാകും എന്നു അവർ അറിഞ്ഞിരുന്നു. കുന്നിന്റെ മുകളിൽ നിന്നും സൂര്യന് പ്രകാശം കൊടുക്കാൻ ഒരു നിമിഷത്തിന്റെ പകുതിയും എടുക്കില്ല, എന്നാൽ അവരിൽ ചിലർ കുന്നിന്റെ മുകളിലായിരുന്ന്, ശ്രദ്ധിച്ചു, നോക്കിയിരുന്നു. “ഓ, സൂര്യൻ ഉദിക്കുമ്പോൾ ഞങ്ങൾ സ്വതന്ത്രരാകും.” അത് എസ്-ഒ-എൻ...അഥവാ, എസ്-യു-എൻ ആയിരുന്നു.

83 എന്നാൽ ഈ ദിവസങ്ങളിൽ ഒന്നിൽ എസ്-ഒ-എൻ ഉദിക്കുമ്പോൾ! ആയിരത്തി തൊള്ളായിരം വർഷങ്ങൾക്ക് മുമ്പ് എസ്-ഒ-എൻ ഉദിച്ചപ്പോൾ, അവൻ സകല അടിമ ബെൽറ്റുകളെയും തകർത്തു, അവൻ സകല ബന്ധിതരെയും മോചിപ്പിച്ചു, അവൻ എല്ലാ രോഗങ്ങളെയും സൌഖ്യമാക്കി, ബന്ധനത്തിൽ ആയരുന്നവർക്ക് അവൻ സ്വാതന്ത്ര്യം നൽകി. നാം എങ്ങനെ കയറി കാണേണം!

84 സൂര്യൻ പതുക്കെ ഒളിഞ്ഞു നോക്കിയപ്പോൾ, ആദ്യം, ഏറ്റവും ഉയരത്തിലുള്ള ആ മനുഷ്യൻ, അത് കണ്ടു, അവൻ താഴത്തുള്ള അടുത്ത മനുഷ്യനോടു നിലവിളിച്ചു; “നമ്മൾ സ്വതന്ത്രരാണ്!” അടുത്തയാൾ കുന്നിന്റെ പിന്നെയും താഴെയുള്ള മനുഷ്യനോട് നിലവിളിച്ചു, “നമ്മൾ സ്വതന്ത്രരാണ്!” അത് ക്യാമ്പിലേക്ക് വരുന്നതുവരെ, “നമ്മൾ സ്വതന്ത്രരാണ്!” കാരണം, സൂര്യൻ ഉദിച്ചിരിക്കുന്നു, അവർ കാത്തിരുന്നു, കാത്തിരുന്നു, ആ മണിക്കൂറിനായി കാത്തിരിക്കുകയായിരുന്നു.

85 ഇന്നും, ദൈവത്തിന്റെ എസ്-ഒ-എൻ-നായി, നാം എത്രമാത്രം കാത്തിരിക്കണം. നാം പാപത്തിൽ നിന്ന് മുക്തരാണ്. നാം ചങ്ങലകളിൽ നിന്ന് മുക്തരാണ്. നാം ശീലങ്ങളിൽ നിന്ന് മുക്തരാണ്. നാം പുകവലി, മദ്യപാനം, മത്സരിച്ചു കുടിക്കുന്നതിൽ നിന്നും മുക്തരാണ്, എന്തുകൊണ്ടെന്നാൽ ദൈവത്തിന്റെ എസ്-ഒ-എൻ കല്ലറയിൽ നിന്നു ഉയിർത്തെഴുന്നേറ്റ് ഓരോ ബന്ധനവും തകർത്തിരിക്കുന്നു. എല്ലാ

ശിക്ഷാവിധികളും ഇല്ലാതായിരിക്കുന്നു! കടം തീർത്തു കഴിഞ്ഞിരിക്കുന്നു. പിഴ അടച്ചു കഴിഞ്ഞിരിക്കുന്നു. പാപങ്ങൾ കഴുകി കളഞ്ഞിരിക്കുന്നു, നമ്മൾ സ്വതന്ത്രരാണ്. ഓ, നമ്മൾ സ്വതന്ത്രരായ, ജനങ്ങളാണ്! അടിമത്തം? സ്വാതന്ത്ര്യം, ദൈവ പുത്രൻ തന്റെ ചിറകിൻ കീഴിൽ രോഗോപശാന്തിയോടെ ഉദിക്കുമ്പോൾ!

86 ഒരു നാൾ അവൻ സിംഹാസനത്തിൽ നിന്ന് എഴുന്നേറ്റ്, ഭൂമിയിലേക്ക് തിരികെ വരും. അപ്പോൾ നാം എല്ലാ വേദനകളിൽ നിന്നും എല്ലാ പ്രലോഭനങ്ങളിൽ നിന്നും മുക്തരാകും, അവനോടു കൂടെ എന്നേക്കും വസിക്കുന്നതിനായി, എല്ലാ മർത്യ വേദനകളിൽ നിന്നും മർത്യ ജീവനുമായി പോകുന്ന കാര്യങ്ങളിൽ നിന്നും മുക്തരാകുന്നു. നമ്മൾ സ്വതന്ത്രരാകും. “പോയി പറവിൻ,” ആ കാര്യമാണ് ചെയ്യേണ്ടത്.

87 ബൈബിൾ കാലത്ത്, അവിടെ ഒരു യോവേൽ സംവത്സരം ഉണ്ടായിരുന്നു. അവർ അടച്ചു തീർക്കാനുള്ള കുടിശ്ശിക കടങ്ങൾക്കായി ജനങ്ങളെ വിറ്റിരുന്നു. അവർ കുടിശികയ്ക്കായി കടപ്പെട്ടിട്ട് അവർക്ക് അത് അടയ്ക്കാൻ കഴിഞ്ഞിരുന്നില്ല, അതിനാൽ അവർ പോയി അടിമകളായി അവരെ, ആളുകൾക്ക് വിറ്റിരുന്നു. അവരുടെ ജീവിതകാലം മുഴുവൻ, അവരുടെ അടിമയായി, ബന്ധനത്തിലെ അടിമ ആയിരിക്കണം. എന്നാൽ, ഓരോ പ്രാവശ്യവും, അവിടെ കൃപയുടെ ഒരു ദിവസം വന്നിരുന്നു, അതിനെ യോവേൽ സംവത്സരം എന്നറിയപ്പെടുന്നു. യോവേൽ സംവത്സരം വന്നപ്പോൾ, അവിടെ നിന്നും ഒരു പുരോഹിതൻ പുറപ്പെട്ടു പോയി കാഹളം മുഴക്കിയിരുന്നു. ആ കാഹളം ഓരോ അടിമയേയും സൂചിപ്പിച്ചിരിക്കുന്നു, അവൻ എത്ര കാലം സേവിച്ചിരുന്നു എന്നോ ഇനിയും എത്ര കാലം സേവിക്കണം എന്നോ കാര്യമില്ല, ആ കാഹളം മുഴങ്ങിയപ്പോൾ, അത് ആ അടിമയെ സ്വതന്ത്രനാക്കി. അവന് കൈക്കോട്ട് താഴെയിട്ട് അവന്റെ മക്കളുടെ അടുക്കൽ വീട്ടിലേക്ക് പോകാം. അവന് ഇനിയും ജോലി ചെയ്യേണ്ടതില്ല, കാരണം യോവേൽ സംവത്സരം മുഴക്കിയപ്പോൾ അവൻ സ്വതന്ത്രനായി. ആ കാഹളം ഒരു തെളിവില്ലാത്ത ശബ്ദമല്ല നൽകിയത്, പക്ഷേ അത് ഒരു തെളിവായ ശബ്ദം നൽകി. ആ മനുഷ്യന് തന്റെ ഉപകരണത്തെ ഉപേക്ഷിച്ച്, അടിമത്തത്തിൽ നിന്ന് സ്വതന്ത്രമായി വീട്ടിലേക്ക് പോകാം.

88 ഇന്ന് രാവിലെ, ബൈബിൾ പറയുന്നു, “കാഹളം ഒരു തെളിവില്ലാത്ത നാദം കൊടുത്താൽ, എന്തു ചെയ്യണമെന്ന് ആർക്ക് അറിയാനാകും?” യേശു ക്രിസ്തു മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റു എന്ന് ബൈബിൾ പഠിപ്പിച്ചെങ്കിൽ, അവൻ ഇന്നലെയും, ഇന്നും,

എന്നെന്നേക്കും അനന്യനായി, ഇന്ന് നാം കേൾക്കുന്ന കാഹളം മുഴക്കികൊണ്ട് നാദം കൊട്ടുക്കുന്നു, “അത്ഭുതങ്ങളുടെ ദിവസങ്ങൾ കഴിഞ്ഞു പോയി, ദിവ്യ രോഗശാന്തി എന്നൊന്നില്ല,” അവർക്ക് സ്വയം തയ്യാറാകണം എന്നു ആർക്ക് അറിയാൻ കഴിയും?

89 ഇന്ന് നമുക്ക് വേണ്ടത് എന്തെന്നാൽ ദൈവത്തിൽ നിന്നുള്ള അഭിഷിക്തരായ ദൂതന്മാരെയാണ്! “അവൻ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റു! അവൻ ഇന്നലെയും, ഇന്നും, എന്നെന്നേക്കും അനന്യനാണ്!” അതാണ് ഇന്നത്തെ സന്ദേശം.

90 ഓ, മികച്ച സന്ദേശങ്ങൾ ഉണ്ടായിരുന്നു, പക്ഷേ ഈസ്റ്റർ അവയെല്ലാം മൂടിക്കളഞ്ഞു! മികച്ച സന്ദേശങ്ങൾ; അത് എല്ലാമായി ഈസ്റ്റർ ആയിരുന്നു! മരിച്ചപ്പോൾ...അവസാന ശത്രുവായി അതിനു ഒരുക്കങ്ങൾ നടത്തിയിട്ട്...പഴയ നിയമത്തിൽ രോഗം ഭേദമാകുന്നത് നാം കണ്ടിട്ടുണ്ട്. പഴയ നിയമത്തിൽ അത്ഭുതങ്ങൾ ചെയ്യുന്നത് നാം കണ്ടിട്ടുണ്ട്. പഴയ നിയമത്തിൽ ദർശനങ്ങൾ ഉണ്ടായിരുന്നു. എന്നാൽ ഓരോ മനുഷ്യനും നേരെ കല്ലറയിലേക്ക് പോയി, അവൻ എപ്പോഴെങ്കിലും ഉയിർത്തെഴുന്നേൽക്കുമോ എന്ന് ആശ്ചര്യപ്പെട്ടിരുന്നു. എന്നാൽ ഈസ്റ്റർ പ്രഭാതത്തിൽ, ഏതൊരു മനുഷ്യന് എപ്പോഴെങ്കിലും ലഭിക്കാവുന്ന ഏറ്റവും വലിയ സന്ദേശം ഈ ശിഷ്യന്മാർക്ക് ലഭിച്ചപ്പോൾ, അവർക്ക് എന്താണ് ലഭിച്ചത്? “പോയി, എന്റെ ശിഷ്യന്മാരോട് പറവിൻ, ഞാൻ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റിരിക്കുന്നു!” മരണത്തെ ജയിച്ചടക്കിയിരിക്കുന്നു!

91 ഭൂമിയിൽ ആരും തന്നെ ഉണ്ടായിരുന്നില്ല, പ്രവാചകനോ, മഹാനായ മനുഷ്യനോ, വിശുദ്ധനായ ഒരു വ്യക്തിക്കോ ഒരിക്കലും ജയിച്ചടക്കാൻ കഴിയാതെ...ദൈവാത്മാവിനാൽ അവർക്ക് രോഗത്തെ ജയിച്ചടക്കാൻ കഴിഞ്ഞു. ദൈവാത്മാവിനാൽ, സമയത്തെ ജയിച്ചടക്കാനും, വരാനിരുന്ന കാര്യങ്ങൾ മുൻകൂട്ടി കാണാനും അവർക്ക് കഴിഞ്ഞു. അവർക്ക് അത് ജയിച്ചടക്കാൻ കഴിഞ്ഞു. എന്നാൽ അവിടെ ഈ പ്രസ്താവന നടത്താൻ കഴിഞ്ഞ, ഒരു വ്യക്തിയും ദൈവത്തിൽ നിന്ന് അഭിഷേകം ചെയ്യപ്പെട്ടിരുന്നില്ല, “എനിക്ക് ജീവനെ കൊടുപ്പാനും, വീണ്ടും പ്രാപിപ്പാനും അധികാരം ഉണ്ടു. ഈ ശരീരത്തെ പൊളിപ്പിൻ; ഞാൻ അതിനെ മൂന്നാം നാൾ ഉയർത്തും.” അത്തരമൊരു പ്രസ്താവന നടത്താൻ അവിടെ ഒരു മനുഷ്യനും ഉണ്ടായിരുന്നില്ല. ഇത് സത്യമാണോ അല്ലയോ എന്ന്, അവരുടെ ഹൃദയത്തിൽ ആശ്ചര്യപ്പെട്ടിരുന്നു.

92 എന്നാൽ ഈസ്റ്റർ പ്രഭാതത്തിൽ അവർക്ക് ഒരു സന്ദേശം കിട്ടി, “നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി, സകല

സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ. ഞാൻ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റു. ഇതാ, ലോകാവസാനത്തോളം, എല്ലാ നാളും ഞാൻ നിങ്ങളോടു കൂടെയുണ്ട്. വിശ്വസിക്കയും സ്നാനം ഏല്ക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും, വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും. അതു വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ നടക്കും; എന്റെ നാമത്തിൽ അവർ ഭൂതങ്ങളെ പുറത്താക്കും; അവർ പുതു ഭാഷകളിൽ സംസാരിക്കും; സർപ്പങ്ങളെ പിടിച്ചെടുക്കുകയോ മരണകരമായ യാതൊന്നു കുടിച്ചാലോ, അവർക്കു അത് ഹാനി വരുത്തുകയില്ല; അവർ രോഗികളുടെ മേൽ കൈ വെച്ചാൽ, അവർക്കു സൌഖ്യം വരും.” *ഈസ്റ്റർ സന്ദേശം,* അവിടെയുള്ള ഏറ്റവും മികച്ച സന്ദേശങ്ങളിൽ ഒന്നാണ് ഇത്. മരണത്തെ ജയിച്ചടക്കിയിരിക്കുന്നു!

93 നാം ജയിച്ചടക്കിയ ഒരുവനെപ്പറ്റി ചിന്തിക്കുന്നു. മുപ്പത്തി-മൂന്നാം വയസ്സിൽ, ലോകം കീഴടക്കിയ, ഒരു ജേതാവിനെക്കുറിച്ച് നമുക്ക് ചിന്തിക്കാം, നെപ്പോളിയൻ. അവൻ ലോകത്തെ ജയിച്ചടക്കി, അവിടെ ചമ്മട്ടികൊണ്ട് അടിക്കാൻ കഴിയുന്ന എല്ലാ ജനതകളെയും ചമ്മട്ടികൊണ്ട് അടിച്ചു. യുദ്ധം ചെയ്യാൻ മറ്റാരും ഇല്ലാതിരുന്നതിനാൽ അവൻ നിരുത്സാഹിതനായി, അവൻ ഇരുന്നു കരഞ്ഞു. യുദ്ധം ചെയ്യാൻ മറ്റാരുമില്ല, പക്ഷേ അവൻ ഭരിക്കുമ്പോൾ അംഗീകരിക്കാൻ കഴിയാത്ത അനീതിയാൽ പ്രവർത്തിച്ചു. പതിനായിരക്കണക്കിന് വേശ്യകൾ അവന്റെ സൈന്യത്തെ പിന്തുടർന്നിട്ട്, അവൻ ഒരു തോക്കും ഒരു വാളുമായി പോയി. മുപ്പത്തി-മൂന്നാം വയസ്സിൽ, അവൻ ലോകത്തെ ജയിച്ചടക്കി. ഒരിക്കൽ അവൻ മദ്യത്തിനു വിലക്ക് ഏർപ്പെടുത്തിയിരുന്നിട്ട്, ഒരു കടുത്ത മദ്യപാനിയായി മരിച്ചു, കാരണം അവൻ ഭരിക്കുമ്പോൾ അംഗീകരിക്കാൻ കഴിയാത്ത അനീതിയിൽ പ്രവർത്തിച്ചു. അവൻ ആ സന്ദേശം മറന്നിരുന്നു. അവൻ ജയിച്ചടക്കിയിരുന്നു, പക്ഷേ അവൻ ആ സന്ദേശം മറന്നിരുന്നു. അവൻ പോയി, പക്ഷേ അവൻ എന്തിനു പോകുന്നു എന്നത് മറന്നു.

94 ഓടിയ ആ കൊച്ചു കുട്ടിയെപ്പോലെ, ഇന്ന് സഭ ഓടുന്നതു പോലെ, ഓടുന്ന ആളുകളെപ്പോലെ, രാജ്യം ഓടുന്നതു പോലെ! നമ്മുടെ അഭയം അറ്റോമിക് ബോംബുകളല്ല, നമ്മുടെ അഭയം യേശു ക്രിസ്തുവും അവന്റെ പുനഃരുത്ഥാനവുമാണ്.

95 നെപ്പോളിയൻ ആ പ്രധാന കാര്യം മറന്നിരുന്നു. അവന് എന്ത് സംഭവിച്ചു? ഒരു മദ്യപാനിയായി, അവൻ പൂർണ്ണ പരാജയമടഞ്ഞ് മരിച്ചു. എന്തുകൊണ്ട്? ശാരീരികമായി, അവൻ ലോകത്തെ കീഴടക്കിയെങ്കിലും, അവൻ അംഗീകരിക്കാൻ കഴിയാത്ത അനീതിയിൽ പ്രവർത്തിച്ചു. അവൻ ഒരു സൈന്യത്തെ തയ്യാറാക്കി.

അവൻ ഒരു സൈനിക പ്രതിഭയായിരുന്നു, അവൻ എല്ലാ ജനതകളെയും എടുത്ത് കാര്യങ്ങൾ ചെയ്തു (അത് അവൻ) അവനെപ്പോലെ, മറ്റൊരു മനുഷ്യൻ ഒരിക്കലും ചെയ്യുകയോ, ചെയ്യാൻ കഴിയുകയോ ഇല്ല, എന്നാൽ ആ യഥാർത്ഥ സന്ദേശം എന്താണെന്ന് അവൻ മറന്നിരുന്നു. അവൻ അത് എടുത്തിട്ട്, അവന്റെ സൈനിക ശക്തി നേടിയിരുന്നു, പക്ഷേ അവൻ കർത്താവിന്റെ ശക്തി മറന്നു പോയിരുന്നു.

96 കർത്താവിന്റെ ശക്തിയാണ് നമ്മുടെ ആശ്വാസം. നമുക്ക് മറ്റൊരു ശക്തിയുമില്ല. എനിക്ക് മറ്റൊരു അഭയ സ്ഥാനവുമില്ല, ഒന്നുമില്ല! ദൈവത്തിന്റെ കരുണയുണ്ടാകട്ടെ! എന്റെ ജീവൻ എടുത്താലും, പക്ഷേ എന്റെ ശക്തി എവിടെ നിന്നാണ് വരുന്നതെന്ന് ഞാൻ ഒരിക്കലും മറക്കാൻ പാടില്ല. അത് കർത്താവിൽ നിന്ന് വരുന്നു! എനിക്ക് ലോകത്തിലെ മികച്ച കാര്യങ്ങൾ ആവശ്യമില്ല. എനിക്ക് വേണ്ടത് യേശുവിനെയാണ്, അവന്റെ പുനഃരുത്ഥാനം എന്റെ ജീവനിൽ ജ്വലിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

97 മുപ്പത്തി-മൂന്നാം വയസ്സിൽ അത് യേശു ക്രിസ്തുവിൽ നിന്ന് എത്ര വ്യത്യസ്തമായിരുന്നു! മുപ്പത്തി-മൂന്നാം വയസ്സിൽ, യേശു സകലതും സ്വന്തമാക്കി; അവൻ ലോകത്തെ സൃഷ്ടിച്ചു. അവൻ ലോകത്തിൽ ഉണ്ടായിരുന്നു, ലോകമോ അവനെ അറിഞ്ഞില്ല. അവൻ ഒരിക്കലും സ്വയം പ്രശസ്തി നേടിയിട്ടില്ല. അവന ഒരിക്കലും ഒരു സൈനികനെയും ശേഖരിച്ചിട്ടില്ല. അവൻ ഒരിക്കലും പള്ളികളൊന്നും സംഘടിപ്പിച്ചില്ല. അവൻ ഒരിക്കലും തനിക്കായി വലിയ പേരുകളൊന്നും ഉണ്ടാക്കിയില്ല. അവൻ ഒരിക്കലും വീമ്പിളക്കുന്ന ഉപദേശങ്ങളുടെ ഡിഗ്രിയുമായോ, മതതത്വ വേദവശാസ്ത്രവുമായോ, അങ്ങനെയുള്ള മറ്റുമായോ വന്നില്ല, ഒരു മതതത്വ വേദശാസ്ത്ര വിദ്യാലയത്തിലും അവൻ പോയ ഒരു ചരിത്രവുമില്ല. എന്നാൻ അവനു ദൈവമുണ്ടായിരുന്നു. അവന് ദൈവമുണ്ടായിരുന്നു. മുപ്പത്തി-മൂന്നാം വയസ്സിൽ, അവന്റെ തലയെ നരകത്തിലേക്ക് കുടുക്കുന്ന സകല പിശാചിനെയും അവൻ ജയിച്ചടക്കിയിരുന്നു. അവൻ രോഗത്തെ ജയിച്ചടക്കി. അവൻ അന്ധവിശ്വാസങ്ങളെ ജയിച്ചടക്കി. അവൻ പിശാചുക്കളെ ജയിച്ചടക്കി. അവൻ മരണത്തെ ജയിച്ചടക്കി. അവൻ ക്രൂശിൽ മരിച്ചപ്പോൾ, അവൻ നരകത്തിന്റെ അടിത്തട്ടിലുള്ള കുഴികളിൽ ഇറങ്ങിയിട്ട്, നരകത്തെ ജയിച്ചടക്കി.

98 ഈസ്റ്റർ പ്രഭാതത്തിൽ അവൻ കല്ലറയെ ജയിച്ചടക്കി. എന്തുകൊണ്ട്? സന്ദേശവുമായി ഓടിക്കൊണ്ട്, അവൻ നിയമപ്രകാരം പോയിരുന്നു. അവൻ പോയി, അവൻ പോയിരുന്നു! "പോകു." ദൈവം

അവനെ അയച്ചു, അവരോട് പറയാൻ അവന് ഒരു സന്ദേശം ഉണ്ടായിരുന്നു. ദൈവം അവനു കൊടുത്ത സന്ദേശത്തിലൂടെ, അവൻ സാത്താന്റെ ശക്തികളെ ജയിച്ചടക്കി. അവൻ രോഗത്തെ ജയിച്ചടക്കി. അവൻ മരണത്തെ ജയിച്ചടക്കി. അവൻ നരകത്തെ ജയിച്ചടക്കി. അവൻ കല്ലറയെ ജയിച്ചടക്കി. എന്തുകൊണ്ട്? അവൻ പോയി! "പോയി, പറവിൻ!" "എന്റെ പിതാവ് എനിക്ക് എന്തു കാണിച്ചു തരുന്നത് ഞാൻ എപ്പോഴും ചെയ്യുന്നു. അവൻ എന്നോട് ചെയ്യാൻ പറയുന്നത് അല്ലാതെ ഞാൻ ഒന്നും ചെയ്യുന്നില്ല."

99 പിന്നെ അവൻ മരിക്കുന്നതിനു മുമ്പ്, അവൻ ഇതു പറഞ്ഞു, "പിതാവ് എന്നെ അയച്ചതുപോലെ, ഞാൻ നിങ്ങളെ അയയ്ക്കുന്നു." സൈനിക ശക്തിയാൽ മനുഷ്യരെ കെട്ടിപ്പടുക്കാനല്ല; രാഷ്ട്രപതി ആരാകും എന്നതിനു നിങ്ങളുടെ മുഴുവൻ സമയവും ചെലവിടാനല്ല. അത് ഒരുപക്ഷേ അനിവാര്യമായിരിക്കാം, പക്ഷേ ഇത് *ഇതിൽ* അനിവാര്യമല്ല. ലോകം പൊയ്ക്കഴിഞ്ഞിരിക്കുന്നു. നമുക്ക് ഒരു സന്ദേശം ലഭിച്ചിരിക്കുന്നു, അത്, യേശു ക്രിസ്തു മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റു, അവൻ ഇന്നലെയും, ഇന്നും, എന്നെന്നേക്കും അനന്യൻ തന്നെ.

100 ഇന്നലെ, ഒരു ചെറിയ കോടതി മുറിയിൽ, അവർ എന്നെ ശരിയല്ലാത്ത എന്തോ ചിലതാക്കാൻ ശ്രമിച്ചു. ഞാൻ പറഞ്ഞു, "ഞാൻ ഒരു വഞ്ചകനല്ല." ഞാൻ പറഞ്ഞു, "ഞാൻ—ഞാൻ—ഞാൻ സത്യസന്ധനാണ്. നിങ്ങൾക്ക് സത്യം അല്ലാതെ ഇനിയും ഒന്നും തന്നെ പറയാനാവില്ല."

101 അപ്പോൾ ഒരു മനുഷ്യൻ എന്നോടു കൂടെ ആയിരുന്നിട്ട്, പറഞ്ഞു, "ഒരു മനുഷ്യൻ എന്നോട് അങ്ങനെ സംസാരിച്ചാൽ, അവന്റെ നേരെ ഒരു പുസ്തകം എറിയാൻ എനിക്ക് തോന്നുന്നു."

102 ഞാൻ പറഞ്ഞു, "ഇല്ല, സർ. പാടില്ല, അത് ശരിയല്ല. അതിനെ സമീപിക്കാനുള്ള വഴി അതല്ല. ശരിയല്ല."

103 അവൻ പറഞ്ഞു, "അതെ, ഇത് സംഭവിക്കുന്നു എന്നു നിങ്ങൾ അറിയാത്തത് എന്തുകൊണ്ടാണ്? എന്തുകൊണ്ടാണ് നിങ്ങൾ ഇത് അവിടെ പുറമെ ചെയ്യാത്തത്?"

ഞാൻ പറഞ്ഞു, "ഞാൻ യേശു ക്രിസ്തുവിനെ സേവിക്കാൻ എന്റെ സമയം ചെലവിടുന്നു."

104 ഓ ദൈവമേ, ഓ, ജനങ്ങൾ അന്ധരായിട്ട് ഇത് കാണാൻ കഴിയുന്നില്ല! "പിതാവ് എന്നെ അയച്ചതു പോലെ," പിതാവ് അവനെ അയച്ചിട്ട്, അവൻ പോയിരുന്നു. ജനങ്ങളോട് പറയാൻ

അവന് ഒരു സന്ദേശം ഉണ്ടായിരുന്നു. മരണ സമയത്ത്, അവൻ മരണത്തെ ജയിച്ചടക്കി നരകത്തെ ജയിച്ചടക്കി, മാത്രമല്ല അവൻ കല്ലറയെയും ജയിച്ചടക്കി. “പിതാവ് എന്നെ സന്ദേശവുമായി അയച്ചതു പോലെ, ഞാൻ നിങ്ങളെ സന്ദേശവുമായി അയയ്ക്കുന്നു; പള്ളികളും, സംഘടനകളും പണിയുന്നതിനല്ല, എന്നാൽ നിങ്ങൾ ഭൂലോകത്തൊക്കെയും പോയി പരിശുദ്ധാത്മാവിന്റെ ശക്തി പ്രകടിപ്പിക്കു. വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ നടക്കും; അവർ എന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കും, പുതു ഭാഷകളിൽ സംസാരിക്കും, സർപ്പങ്ങളെ പിടിച്ചെടുക്കും.” അവനു സംഭവിച്ചതുപോലെ, നമ്മുടെ ശരീരങ്ങളും കല്ലറയിലേക്ക് പോകുമ്പോൾ, അവൻ രണ്ടിനെയും മരണത്തെയും, നരകത്തെയും, കല്ലറയെയും ജയിച്ചടക്കിയിരിക്കുന്നു. അവൻ ശക്തനായ ജേതാവാണ്.

105 അവന്റെ സന്ദേശവുമായി അവൻ നമ്മെ അയയ്ക്കുന്നു. നമുക്ക് സന്ദേശവുമായി പോകാം, എന്തെങ്കിലും പറയാനായി പോകാം. പോയി, പറവിൻ! ഓടിയിട്ട് പിന്നെ പറയാൻ കഴിയാതിരിക്കുന്നതല്ല; അത് നമുക്ക് നമ്മുടെ ഹൃദയത്തിൽ ആദ്യം എടുക്കാം.

106 ഇന്ന് രാവിലെ, നിങ്ങൾ പ്രാർത്ഥനക്കായി വരുമ്പോൾ, അടുക്കും ചിട്ടയുമില്ലാത്ത രീതിയിൽ വരരുത്. നിങ്ങളുടെ ഹൃദയത്തിൽ ആ സന്ദേശവുമായി വരു, “ഞാൻ മരിച്ചവനായിരുന്നു, എന്നാൽ വീണ്ടും ജീവിച്ചിരിക്കുന്നു. ഞാൻ തന്നെയാണ് ആ സന്ദേശം നൽകുന്നത്, ‘വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ നടക്കും.’ സർവശക്തനായ ദൈവത്തിന് ഒരു—ഒരു ചെറിയ കോങ്കണ്ണുള്ള കുഞ്ഞിനു അവന്റെ കാഴ്ച സാധാരണ നിലയിലേക്ക് തിരിക്കാൻ കഴിയുമെങ്കിൽ; ദൈവത്തിന് ഒരു കുഞ്ഞിനെ എടുത്ത്, ഒരു, ഒരു ആൺകുഞ്ഞ് ജനിച്ചു, അവന്റെ ജീവിതത്തിൽ ഒരിക്കലും കണ്ടിട്ടില്ല, പതിനാറു വയസ്സുള്ളപ്പോൾ, അവന്റെ കാഴ്ച വീണ്ടും അവനിലേക്ക് തിരികെ കൊണ്ടുവരിക; ക്യാൻസർ ബാധിച്ച ഒരു ദയനീയ ദരിദ്ര വ്യക്തിയെ ദൈവത്തിന് എടുക്കാൻ കഴിഞ്ഞിട്ട്…

107 എന്തുകൊണ്ടെന്നാൽ സന്ദേശം ശരിയായതിനാലും, ദൈവം സന്ദേശം അയച്ചതിനാലും, ദൈവം സന്ദേശ വാഹകനെ അയച്ചതിനാലും, നരകത്തിലെ ഓരോ തോക്കും അവനെ വെടിവെക്കും എന്നതിൽ സംശയമില്ല. അത് ശരിയാണ്, അവൻ ഇടറി വീഴും, പിന്നെയും എഴുന്നേറ്റ് അവന്റെ തല കുലുക്കിക്കൊണ്ട്, മുന്നോട്ട് പോകും. നമുക്ക് ഒരു സന്ദേശം ലഭിച്ചിരിക്കുന്നു, അതിനെ ഒന്നും തടയാൻ പോകുന്നില്ല! ഹല്ലേലൂയാ! “ഈ പാറമേൽ ഞാൻ എന്റെ

സഭയെ പണിയും, നരകത്തിന്റെ പടിവാതിലുകൾ അതിനെതിരെ ഒരിക്കലും ജയം നേടില്ല." അവർക്ക് എന്തു വേണമെങ്കിലും പറയാൻ കഴിയും, അവർക്ക് വേണ്ടത് എന്തും ചെയ്യാം, പിശാചിന് ദേഷ്യപ്പെടാനും അലറാനും കഴിയും. എന്നാൽ യേശു മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റിരിക്കുന്നു, അവൻ ഇന്ന് നമ്മിൽ ജീവിക്കുന്നു!

108 ചില ദിവസങ്ങൾക്ക് മുമ്പ്, അരമ്യയിൽ നിന്ന്, ഇംഗ്ലീഷിലേക്ക് ബൈബിൾ വിവർത്തനം ചെയ്ത, മഹാനായ ഡോക്ടർ ലംസയുമായി സംസാരിക്കാൻ ഇടയായി. ആ ചെറിയ അടയാളം ഞാൻ കണ്ടിട്ട്, അതിൽ മൂന്ന് ചെറിയ കുത്തുകൾ, ദൈവത്തിന്റെ ചിഹ്നം അവിടെ ഉണ്ടായിരുന്നു. ഞാൻ ചോദിച്ചു, "ഡോക്ടർ ലംസ, അത് എന്താണ്?"

അദ്ദേഹം പറഞ്ഞു, "മൂന്ന് വിശേഷണമുള്ള, ദൈവമാണ് ഇത്."

109 അപ്പോൾ ഞാൻ ചോദിച്ചു, "നിങ്ങൾ അർത്ഥമാക്കുന്നത്, ഇങ്ങനെ, പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്, എന്നിങ്ങനെ മൂന്ന് കാര്യാലയങ്ങളിൽ ദൈവം വസിക്കുന്നു എന്നാണോ?"

110 അദ്ദേഹം എഴുന്നേറ്റ് എന്നെ നോക്കി, ആ യഹൂദന്റെ കണ്ണുകളിൽ കണ്ണുനീർ വന്നിരുന്നു, അദ്ദേഹം പറഞ്ഞു, "ബ്രദർ ബ്രൺഹാം, നിങ്ങൾ അത് വിശ്വസിക്കുന്നോ?"

ഞാൻ പറഞ്ഞു, "എന്റെ ഹൃദയത്തിലുള്ള എല്ലാമായി."

111 അദ്ദേഹം തന്റെ കൈകൾ എന്റെ ചുറ്റും ചുറ്റിയിട്ട്, പറഞ്ഞു, "അവിടെ നടന്നിരുന്ന വലിയ കാര്യങ്ങളും, നിങ്ങൾ ചെയ്തിരുന്ന അടയാളങ്ങളും കണ്ടപ്പോൾ ഞാൻ അത്ഭുതപ്പെട്ടു പോയി." പറഞ്ഞു, "നിങ്ങൾ ഒരു പ്രവാചകനാണെന്ന് അവർ എന്നോട് പറഞ്ഞിരുന്നു. ഞാൻ ഇതുവരെ, ഇത് വിശ്വസിച്ചിരുന്നില്ല. ഇപ്പോൾ നിങ്ങൾ അതാണെന്നു ഞാൻ അറിയുന്നു." അദ്ദേഹം പറഞ്ഞു, "അതാണ് അത്! അതാണ് ആ സന്ദേശം. ദൈവ രാജ്യത്തെ പിടിച്ചു കുലുക്കാൻ ഇരിക്കുന്നത് ആ കാര്യമാണ്." അതെ. അദ്ദേഹം പറഞ്ഞു, "ഒരു നാൾ നിങ്ങൾ ഇതിനായി മരിക്കും, കുട്ടി." പറഞ്ഞു, "നിങ്ങളുടെ സാക്ഷ്യത്തെ അതേ കാര്യം കൊണ്ട് നിങ്ങൾ മുദ്രയിടും."

112 ലോകത്തിലെ മഹാന്മാരായ ഐസൻഹോവറും മറ്റും നമുക്ക് ലഭിച്ചിരിക്കുമ്പോൾ, ഏറ്റവും വലിയ മനുഷ്യരിൽപ്പെട്ട ഒരാൾ, ഹോളിവുഡ്, എല്ലാ വിധ സിനിമാ താരങ്ങളും മറ്റും അദ്ദേഹത്തെ വിളിക്കുന്നു, എന്നിട്ടും യോഗത്തിൽ തന്നെ തൂങ്ങിക്കിടക്കുന്നു. അദ്ദേഹം പറഞ്ഞു, "ഞാൻ ഏകദേശം മുപ്പത് വർഷങ്ങളായി, ഈ വിവർത്തനം ചെയ്യുന്നു, വത്തിക്കാൻ ഗ്രീക്കിൽ നിന്നല്ല, അരാമ്യയിൽ നിന്നാണ്; നേരെ അതിൽ നിന്ന്, അരാമ്യയിൽ നിന്ന്, ഇംഗ്ലീഷിലേക്ക്."

അദ്ദേഹം പറഞ്ഞു, "ഞാൻ ആ മുഴുവൻ സമയവും ചെലവഴിച്ചു," അദ്ദേഹം പറഞ്ഞു, "ഞാൻ ഇപ്പോൾ വളരെ അടുത്താണ് ബൈബിളിലെ ദൈവത്തെ കാണുന്ന സ്ഥലത്തേക്ക്, നീങ്ങിയത്." അദ്ദേഹം പറഞ്ഞു, "ബ്രദർ ബ്രൺഹാം, നിങ്ങൾക്ക് അറിയാമോ, നമുക്ക് അടയാളങ്ങളും അത്ഭുതങ്ങളും കാണാൻ കഴിയും, പക്ഷേ ആ അടയാളത്തിലുള്ള ശബ്ദം എന്താണെന്ന് ഞങ്ങൾ നോക്കുന്നു. യഹൂദരായ ഞങ്ങൾ, ഞങ്ങൾ ഒരു അടയാളം കാണുന്നു, എന്നാൽ ആ അടയാളത്തിന്റെ ശബ്ദത്തെ ഞങ്ങൾ നോക്കുന്നു."

113 ഓ, ഹല്ലെല്ലൂയാ, അടയാളത്തിന്റെ ശബ്ദം! ദൈവം മോശെയോട് പറഞ്ഞു, "അവർ ആ ശബ്ദം കേട്ടില്ല എങ്കിൽ, അടയാളത്തിന്റെ ആദ്യ ശബ്ദം, പിന്നെ അവർ രണ്ടാമത്തെ അടയാളത്തിന്റെ ശബ്ദം കേൾക്കും." അടയാളത്തിൽ അത്രയധികം ഇല്ല, പക്ഷേ അതിനോടൊപ്പം പോകുന്ന ആ ശബ്ദത്തിലായിരുന്നു.

114 നോക്കു, ആ യഹൂദൻ, അദ്ദേഹം എന്താണ് സംസാരിക്കുന്നത് എന്ന് അദ്ദേഹം അറിഞ്ഞിരുന്നു. അദ്ദേഹം പറഞ്ഞു, "ഞാൻ വിവേചനങ്ങൾ കണ്ടിരുന്നു, ഞാൻ അടയാളങ്ങളും, അത്ഭുതങ്ങളും കണ്ടിരുന്നു, അന്ധർ സുഖം പ്രാപിക്കുന്നത്, എല്ലാത്തരം വ്യത്യസ്ത അടയാളങ്ങളും, പക്ഷേ ഞാൻ അത്ഭുതപ്പെട്ടിരുന്നു, പക്ഷേ ഇപ്പോൾ അതിന്റെ പിന്നിലെ ശബ്ദത്തെ ഞാൻ കാണുന്നു ദൈവത്തെ മൂന്നു ഭാഗങ്ങളായി മുറിക്കുന്നതല്ല, പറഞ്ഞു 'അവൻ ഏക ദൈവം, പിതാവ്, അടുത്തത്, പുത്രൻ,...' അദ്ദേഹം പറയുന്നു, 'ദൈവം ദൈവമാണ്: ദൈവത്തിന്റെ മൂന്ന് ഗുണവിശേഷങ്ങൾ; ദൈവത്തിന്റെ മൂന്ന് കാര്യാലയങ്ങൾ.'" പറഞ്ഞു, "അത് അതിനെ സ്ഥിരീകരിക്കുന്നു."

115 ഓ, സഹോദരാ, നമുക്ക് ഒരു സന്ദേശം ലഭിച്ചിരിക്കുന്നു! "പോയി, എന്റെ ശിഷ്യന്മാരോട് പറവിൻ! ആ മരിച്ച *ഒരാൾ* അല്ല ഞാൻ, *മറ്റയാൾ* മരിച്ചതിന് വളരെ അടുത്താണ്, പിന്നെ ആ *മറ്റയാൾ* ജീവിച്ചിരിക്കുന്നു. ഞാൻ ഇരുന്നവനും, ഇരിക്കുന്നവനും, വരുവാനുള്ളവനും ആകുന്നു; ദാവീദിന്റെ വേരും വംശവും; ശുഭ്രമായ ഉദയ നക്ഷത്രം ആകുന്നു." അതെ!

116 നിങ്ങൾക്ക് എന്തെങ്കിലും പറയാൻ കിട്ടിയിട്ടില്ലെങ്കിൽ, പോകുന്നതു കൊണ്ട്, എന്ത് ഗുണം ചെയ്യും? എന്തെങ്കിലും പറയാൻ ഉണ്ടായിരിക്കണം, അത് ശരിയാണ്: "ദൈവ പുത്രനായ, യേശു ക്രിസ്തു, നിങ്ങളെ എല്ലാവരെയും സ്നേഹിക്കുന്നു. അവൻ നിങ്ങൾക്ക് എല്ലാവർക്കും വേണ്ടി മരിച്ചു. ദൈവ പുത്രനായ യേശു ക്രിസ്തുവിനെ സ്നേഹിക്കു."

117 യോഗങ്ങളിൽ എത്രപേർ ഉണ്ടായിരുന്നിട്ട്, അവന്റെ—അവന്റെ കാഴ്ചയിൽ വരവും, മഹത്തായ അടയാളങ്ങളും അത്ഭുതങ്ങളും കാണുകയും, അവൻ എങ്ങനെ വിവേചിച്ച് കാണിക്കുകയും, കാര്യങ്ങൾ ചെയ്യുകയും ചെയ്യുന്നു? അത് അവൻ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റ, സ്വർഗ്ഗത്തിലെ ദൈവമാണ്.

118 അതിന്റെ എബ്രായ ചിഹ്നത്തിന്റെ അടയാളം നിങ്ങൾ കണ്ടിരിക്കണം. അത് അഗ്നിസ്തംഭം പോലെയുള്ള, ഒരു പ്രകാശമായി, അവിടെ മൂന്ന് ചെറിയ അടയാളങ്ങളുണ്ട്, പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്, അത് മൂന്ന് വ്യക്തികളല്ല. അത് മൂന്ന് കാര്യാലയങ്ങളിൽ വസിക്കുന്ന ഒരു ദൈവമായിരുന്നു. അതേ ദൈവം! ഹല്ലേലൂയാ! ദൈവം നിങ്ങളുടെ മുകളിൽ, ദൈവം നിങ്ങളോട്ട് കൂടെ, ദൈവം നിങ്ങളിൽ. അവനു വസിക്കാൻ വേണ്ടി, തന്നെത്താൻ മനഃപൂർവ്വം പദവി വിട്ട് ഇറങ്ങി, അവന്റെ സഭയെ വൃത്തിയാക്കുന്നു. നിങ്ങൾ അവനെ കഷണങ്ങളാക്കി മുറിച്ച് ഒരെണ്ണം *ഇവിടെ* ഇട്ടു, മറ്റൊന്ന് *ഇവിടെ*, മറ്റൊന്ന് *അവിടെ*, അത് വിഗ്രഹാരാധനയാണ് അതിനു ഇത് ആകാൻ കഴിയില്ല.

119 മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റ, യേശു ക്രിസ്തുവിന്റെ പുനഃരുത്ഥാനത്തിൽ ഞാൻ വിശ്വസിക്കുന്നു. അവന് ആ മനുഷ്യന് മാത്രമേ അത് പറയാൻ കഴിയൂ, "സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്ക് നൽകപ്പെട്ടിരിക്കുന്നു. സ്വർഗ്ഗത്തിലെയും ഭൂമിയിലെയും സകല അധികാരങ്ങളും എന്റെ കൈയ്യിൽ തന്നിരിക്കുന്നു. ലോകത്തിൽ ഒക്കെയും പോയി, സകല സൃഷ്ടിയോട്ടും സുവിശേഷം പ്രസംഗിപ്പിൻ." സുവിശേഷം വചനമായി മാത്രമല്ല, ശക്തിയോട്ടും പരിശുദ്ധാത്മാവോട്ടും കൂടെ ആയിരുന്നു അടുക്കൽ വന്നതു. അത് വിശ്വസിക്കാൻ ദൈവം നിങ്ങളെ സഹായിക്കുന്നു, അത് വിശ്വസിക്കാൻ ദൈവം എന്നെ സഹായിക്കുന്നു, ഒരു ദിവസം നമ്മൾ യേശുവിനെ കാണും.

ജീവിതത്തിന്റെ കഷ്ടപ്പാടുകൾ അവസാനിക്കുമ്പോൾ,
  ഒടുവിൽ നാം യേശുവിനെ കാണും;
അവന്റെ മനോഹര സിംഹാസനത്തിൽ അവൻ
  എന്നെ വീട്ടിലേക്ക് സ്വാഗതം ചെയ്യും,
ആ ദിവസം മുഴുവൻ കഴിയുമ്പോൾ. (അത്
  ശരിയാണ്.)

കാൽപ്പാടുകളിലെ മണലുകൾ കഴുകി മാറ്റി
ഗലീലയുടെ തീരത്ത് നിന്നുള്ള ആ അപരിചിതൻ.

120 അവനെ സ്വയം ദൈവമാക്കിയതിനാൽ അവർ അവനെ കൊന്നു, അവൻ ദൈവമായിരുന്നു. ആ കാരണത്താൽ, അവർ അവനെ തൂക്കിലേറ്റി, അവൻ വധശിക്ഷയ്ക്ക് വിധേയനായി മരിച്ചു. അതുകൊണ്ടാണ് വധശിക്ഷയിൽ ഞാൻ വിശ്വസിക്കാത്തത്. യേശു മരിച്ചത്—ആ വധശിക്ഷയിലാണ് റോമിലെ സംയുക്ത സർക്കാരിന്റെ വധശിക്ഷയാൽ. വധശിക്ഷ, കുരിശിൽ തൂക്കിയിടുക, എന്നതായിരുന്നു. വധശിക്ഷയ്ക്ക് വിധേയനായി അവൻ മരിച്ചു, അവന്റെ വസ്ത്രങ്ങൾ അവനിൽ നിന്നും അഴിച്ചു മാറ്റി, അവിടെ തൂക്കിയിട്ടു, അവനെ അപമാനിച്ചു, അവൻ ആ അവസ്ഥയിൽ മരിച്ചു. എന്നാൽ ദൈവം അവനെ മൂന്നാം ദിവസം ഉയിർപ്പിച്ചു!

121 നമ്മൾ അവന്റെ സാക്ഷികളാണ്. നമ്മൾ അവനു വേണ്ടി നിൽക്കുന്നില്ലെങ്കിൽ, ആരാണ് അവനു വേണ്ടി നിൽക്കാൻ പോകുന്നത്?

122 കഴിഞ്ഞ ദിവസം ഒരാൾ എന്നെ സന്ധിച്ചിട്ട്, പറഞ്ഞു, "ഓ, ബ്രദർ ബ്രൺഹാം, നിങ്ങൾ പറയരുത്. നിങ്ങൾ പറയുന്നത് നിർത്തിക്കളയൂ. നിങ്ങൾ—നിങ്ങൾ സ്ത്രീകളുടെ വികാരത്തെ, അവരുടെ നീളം കുറഞ്ഞ മുടിയെപ്പറ്റി പറയുന്നതിനാൽ വ്രണപ്പെടുത്തുന്നു, അവർ *ഇത്* ചെയ്യുന്നതിനെയും *അത്* ചെയ്യുന്നതിനെയും, അങ്ങനെയും മറ്റുമാകുന്നു."

123 ഞാൻ പറഞ്ഞു, "ഞാൻ അവരോട് പറഞ്ഞില്ലെങ്കിൽ, ആരാണ് അവരോട് പറയാൻ പോകുന്നത്? ആരാണ് ഇത് പറയാൻ പോകുന്നത്?"

പറഞ്ഞു, "അതെ, നിങ്ങൾ ആ പ്രാസംഗികരെ ദേഷ്യം പിടിപ്പിക്കുന്നു."

124 അവനോട് ചെയ്തതിനെക്കാൾ, അവർ എന്നോട് കുറെക്കൂടി ദേഷ്യപ്പെടാൻ ഞാൻ ആഗ്രഹിക്കുന്നു. അത് സത്യമാണ്. അത് ശരിയാണ്! [ടേപ്പിൽ ശൂന്യമായ സ്ഥലം—Ed.] ശരിയാണ്. ആരാണ് ഇത് പറയാൻ പോകുന്നത്? ആരെങ്കിലും ഇത് പറയാൻ ഉണ്ടായിരിക്കണം.

125 യേശു പറഞ്ഞു, "പോയി, പറവിൻ. ഞാൻ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റു എന്നു എന്റെ ശിഷ്യന്മാരോട്, പോയി പറവിൻ. [ടേപ്പിൽ ശൂന്യമായ സ്ഥലം—Ed.] ഞാനോ, ലോകാവസാനത്തോളം, എല്ലാ നാളും നിങ്ങളോടു കൂടെയുണ്ട്."

126 സുഹൃത്തുക്കളേ, നിങ്ങൾ അത് വിശ്വസിക്കുന്നോ?

പ്രാർത്ഥനയ്ക്കായി നാം നമ്മുടെ തല കുമ്പിടുമ്പോൾ, നമുക്ക് ഇപ്പോൾ പ്രാർത്ഥിക്കാം.

127 ഓ പിതാവായ ദൈവമേ! വാസ്തവമായും, "പോയി, പറവിൻ. പോയി, ഞാൻ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റു എന്നു എന്റെ ശിഷ്യന്മാരോട് പറവിൻ." പിതാവായ ദൈവമേ, നീ നിന്റെ ശിഷ്യന്മാരോട് പറയുക മാത്രമല്ല, നീ മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേറ്റു എന്നു അവരെ തെളിയിച്ചു കാണിക്കുകയും ചെയ്തു. നീ നിന്നെ അവർക്ക് സ്വയം കാണിക്കുകയും, മരിക്കുന്നതിന് മുമ്പ് നീ ചെയ്തതുപോലെ തന്നെ ചെയ്യുകയും ചെയ്തു. ആയിരത്തി തൊള്ളായിരം വർഷങ്ങൾ പിന്നിട്ടിരിക്കുന്നു, കർത്താവേ, സന്ദേശം ഇപ്പോഴും കത്തിക്കൊണ്ടിരിക്കുന്നു. അത് ആ ശിഷ്യന്മാർക്ക് ആയിരുന്നതു പോലെ ഇത് ഇന്നും ഞങ്ങളുടെ ഹൃദയത്തിൽ തിളങ്ങിക്കൊണ്ട് കത്തുന്നു, എന്തുകൊണ്ടെന്നാൽ അവൻ മുമ്പ് ചെയ്തിരുന്നതു പോലെ ചെയ്തുകൊണ്ട്, ഉയിർത്തെഴുന്നേറ്റ കർത്താവ് ഞങ്ങളുടെ ഇടയിൽ ഞങ്ങൾ കാണുന്നു. അവനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ചതായി നമുക്ക് അറിയാം.

128 ഈസ്റ്റർ നമുക്ക് വളരെയധികം അർത്ഥമാക്കുന്നു, കാരണം നാം അവന്റെ പുനഃരുത്ഥാനത്തിന്റെ കൂട്ടായ്മയുടെ ആനന്ദത്തിൽ പങ്കുചേർന്നിരിക്കുന്നു. മുടിയനായ പുത്രനെപ്പോലെ, ഞങ്ങൾ ഒരിക്കൽ പാപത്തിലും അതിക്രമത്തിലും മരിച്ചിരുന്നു, എന്നാൽ ഇപ്പോൾ ഞങ്ങൾ കൃപ കണ്ടെത്തിയിരിക്കുന്നു, ദൈവം ഞങ്ങളുടെ പാപങ്ങളെ ഞങ്ങളോട് ക്ഷമിച്ചിരിക്കുന്നു. അവൻ ഞങ്ങളെ സ്വീകരിച്ചു എന്ന് സ്ഥിരീകരിക്കാൻ, അവൻ പിതാവായ അബ്രഹാമിനു ചെയ്തതു പോലെ, അവൻ ഞങ്ങൾക്കും കൂടെ മുദ്ര നൽകിയിരിക്കുന്നു. പിതാവായ അബ്രഹാം അവൻ ദൈവത്തെ വിശ്വസിക്കുന്നു എന്നു പറഞ്ഞു, എന്നാൽ അവൻ അവനെ വിശ്വസിച്ചു എന്നതിന്റെ സ്ഥിരീകരണത്തിനായി അവൻ പരിച്ഛേദനയുടെ മുദ്ര കൊടുത്തിരുന്നു. ഇപ്പോൾ, പിതാവേ, ഇന്ന് ഞങ്ങൾ പരിശുദ്ധാത്മാവിനാൽ പരിച്ഛേദനയേറ്റ്, ലോകത്തിന്റെ സകല കാര്യങ്ങളും കടന്നു പോയിരിക്കുന്നു. ഞങ്ങൾക്ക് ഒരു ലക്ഷ്യമുണ്ട്: നിന്നെ സേവിക്കുക. ഞങ്ങൾക്ക് ഒരു ആഗ്രഹമുണ്ട്: നിന്നെ സ്നേഹിക്കുക, നിന്റെ ശിഷ്യനായിരിക്കുക.

129 ഇപ്പോൾ, കർത്താവേ, ഈ ചെറിയ മുറഞ്ഞ സന്ദേശം ഓരോ ഹൃദയത്തിലും സ്ഥിരീകരിക്കണമേ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു. അവർ അത് നഷ്ടപ്പെടുത്താൻ ഇടയാക്കരുതേ. നീ ഇന്നലെയും, ഇന്നും, എന്നെന്നേക്കും, അനന്യനായി, മരിച്ചവരിൽ നിന്ന്

ഉയിർക്കപ്പെട്ട് നീ ഇവിടെയാകുന്നു എന്നു അവർ കാണാൻ ഇടയാകട്ടെ, അത് വരെ ആയിരിക്കും—രണ്ടാം വരവിങ്കൽ ആ ആത്മാവും ശരീരവും വീണ്ടും ഒന്നിക്കുവോളം.

130 പിതാവേ, ഈ രാവിലെ നേരം, ഇവിടെയുള്ള രോഗികൾക്കായി ഞാൻ പ്രാർത്ഥിക്കുന്നു. ഈ ഈസ്റ്റർ പ്രഭാതത്തിൽ, ഞാൻ ഇപ്പോൾ, ഞാൻ ഇപ്പോൾ, വശത്തേക്ക് മാറ്റി വെക്കുന്നു (അല്ലെങ്കിൽ, മാറ്റി വെക്കുന്നതല്ല, മറിച്ച് ഒരു നിമിഷത്തേക്ക് മാത്രം മാറ്റി വെക്കുന്നു) നീ എനിക്കു തന്നിട്ടുള്ള വരങ്ങളായ, ഹൃദയ വിവേചനത്തെപ്പോലെ ഉള്ളതിനെ. ലോകം, ഞാൻ രാജ്യങ്ങളിൽ ഉടനീളം അങ്ങോളം ഇങ്ങോളം പോയിട്ട്, കർത്താവേ, അവർക്കെല്ലാം ഇത് അറിയാം. അത്, കുറച്ച് ദിവസങ്ങൾക്ക് മുമ്പ്, നീ എനിക്ക് ഇവിടെ കാട്ടിൽ വെച്ചു തന്ന സന്ദേശം ആയതിനാൽ, അതിനായി, ഞാൻ ഇപ്പോൾ പ്രാർത്ഥിക്കുന്നു, അതിൽ, ആ സൃഷ്ടിപരമായ ശക്തിയാൽ ഇന്ന് രാവിലെ ഈ ആലയത്തിൽ ആയിരിക്കുന്ന, സൃഷ്ടിക്കപ്പെട്ടിരിക്കുന്ന ഓരോ ആളുകൾക്കായും, ഞാൻ പ്രാർത്ഥിക്കുന്നത്, ദൈവമേ, ഇവിടെ ആയിരിക്കുന്ന എന്റെ സഹോദരന്മാരുമായി, ഈ രാവിലെ സമയം രോഗികളുടെ മേൽ കൈകളെ വെക്കാൻ ഞാൻ പോകുമ്പോൾ, ഈ രാവിലെ നേരം നീ ഈ ആലയത്തിൽ, കരുണയോടെ വീഴുകയും, അതിനാൽ ജനങ്ങളെ സുഖപ്പെടുത്തി, ശുശ്രൂഷ അവസാനിക്കുമ്പോൾ ഞങ്ങളുടെ ഇടയിൽ ഒരു ദുർബല വ്യക്തിയും ഉണ്ടായിരിക്കരുതെ. ഓരോരുത്തരും അനുഗ്രഹിക്കപ്പെടുകയും സൌഖ്യം പ്രാപിക്കുകയും ചെയ്യട്ടെ.

131 ഞങ്ങൾ മനസ്സിലാക്കുന്നു, കർത്താവേ, ഇത് ഞങ്ങൾക്ക് സ്വയം പ്രവർത്തിപ്പിക്കാൻ കഴിയുന്ന ഒന്നല്ല. ഇത് ലളിതമായ കുട്ടികളെപ്പോലുള്ള വിശ്വാസമാണ്, വിശ്വസിക്കുക. രോഗികളെ സുഖപ്പെടുത്താൻ ശിഷ്യന്മാർക്ക് അധികാരം നൽകിയതിനു ശേഷം ഞങ്ങൾക്ക് അവരെ കാണാൻ കഴിഞ്ഞിട്ട്, അവർ പുറപ്പെട്ടു പോകുമ്പോൾ അപസ്മാരം ബാധിച്ച ഒന്നിൽ പരാജയപ്പെട്ടു; നിലവിളിക്കുകയും കരയുകയും ചെയ്യുന്നു, ഒരുപക്ഷേ, മുകളിലേക്കും താഴേക്കും ചാടി, ആ പിശാചിനെ പുറത്താക്കാൻ ശ്രമിക്കുന്നു. എന്നാൽ അവൻ യേശുവിനെ കണ്ടപ്പോൾ, ഓ, എത്ര വ്യത്യസ്തം. അവൻ പറഞ്ഞു, "ദുരാത്മാവേ, അവനിൽ നിന്ന് പുറത്തു വരിക." എന്തൊരു വ്യത്യാസം. ഓ, അത് ഒരു അപ്പോസ്തലനല്ലെന്ന് അവൻ അറിഞ്ഞിരുന്നു. അത് സ്വയം കർത്താവ് തന്നെ ആയിരുന്നു. ആത്മാവ് ബാലനെ പിച്ചിച്ചീന്തി പിന്നെ അവനെ നിലത്തിട്ടു വലിച്ചിഴച്ചു. യേശു പറഞ്ഞു, "അവൻ മരിച്ചിട്ടില്ല. അവനെ എടുത്ത്

ഉയർത്തി അവനു അല്പം ഭക്ഷണം കൊടുക്കു.” ആ ദുരാത്മാവ് വിട്ടുപോയി.

132 ഓ യേശുവേ, ദൈവ പുത്രാ, വീണ്ടും വന്ന്, നിന്റെ സഭയെ സ്വതന്ത്രമായും, പൂർണ്ണമായും, ശക്തിയാൽ അഭിഷേകം ചെയ്താലും. ഉയിർത്തെഴുന്നേറ്റ യേശുവിന്റെ ജീവിക്കുന്ന ആത്മാവ് ഈ ചെറിയ സഭയെ ഇന്ന് രാവിലെ ഒരു പുതിയ വിശ്വാസത്തിലേക്ക് ഉയർത്താൻ ഇടയായി, ശക്തി, വിശ്വാസത്തിന്റെ ശക്തി, അതിനാൽ ഞങ്ങൾക്ക് എല്ലാ അസത്യമായവരെയും ലജ്ജിപ്പിക്കാൻ കഴിയും. കർത്താവേ, ഇതു അനുവദിച്ചാലും. ഈ ജനങ്ങളെയെല്ലാം നിനക്ക് സമർപ്പിക്കുന്നു, നീ അവരെ അനുഗ്രഹിച്ച് അവരുടെ ആത്മാക്കൾക്ക് രക്ഷ നൽകാൻ അപേക്ഷിക്കുന്നു, ഞങ്ങളുടെ കർത്താവായ യേശു ക്രിസ്തുവിലൂടെ, അവരുടെ ശരീരങ്ങളെ സുഖപ്പെടുത്തിയാലും.

133 നമ്മുടെ തലകളെ കുമ്പിട്ടു കൊണ്ട്, ഞാൻ ചോദ്യം ചോദിക്കാൻ പോകുന്നു. ഒരു ക്രിസ്ത്യാനി അല്ലാത്ത, ഇപ്പോൾ ഓർമ്മിക്കപ്പെടാൻ ആഗ്രഹിക്കുന്ന ആരെങ്കിലും ഇവിടെ ഉണ്ടെങ്കിൽ, പറയൂ, “ബ്രദർ ബ്രൺഹാം, എനിക്കു വേണ്ടി പ്രാർത്ഥിക്കുമോ”? അവിടെ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. മറ്റാരെങ്കിലും കൂടെ, “ഞാൻ ഒരു ക്രിസ്ത്യാനിയല്ല. യേശു മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റ വാർത്ത ഞാൻ കേട്ടിട്ടുണ്ട്, പക്ഷേ ശരിക്കും എനിക്ക് ഇത് അറിയില്ല. അവൻ ഒരിക്കലും എന്റെ ഹൃദയത്തിൽ ഉയിർത്തിട്ടില്ല. എനിക്ക് ഒരു തൃപ്തിയുമില്ല. ഞാനും കൂടെ, രോഗിയാണ്. ഞാൻ ഒരു പ്രാർത്ഥന നിരയിലൂടെ പോകും, തിരികെ വന്ന് മറ്റൊന്നിലൂടെ പോകുന്നു, പിന്നെയും തിരികെ വന്ന് മറ്റൊന്നിലൂടെ പോകുന്നു. ഞാൻ ആലയത്തിൽ നിന്ന് ആലയത്തിലേക്ക് ഒരു സ്ഥലത്തു നിന്നും മറ്റൊരു സ്ഥലത്തേക്ക് പോകും.” അതല്ല ഇത്. ഇത് അവനെ വിശ്വസിക്കുന്നതാണ്. അവൻ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റു. അത് അതിനെ ഉറപ്പിക്കുന്നു. മറ്റാരെങ്കിലും നിങ്ങളുടെ കൈ ഉയർത്തുമോ? പറയൂ...ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. മറ്റാരെങ്കിലും കൂടെ, “ഞാൻ വിശ്വസിക്കാൻ ആഗ്രഹിക്കുന്നു. ഞാൻ വിശ്വസിക്കണമോ”?

134 ഇവിടെ രോഗികളായി എത്രപേരുണ്ട്, നിങ്ങളുടെ കൈ ഉയർത്തി, പറയൂ, “ഞാൻ വിശ്വസിക്കാൻ ആഗ്രഹിക്കുന്നു. ഇന്ന് രാവിലത്തെ സന്ദേശം ഞാൻ അറിയാൻ ആഗ്രഹിക്കുന്നു.” ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. അത് കൊള്ളാം. അതെ, ദൈവം നിന്നെ അനുഗ്രഹിക്കട്ടെ, മകനെ. കൊള്ളാം. അങ്ങനെയാകട്ടെ.

135 ഇപ്പോൾ, ടെഡി, നിങ്ങൾ വായിക്കാൻ ഞാൻ ആഗ്രഹിക്കുന്നു *"ആ മഹാനായ വൈദ്യൻ,"* ഒരു നിമിഷം, നിങ്ങൾ ആഗ്രഹിക്കുന്നെങ്കിൽ, "ഇപ്പോൾ ചാരെയുണ്ട്." നിങ്ങൾ അത് ചെയ്യുമ്പോൾ...

136 അത് ഇപ്പോൾ ബുദ്ധിമുട്ടാണ്. കെട്ടിടത്തിലുടനീളം ദർശനങ്ങൾ ഉണ്ടാകുന്നു, നോക്കൂ. അതെ, ഞാൻ ശ്രമിക്കുന്നത്, ഇത് ഒരു പുനഃരുത്ഥാനമാകാൻ ഞാൻ ശ്രമിക്കുന്നു, അല്പം ഉയർന്ന വിധം, ഞാൻ ഇരുന്നിരുന്ന ചാര കുമ്പാരത്തിൽ നിന്ന്—നിന്ന് അല്പം ഉയർന്ന വിധം. എനിക്ക് ഒരു വെളിപ്പാടിൽ നിന്ന് അല്പം കൂടെ വേണം. ഞാൻ ഒരു കാര്യം അറിയുന്നു; ഞാൻ ആദ്യത്തെ ശുശ്രൂഷ മുറുകെ പിടിക്കുന്നിടത്തോളം, രണ്ടാമത്തേത് വരികയില്ല, അത് വന്നിരുന്നില്ല. ഇപ്പോൾ ഞാൻ രണ്ടാമത്തേത് മുറുകെ പിടിക്കുന്നിടത്തോളം, മൂന്നാമത്തേത് വരില്ല, നോക്കൂ. എനിക്ക് നേരെ പുറത്തു കടക്കണം, പുറത്തു കടന്ന് അത് വിശ്വസിക്കണം, "ദൈവം അങ്ങനെ പറഞ്ഞു!" കുറച്ച് ദിവസങ്ങൾക്ക് മുമ്പ്...

137 നിങ്ങൾക്ക് വേണമെങ്കിൽ ഇപ്പോൾ തലകളെ ഉയർത്താം. ഞാൻ നിങ്ങളുടെ കൈകളെ കിട്ടിയിരിക്കുന്നു; ദൈവം അവരെ കണ്ടിരിക്കുന്നു.

138 ഞാൻ നിങ്ങളോട് ഒരു ചിലത് പറയാൻ ആഗ്രഹിക്കുന്നു. സഹോദരൻ എഡ് ഡോൾട്ടൺ, അവൻ ഇപ്പോൾ വാതിൽക്കൽ വന്നു എന്ന് ഞാൻ വിശ്വസിക്കുന്നു, നല്ല ബാപ്റ്റിസ്റ്റ് സഹോദരൻ, അവനും അവന്റെ ഭാര്യയും. ജെഫ്രീസ് സഹോദരൻ ഇവിടെ എവിടെയോ ഉണ്ട്. ഒഥേൽ ജെഫ്രീസ്. അവൻ ഇവിടെയുണ്ട്, അവൻ ഇവിടെ എവിടെയോ ഉണ്ടെന്ന് എനിക്കറിയാം. ഏതു വിധമായാലും, ആ സഹോദരന്മാർ എന്നെ കെന്റക്കിയിൽ കൊണ്ടു പോകാനായി, ഒരു യോഗം സംഘടിപ്പിച്ചു. സഹോദരന്മാർ, വിലയേറിയ സഹോദരന്മാർ, അവരുടെ അയൽവാസികളെയും അവരുടെ ജനങ്ങളെയും സ്നേഹിക്കുന്നു. അവർക്ക് ഓഡിറ്റോറിയങ്ങളും ആയുധശാലകളും മറ്റും ലഭിച്ചു, ഒരു രാത്രി ശുശ്രൂഷക്കായി, അവർ ആയുധശാലകൾ വാടകയ്ക്കെടുത്തു. ചെറിയ ജെ. ടി. ഹുവർ, എപ്പോഴെങ്കിലും അവന്റെ...എൽ. ജി. ഹുവർ എലിസബത്ത് ടൌണിൽ ഒരെണ്ണം സംഘടിപ്പിച്ചു. പിന്നെ എഡ് ഡോൾട്ടൺ സഹോദരൻ വില്ലോ ഷേഡിൽ അല്ലെങ്കിൽ—അഥവാ സോമർസെറ്റ്, സോമർസെറ്റിലും. സഹോദരൻ, മറ്റേ സഹോദരൻ, ഗ്ലാസ്ഗോയ്ക്ക് ചുറ്റും, അവിടെയാണ് ഞാൻ ജനിച്ചത്. അവിടെ ഞാൻ ജനിച്ചതും വളർന്നതുമായ ആളുകൾ, അവിടെ കർത്താവിന്റെ ദൂതൻ എനിക്ക് ആദ്യമായി പ്രത്യക്ഷപ്പെട്ടിരുന്നു.

139 എനിക്ക് തിരികെ പോകാൻ ആഗ്രഹമുണ്ടായിരുന്നു. പക്ഷെ എനിക്ക് ഒരു ചെറിയ ലഘുവായ തട്ടൽ തോന്നി. ഞാൻ പറഞ്ഞു, "കൊള്ളാം, സഹോദരന്മാർക്ക് വേണ്ടി, ഞാൻ യോഗം സജ്ജീകരിക്കും." ഞാൻ ഈ താഴ്വരയിൽ എത്തിയ ഉടൻ തന്നെ, യോഗം അവസാനിക്കുന്നതു വരെ എന്റെ തൊണ്ട അടഞ്ഞിട്ട്, ഒമ്പത് ദിവസവും ഞാൻ സംസാരിച്ചില്ല.

140 സഹോദരൻ റുഡേൽ, ഈ കൂടാരത്തിലെ സഹോദരന്മാരിൽ ഒരാളായ, അവനും കൂടെ, ചിലപ്പോൾ ഇന്ന് രാവിലെ ഇവിടെ ഉണ്ടായിരിക്കാം, അവനും ജൂനി ജാക്സണും മറ്റുള്ളവരും, ഞാൻ അവനായും ഒരു യോഗം നടത്തേണ്ടതായിരുന്നു. ഉടൻ തന്നെ, എന്റെ തൊണ്ട അടഞ്ഞു പോയി. നിങ്ങൾ അറിയേണ്ട ആദ്യത്തെ കാര്യം, എനിക്ക് ഏകദേശം നൂറ്റി അഞ്ചോളം പനി ഉണ്ടായി. ആദ്യം, ഞാൻ ആദ്യം യോഗത്തിലേക്ക് പോവുകയായിരുന്നു, അപ്പോൾ—അപ്പോൾ ഡോക് ഷോൻ എന്നോട് പറഞ്ഞു...ഞാൻ പറഞ്ഞു, "എന്റെ തൊണ്ട അടഞ്ഞിരിക്കുന്നു."

141 അവൻ പറഞ്ഞു, "ആ ശബ്ദനാളത്തെ അലിയിച്ചു കളയാൻ ഞാൻ നിങ്ങൾക്ക് ഒരു സാധനം തരാം, പിന്നെ നിങ്ങൾ പോയി പ്രസംഗിക്കൂ." അവൻ എനിക്ക് തന്ന എന്തോ ഒന്നു ഞാൻ എടുത്തു, അപ്പോൾ, അത് എന്തായിരുന്നു എന്നാൽ, അത് ആ ദ്വാരത്തെ വലിച്ചിട്ട് അതിനെ അടച്ചു കളഞ്ഞു. പിന്നെ കടുത്ത പനിയുമായി, ഒമ്പത് ദിവസം ഞാൻ കട്ടിലിൽ കിടന്നു.

142 ഇവിടെയുള്ള എന്റെ സഹോദരന്മാരിൽ പലരും എന്റെ അടുക്കൽ വന്നു, പ്രശസ്തരായ നിരവധി സഹോദരങ്ങൾ വന്നു എനിക്കായി പ്രാർത്ഥിച്ചു. ഇവിടെ സഹോദരൻ ഗ്രഹാം സ്നെല്ലിംഗ് വരുന്നു, ഇവിടെ റുഡേൽ സഹോദരൻ വരുന്നു, ഈ സഹോദരങ്ങളെല്ലാം ഇവിടെയുണ്ട്, എല്ലാവരും ഒത്തുകൂടി, പ്രാർത്ഥിക്കുകയും മറ്റും ചെയ്തു. ഞാൻ പ്രാർത്ഥിക്കുന്നു, എന്റെ പരമാവധി ശ്രമിക്കുന്നു, ചെവിയിൽ മന്ത്രിക്കാൻ പോലും കഴിയുന്നില്ല. ഞാൻ അത്ഭുതപ്പെട്ടു, "ഇതെല്ലാം എന്താണ്?" എന്റെ പ്രിയ ഭാര്യ അവിടെ ഇരിക്കുന്നു, അവളും അവരും എനിക്കായി പ്രാർത്ഥിക്കുന്നു, അതേപടി തന്നെ അവിടെ തുടരുന്നു. അവർക്ക് മനസിലാക്കാൻ കഴിഞ്ഞില്ല.

143 ഇപ്പോൾ, അവൻ കഴിക്കാൻ എനിക്ക് കുറച്ച് മരുന്ന് തന്നു, പക്ഷേ ഞാൻ അത് എടുത്തില്ല, കാരണം അത് മയക്കുന്നതായിരുന്നു. എന്നിട്ട് ഞാൻ അത് അങ്ങനെ പോകാൻ അനുവദിച്ചു. പിന്നെ ഞാൻ ചിന്തിച്ചു കൊണ്ടിരുന്നു, "കർത്താവെ, തീർച്ചയായും!"

144 തുടർന്ന്, യോഗങ്ങൾ എല്ലാം കഴിഞ്ഞതിന് ശേഷം, ഒരു തിങ്കളാഴ്ച (അതായിരുന്നു, അവസാന യോഗം, അതു ശനിയാഴ്ച ആയിരിക്കണമായിരുന്നു), പിന്നെ (ഞാൻ വിശ്വസിക്കുന്നു), തുടർന്ന്, തിങ്കളാഴ്ച ഞാൻ എഴുന്നേൽക്കാൻ ശ്രമിച്ചു. ഞാൻ വളരെ ദുർബലനായിരുന്നു, എനിക്ക് മുറിയിലൂടെ പോകാൻ കഴിഞ്ഞിരുന്നില്ല. ഞാൻ ഇരുന്നു.

145 നിങ്ങൾക്കറിയാമോ, ദൈവം നൽകിയ ഭാര്യയ്ക്കായി ഞാൻ വളരെ നന്ദിയുള്ളവനാണ്. സഹോദരന്മാരെ, നിങ്ങളും അങ്ങനെയല്ലേ? ഒരു യഥാർത്ഥ ഭാര്യ, ഒരു യഥാർത്ഥ സഖി!

146 ഞാൻ ഇരിക്കുകയായിരുന്നു. ഞാൻ അവളോട് ആംഗ്യം കാണിച്ച്, അവളെ എന്നോട് അടുപ്പിച്ചു ഇരുത്തി. ഞാൻ പറഞ്ഞു "മേഡ, ചിലപ്പോൾ ഞാൻ അത്ഭുതപ്പെടുന്നു," ഞാൻ പറഞ്ഞു, "ഞാൻ അത്ഭുതപ്പെടുന്നു, എന്താണ് കാര്യം." ഞാൻ പറഞ്ഞു, "എന്തുകൊണ്ട് അവർ അവിടെ യോഗം നടത്തിയിട്ട്, ദൈവം എന്നെ ഇതുപോലെ കിടക്കാൻ അനുവദിച്ചത്?" ഞാൻ പറഞ്ഞു, "ഇത് എന്തുകൊണ്ട് ആയിരുന്നു?" ഞാൻ പറഞ്ഞു "അവൻ എന്നെ വിളിച്ചിട്ടുണ്ടോ എന്നു പോലും ചിലപ്പോൾ ഞാൻ അതിശയിക്കാറുണ്ട്."

147 അവൾ പറഞ്ഞു, "നിങ്ങൾ സ്വയം ലജ്ജിക്കുന്നില്ലേ?" കണ്ടോ? അവൾ എന്നോടു ചോദിച്ചു, പറഞ്ഞു, "ബിൽ, നിങ്ങളുമായി എന്താണ് ചെയ്യുന്നതെന്ന് ദൈവത്തിന് അറിയാമെന്ന് നിങ്ങൾക്ക് അറിയില്ലേ? വെറുതെ, മിണ്ടാതിരിക്കു."

148 അങ്ങനെ ഞാൻ അകത്ത് പോയി. അത്തരത്തിലെ ശാസന എന്നെ ഒരല്പം, നിങ്ങൾക്കറിയാം. അങ്ങനെ ഞാൻ അകത്തു കയറി കട്ടിലിൽ കിടന്നു. ഷീറ്റുകളെ മാറ്റാൻ അവൾ അകത്തേക്ക് വരുന്നു. അവൾക്ക് കിട്ടിയിട്ട് ആ—ആ സാധനങ്ങൾ അവളുടെ കയ്യിൽ കിട്ടിയിട്ട്, അവൾ പുറത്തേക്ക് പോകാൻ തുടങ്ങുമ്പോൾ, ഞാൻ നോക്കി, അവിടെ ആയിരുന്ന് ഒരു...

149 ഞാൻ കണ്ടു ഒരു പഴയ-...ഒരു വലിയ ആയുധനിർമ്മാണശാല, സൂര്യൻ പ്രകാശിച്ച് നിലത്തു മുഴവൻ വെളിച്ചം ചിതറിയിരിക്കുന്നു, കഷ്ണങ്ങളായി പൊട്ടിത്തെറിച്ചിരിക്കുന്നു, സൂര്യൻ ആകാശത്തിൽ നിന്ന് താഴേക്ക് പ്രകാശിക്കുന്നു. അവിടേക്ക് മൂന്നു സ്ത്രീകളും ഒരു പുരുഷനും, കടന്നു വരുന്നു. അവർ ചെറിയ കഷണം പോലെ, ചെറിയ...ഇങ്ങനെ, ചെറിയ വെടിവെക്കുന്ന തോക്കുകൾ, പോലെ ആയിരുന്നു. അവൻ പറഞ്ഞു, "അത് ആണികളെ തറയ്ക്കുന്നു." പറഞ്ഞു "ഞങ്ങൾ ചെയ്യും... ബ്രദർ ബ്രൺഹാം, നിങ്ങൾ ഈ കഷണങ്ങൾ ഉയർത്തിപ്പിടിക്കു, ഞങ്ങൾ നിങ്ങൾക്കായി ഈ ആയുധശാല തിരികെ പണിയും."

അപ്പോൾ ഞാൻ പറഞ്ഞു "അങ്ങനെയാകട്ടെ, ഞാൻ അത് ചെയ്യാം."

150 എന്നാൽ എന്തോ പറഞ്ഞു, "അത് ചെയ്യരുത്." അതെ, *ഇതുപോലെ,* ഇതിനെ *ഇതുപോലെ* നിർമ്മിക്കാനായി, ഒരു ഭാഗം എടുക്കാൻ ഞാൻ കൈ നീട്ടി. അപ്പോൾ തന്നെ ഒരു ശബ്ദം എന്നോട് സംസാരിച്ചിട്ട്, പറഞ്ഞു, "നിന്നെ തിരികെ കൊണ്ടുപോകാൻ അവർ അവർ ഇപ്പോൾ യാത്രയിലാണ്. നീ ഇത് വിശ്വസിക്കരുത്." പറഞ്ഞു, "അവർ എപ്പോഴത്തെയും പോലെ ആത്മാർത്ഥതയോടെ, **കർത്താവ് ഇപ്രകാരം അരുളി ചെയ്യുന്നു** എന്നതുമായി നിന്റെ അടുക്കൽ വരുന്നു, പക്ഷേ അവർ തെറ്റാണ്." കണ്ടോ?

151 ഫ്രെഡ് സോത്മാനും, അവരിൽ പലരും ഇവിടെ, ഞാൻ അവരോട് അവിടെ വെച്ച് അതു പറയുമ്പോൾ ഉണ്ടായിരുന്നു. ഒരു മണിക്കൂറിനുള്ളിൽ തന്നെ, ആ ആളുകൾ യാത്ര ചെയ്ത് എന്റെ വാതിൽക്കൽ വന്നു. ഞാൻ പറഞ്ഞു, "അതിൽ മൂന്ന് സ്ത്രീകളും ഒരു പുരുഷനും ഉണ്ട്."

"അത് കൃത്യമായും ശരിയാണ്."

"അവർ **കർത്താവ് ഇപ്രകാരം അരുളി ചെയ്യുന്നു** എന്നതുമായിട്ടല്ലേ വന്നത്?"

"അതെ, സർ, അവർ..."

152 ഞാൻ പറഞ്ഞു, "തീർച്ചയായും, അവരോട് എന്തു പറയണം എന്ന് നിങ്ങൾക്കറിയാം." ആത്മാർത്ഥമായും തെറ്റാണ്, നോക്കൂ. നല്ല ആളുകൾ, പക്ഷേ ആത്മാർത്ഥമായും തെറ്റാണ്. കണ്ടോ?

153 പിന്നെ ഞാൻ ചിന്തിച്ചു, "അതെ, എനിക്ക് എന്തു ചെയ്യാൻ കഴിയും? ഞാൻ എന്താണ് ചെയ്യേണ്ടത്?" പിന്നെയും മേഡ അകത്തേക്ക് വന്നിട്ട്, അവൾ തിരികെ പോയി. അപ്പോൾ ഫ്രെഡി സഹോദരൻ പോയി ആ ആളുകളോട് പറഞ്ഞു. പിന്നെ കുറച്ചു കഴിഞ്ഞപ്പോൾ, ഞാൻ അവിടെ തന്നെ ആയിരുന്നു—കട്ടിലിൽ വെച്ച്, ഞാൻ ചിന്തിച്ചു, "എന്തുകൊണ്ടാണ് ഇത് അങ്ങനെ സംഭവിക്കുന്നത്? എന്തുകൊണ്ട് എനിക്ക് സംസാരിക്കാൻ കഴിഞ്ഞില്ല? എന്തുകൊണ്ടാണ് എനിക്ക് ആരോടെങ്കിലുമോ അതല്ല മറ്റെന്തെങ്കിലുമോ സംസാരിക്കാൻ കഴിയാത്തത്?" ഞാൻ അവിടെ കിടക്കുകയായിരുന്നു. മേഡ അകത്തു വന്നിട്ട്, മുറിയിൽ നിന്ന് പുറത്തേക്ക് പോവുകയായിരുന്നു.

154 ഞാൻ നോക്കിയപ്പോൾ, എന്തോ ചിലത് ഒരു വശത്തേക്ക് മിന്നുന്നതു ഞാൻ കണ്ടു. ഞാൻ നോക്കിയപ്പോൾ, അവിടെ ഇത്

ആയിരുന്നു...എന്റെ ചുവർ തുറന്നു വന്നിട്ട്, ഞാൻ യേശുവിനെ കണ്ടു. ഒരു ദർശനത്തിൽ, എന്റെ ജീവിതത്തിൽ ഞാൻ രണ്ടുതവണ യേശുവിനെ കണ്ടിട്ടുണ്ട് എന്ന് പറഞ്ഞിട്ടുള്ളത് നിങ്ങളിൽ എത്രപേർ കേട്ടിട്ടുണ്ട്? അവസാന സമയത്തിനു മുമ്പ് ഞാൻ അവനെ വീണ്ടും കാണുമെന്ന് ഞാൻ വിശ്വസിച്ചിരുന്നു, നോക്കു, അവനെ വീണ്ടും കാണുക. ഇപ്പോൾ, ഞാൻ നോക്കിയപ്പോൾ, ആകാശം അവിടെത്തന്നെ ആയിരുന്നു, അത് ഞാൻ ചുവരിലൂടെ നോക്കുന്നതുപോലെ ആയിരുന്നു. അവിടെ ബൈബിൾ *ഇതുപോലെ* ശരിക്കും അവിടെ നിൽക്കുന്നു, വളരെ വലിയ ബൈബിൾ ആകാശത്ത് നിൽക്കുന്നു. അതെ, അവിടെ ബൈബിളിന് ചുറ്റുമായി എന്തോ ചിലത് ഉണ്ടായിരുന്നു, ബൈബിളിൽ നിന്ന് ഒരു മനോഹരമായ സ്വർണ്ണ കുരിശ് പുറപ്പെട്ടു വരുന്നു. അതു *ഇതുപോലെ* നിന്നിട്ട്, അതിന്റെ ചുറ്റും നിന്ന് പ്രകാശങ്ങൾ വരുന്നു, ആ കുരിശിൽ നിന്നു അവൻ നടന്നു വരുന്നു. ബൈബിൾ ക്രൂശിനെ പ്രതിഫലിപ്പിച്ചിരുന്നു, കുരിശ് അവനെ പ്രതിഫലിപ്പിച്ചിരുന്നു. അവൻ പുറത്തേക്ക് നടന്നിറങ്ങി, താഴെ ഞാൻ ആയിരുന്ന സ്ഥലത്തേക്ക് വന്നു. എനിക്ക് ഇത് വ്യക്തമായി കാണാൻ കഴിഞ്ഞിട്ട്, അവിടെ നില്ക്കുമ്പോൾ ആ കുരിശ് അവന്റെ മുടിയെ പ്രതിബിംബിച്ചിട്ട്, അവന്റെ മുഖത്ത് കൂടെ തൂങ്ങിക്കിടന്നത് എനിക്ക് കാണാമായിരുന്നു.

155 അവൻ എന്നെ *അങ്ങനെ* താഴേക്ക് നോക്കിക്കൊണ്ട്, പിന്നെ അവൻ എന്നോടു പറഞ്ഞു, “നിന്റെ പുതിയ ശുശ്രൂഷ നിനക്ക് സ്ഥിരീകരിക്കുന്നതിനായി നീ കാത്തിരിക്കുന്നു.” അവൻ പറഞ്ഞു, “ഞാൻ നിനക്ക് ഇത് ഇതിനകം തന്നെ സ്ഥിരീകരിച്ചിരിക്കുന്നു. അത് ഇതിനകം തീർച്ചയാക്കിയിരിക്കുന്നു. നിനക്ക് അത് സ്വീകരിക്കേണ്ടതുണ്ട്.” കണ്ടോ? ഞാൻ ഒരു നിമിഷം നിന്നു അവനെ ശ്രദ്ധിച്ചു കേട്ടു. അപ്പോൾ അത് എന്റെ മനസ്സിലേക്ക് വന്നു. ഞാൻ അത് കേട്ടതല്ല, അത് എന്റെ മനസ്സിലേക്ക് വന്നതാണ്.

156 തന്റെ ജീവ കാലം മുഴുവൻ പാപിയായിരുന്ന ഒരു മനുഷ്യനെപ്പോലെ, ഒരു ബൈബിൾ ഉണ്ടെന്ന് അവനറിയാം, ഒരു ദൈവമുണ്ടെന്ന് അറിയാം, എന്നാൽ പൊടുന്നനെ അവൻ ഒരു പ്രസംഗം കേൾക്കുന്നു, പിന്നെ എന്തോ അവനോട് പറയുന്നു, “ഇത് നീയാണ്.” അപ്പോൾ, അത് അവന് സ്ഥിരീകരിച്ചിട്ട്, അതേ വാക്ക് എല്ലായ്പ്പോഴും അവിടെ ഉണ്ടായിരുന്നു, അപ്പോൾ അവൻ പറയുന്നു, “കർത്താവേ, എന്നോട് ക്ഷമിക്കേണം.” എന്നാൽ അവന്റെ രക്ഷ അവൻ സ്വീകരിക്കുന്നതു വരെ അത് ഒരു ഗുണവും ചെയ്യില്ല, പിന്നെ അവൻ ഒരു ക്രിസ്ത്യാനിയായി പുറപ്പെട്ടു പോകുന്നു. അവൻ എത്രമാത്രം

കരഞ്ഞെന്നോ, എത്ര യാചിച്ചെന്നോ കാര്യമില്ല, അവൻ അത് സ്വീകരിക്കണം.

157 കൂടാതെ പിന്നെയും അവൻ എന്നോട്ടു പറഞ്ഞു "നിനക്ക് ഇത് അതേ രീതിയിൽ തന്നെ അംഗീകരിക്കണം. നീ ഇത് വിശ്വസിക്കേണ്ടതുണ്ട്."

158 തോൽവിയെ ഞാൻ ഭയപ്പെട്ടുന്നു. എന്തായാലും, ഞാൻ ഒരു നിന്ദ കൊണ്ടുവരുമെന്ന് ഞാൻ ഭയപ്പെട്ടുന്നു. ഞാൻ എല്ലായ്പ്പോഴും അതിനെ ഭയപ്പെട്ടിരുന്നു, ശ്രദ്ധിക്കുകയും, ഞാൻ തെറ്റായ കാര്യം വിളിച്ചു പറയുമെന്ന് ചിന്തിക്കുകയും ചെയ്തിരുന്നു. കാരണം, മോശെയ്ക്ക് വലിയ അധികാരം നൽകിയിരുന്നത് എങ്ങനെ, എന്നതിന്റെ മുന്നറിയിപ്പ് ഞാൻ ബൈബിളിൽ നിന്നും എടുത്തിരുന്നു, അവൻ പാറയോട് സംസാരിക്കുന്നതിനു പകരം അതിനെ അടിച്ചിരുന്നു. ഞാൻ ഏലീയാവിനെ ഓർത്തു, അവൻ മൊട്ടത്തലയൻ ആയിരുന്നതിനാൽ, ആ കൊച്ചുകുട്ടികൾ അവനെ മൊട്ടത്തലയൻ എന്നു വിളിച്ച് കളിയാക്കി; അവൻ ആ കുട്ടികളെ ശപിക്കുകയും, ആ നാല്പത്തി-രണ്ടു പേരും കരടികളാൽ കൊല്ലപ്പെടുകയും ചെയ്തു, നോക്കൂ. അത് പരിശുദ്ധാത്മാവ് ആയിരുന്നില്ല, പക്ഷേ അത് പ്രകോപിതനായ, പ്രവാചകനായിരുന്നു. ഞാൻ—ഞാനും ഈ എല്ലാ കാര്യങ്ങളിലൂടെയും പോയിട്ട്, അതിലേക്ക് വന്നിരുന്നു.

159 അവൻ അവിടെ നിന്ന്, എന്നോട്ടു സംസാരിച്ചിരുന്നു. പിന്നെ അവൻ പറഞ്ഞു, "പക്ഷേ നീ വളരെയധികം പേരോടൊപ്പം നടക്കുന്നു." അവൻ പറഞ്ഞു, "എന്നോടൊപ്പം നടക്കാൻ, നിനക്ക് ഒറ്റയ്ക്ക് നടക്കണം."

160 അപ്പോൾ തന്നെ ഞാൻ കണ്ടു, ഞാൻ വിഭാഗീയ സഭകളെയും എല്ലാ കാര്യങ്ങളെയും വളരെയധികം പോഷിപ്പിച്ചിരുന്നതു, നിങ്ങൾ കാണുന്നു, എന്തു ചെയ്യണമെന്നും എന്തു ചെയ്യരുതെന്നും നിങ്ങളോട് പറയാൻ ആരെങ്കിലും ശ്രമിക്കുന്നു. നിങ്ങൾക്ക് അവനെ അനുഗമിക്കേണ്ടതുണ്ട്. ഇപ്പോൾ, മത്സ്യങ്ങളെക്കുറിച്ച് അവൻ എനിക്ക് തന്ന ദർശനം ഓർക്കു, നിങ്ങൾക്കറിയാം, പെന്തെക്കോസ്ത് കുഞ്ഞുങ്ങൾക്ക് അമാനുഷിക അടയാളങ്ങൾ പഠിപ്പിക്കാൻ കഴിയാത്ത വിധം അത് എങ്ങനെയാണ്. നിങ്ങൾ ഓർക്കുന്നു. അവിടെ ആയിരുന്നു അത്. കൂടാതെ ഞാൻ ഈ പുതിയ സന്ദേശത്തിന്റെ വക്കിലും ആയിരുന്നു.

161 ദർശനം എന്നെ വിട്ടുപോയ ഉടൻ തന്നെ, ഞാൻ പറഞ്ഞു, "ആമേൻ, കർത്താവെ!" ഏകദേശം ബോധം കെട്ടതുപോലെ, എന്റെ ഭാര്യ അവിടെ നിന്നിരുന്നു. ഞാൻ കട്ടിലിൽ നിന്ന് ചാടി എഴുന്നേറ്റു,

എപ്പോഴത്തേയും പോലെ നന്നായി സംസാരിക്കാൻ എനിക്ക് കഴിയുന്നു. ഒരു നിമിഷത്തിനുള്ളിൽ, പനിയുടെ ഓരോ അംശവും എന്നെ വിട്ടുപോയി.

162 ഞാൻ ഡോക് ഷോനെ വിളിച്ചു, ഞാൻ പറഞ്ഞു, "നീ എന്നെ നോക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു."

അവൻ ചോദിച്ചു, "എന്താ?"

163 ഞാൻ അവിടെ എത്തിയിട്ട്, അവൻ എന്നെ നോക്കി, ആ ദ്വാരങ്ങളിലൂടെ നോക്കിയിട്ട്, ചോദിച്ചു, "എന്തു സംഭവിച്ചെന്ന് എന്നോട് പറയൂ, ബ്രദർ ബ്രൺഹാം."

അപ്പോൾ ഞാൻ ചോദിച്ചു, "നീ എന്റെ കഥ വിശ്വസിക്കുമോ?"

അവൻ പറഞ്ഞു, "എനിക്ക് ഇത് എങ്ങനെ സംശയിക്കാൻ കഴിയും? ഇത് സംഭവിച്ചിരിക്കുന്നു."

164 അതാണ് ഇത്, നോക്കൂ. അതാണ് ഇത് സുഹൃത്തേ. നിങ്ങളെ ഒരു ചാരക്കുമ്പാരത്തിൽ എങ്ങനെ ഇരുത്തിയിരിക്കാമെന്ന് ദൈവത്തിന് അറിയാം. നിങ്ങളിലേക്ക് സന്ദേശം കൊണ്ടു വരുന്നതു വരെ, നോക്കൂ, എന്തെങ്കിലും ചെയ്യാനായി, നിങ്ങളോട് എന്തു ചെയ്യണമെന്ന് അവനറിയാം.

165 ഇന്ന്, എത്രമാത്രം തോൽവി എന്ന് എനിക്കറിയില്ല. വളരെ മുമ്പല്ലാതെ ഞാൻ അകത്തേക്ക് പോയി, ഒരു റേഡിയോ പ്രക്ഷേപണം കേൾക്കുകയായിരുന്നു. അവിടെ ഒന്ന് കൊരിന്ത്യർ 15 ൽ നിന്നും പുനഃരുത്ഥാനത്തെക്കുറിച്ച് ഒരു ദൈവ ദാസൻ പ്രസംഗിക്കുകയായിരുന്നു. അവൻ ആ പുനഃരുത്ഥാനം പ്രസംഗിക്കുകയായിരുന്നു. അവൻ തന്റെ പ്രഭാഷണത്തിന്റെ നടുവിൽ അവൻ നിർത്തിയിട്ട്, അവൻ പറഞ്ഞു, "നിങ്ങൾക്കറിയാം, നിരവധി ആളുകൾ തോൽവിയെ ഭയപ്പെടുന്നു." അവൻ പറഞ്ഞു, "ജനറൽ പാറ്റന് ഒരു കൂട്ടം സൈനികരെ നഷ്ടമായപ്പോൾ," പറഞ്ഞു, "അപ്പോൾ അവർ അവനോടു പറഞ്ഞു...അവൻ മടക്കി അയച്ചിട്ട് പിന്നെ കുറച്ചു കൂടി അവൻ ആഗ്രഹിച്ചു, അവർ അവനായി കുറച്ചു കൂടി അയച്ചു. അവൻ അവരെ കൊന്നിട്ട്, കുറച്ചു പേർക്ക് കൂടെ അവൻ അയച്ചു. അവന് അവിടെ ആ മൂന്നാമത്തെ കൂട്ടരെ കിട്ടിയപ്പോൾ," പറഞ്ഞു, "ഓരോ തവണയും ഒരു വെടിയുണ്ട ചെവിപൊട്ടുന്ന ശബ്ദം ഉണ്ടാക്കുമ്പോൾ, അവർ ഒരു ടിന്നിന്റെ അടിയിലേക്ക് ഓടുകയോ, അല്ലെങ്കിൽ ഭയന്ന് മറ്റൊന്നിന്റെ കീഴിലേയ്ക്ക് ഓടുകയോ ചെയ്യും."

166 അദ്ദേഹം പറഞ്ഞു, "കുട്ടികളെയല്ല, പുരുഷന്മാരെ എനിക്ക് അയച്ചു തരൂ." അദ്ദേഹം പറഞ്ഞു, "മരിക്കാൻ തയ്യാറുള്ള പുരുഷന്മാരെ

എനിക്ക് വേണം. മരിക്കാൻ ഭയപ്പെടുന്ന ആരെയും എനിക്ക് ആവശ്യമില്ല. നമ്മൾ എന്തിനു വേണ്ടി പോരാടുന്നോ അതിനു വേണ്ടി മരിക്കാൻ തയ്യാറല്ലെങ്കിൽ, അവരെ എന്നിൽ നിന്ന് അകറ്റി നിർത്തു. എനിക്ക് പുരുഷന്മാരെ വേണം."

അവർ പറഞ്ഞു, "നിങ്ങൾ രണ്ടോ മൂന്നോ യുദ്ധങ്ങൾ തോറ്റിരിക്കുന്നു."

167 അദ്ദേഹം പറഞ്ഞു, "ഞാൻ പോരാട്ടം തോറ്റിട്ടില്ല. ഞാൻ ഒരു യുദ്ധത്തിൽ തോറ്റുപോയി." എന്റെ ഹൃദയത്തിൽ എന്തോ ചിലതു സംസാരിച്ചു.

168 ഐസൻഹോവർ പറഞ്ഞത് ഞാൻ ഓർക്കുന്നു "ഞാൻ ഒരു വെടിയുണ്ട എറിഞ്ഞിട്ട്, ആജ്ഞാപിച്ചപ്പോൾ അവർ തോക്കിൽ ഒരു പീരങ്കിയുണ്ട ഇട്ടു, അവർ അത് വലിച്ചപ്പോൾ അത് ഒരു നേരിയ സീൽക്കാര ശബ്ദം പുറപ്പെടുവിച്ചു, അത് പ്രവർത്തിച്ചില്ല," പറഞ്ഞു, "ഞാൻ ഉപേക്ഷിക്കുകയോ കീഴടങ്ങുകയോ ഇല്ല. ഞാൻ ആ വെടിയുണ്ട പുറത്തേക്ക് വലിച്ചെറിഞ്ഞ് മറ്റൊന്ന് ഇട്ടു, അതു ശ്രമിച്ചു നോക്കി. ഇത് പ്രവർത്തിക്കുന്നില്ലെങ്കിൽ, ഒന്നു പ്രവർത്തിക്കുന്നതു വരെ, ഞാൻ മറ്റൊന്ന് ഇട്ടുകൊണ്ടിരിക്കും."

169 ആ വിധത്തിലാണ് അത് ചെയ്യേണ്ടത്. അത് എങ്ങനെ ആകും എന്നു എനിക്ക് അറിയില്ല. എന്നാൽ ഈ പുൽപ്പിറ്റിൽ ദൈവം എന്റെ ന്യായാധിപൻ ആയിരിക്കെ, എത്ര അസഫലമായെന്നോ പിന്നെ എത്ര—എത്ര യുദ്ധങ്ങൾ ഞാൻ തോക്കും എന്നോ എനിക്ക് അറിയില്ല, പക്ഷേ ഞാൻ പോരാട്ടം തോൽക്കില്ല. അവൻ എന്നോടൊപ്പം ഉണ്ടായിരിക്കുമെന്ന് അവൻ എന്നോട് പറഞ്ഞു. ശുശ്രൂഷ സ്ഥിരീകരിച്ച് അത് പ്രവർത്തനക്ഷമമാകുന്നതു വരെ ഞാൻ നിൽക്കും. ദൈവ കൃപയാൽ, ഞാൻ ഇന്ന് രാവിലെ ഇത് ആരംഭിക്കുന്നു. ഇത് ഇവിടെ പ്രവർത്തിക്കുമോ, അതോ ഇത് മറ്റെവിടെയെങ്കിലും പ്രവർത്തിക്കുമോ, അത് എങ്ങനെ പ്രവർത്തിക്കും അല്ലെങ്കിൽ എന്തു സംഭവിക്കും എന്ന് എനിക്കറിയില്ല. എന്തു സംഭവിക്കുന്നു എന്ന് അറിയുന്നതു വരെ, രോഗികൾക്കുവേണ്ടി പ്രാർത്ഥിച്ചു കൊണ്ട്, ഞാൻ പ്രാർത്ഥന നിരയിലൂടെ താഴേക്ക് നടക്കും. രണ്ടോ മൂന്നോ തവണ ഇത് സംഭവിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്.

170 ഹെയ്റ്റിയുടെ വീട്ടിൽ ഇത് സംഭവിക്കുന്നത് ഞാൻ കണ്ടു. അണ്ണാനുകളെയും, ആ പെൺകുട്ടിയേയും, ആ സ്ത്രീയേയും പറ്റിയുള്ള കഥ എത്രപേർ കേട്ടിട്ടുണ്ട്? നമ്മൾ അറിയുന്ന മുതലുള്ള ആദ്യത്തെ വ്യക്തി, ശിഷ്യന്മാരുടെ കാലം തുടങ്ങി, ആദ്യമായി അതു പറയാനുള്ള പദവി നൽകിയത്, നീ അവിടെ ആയിരിക്കുമ്പോൾ, "നീ

ആഗ്രഹിക്കുന്നത് എന്തും ചോദിക്കൂ," നിങ്ങൾ എപ്പോഴെങ്കിലും ആ കഥ കേട്ടിട്ടുണ്ടോ? നിങ്ങൾ എപ്പോഴെങ്കിലും ആ സ്ത്രീയെ കണ്ടിട്ടുണ്ടോ? എത്രപേർ അവളെ ഒരിക്കലും കണ്ടിട്ടില്ല, ആഗ്രഹിക്കുന്നു, അത് സംഭവിച്ച സ്ത്രീയെ കാണാൻ ആഗ്രഹിക്കുന്നോ? ഞങ്ങൾ...

ഹെയ്റ്റി, നീ എഴുന്നേറ്റു നിൽക്കുമോ? അവിടെയാണ് ആ സ്ത്രീ.

171 അവളുടെ വീട്ടിൽ നിൽക്കുകയായിരുന്നു. ഞാൻ എട്ട് അണ്ണാനുകളെ കണ്ടതിനു ശേഷം, അത് അവിടെ ചുറ്റിലെങ്ങും ഒരിടത്തും ഇല്ലായിരുന്നു, പിന്നെ, വചനം മാത്രം പറയൂ, അവ അവിടെ ഉളവായി വരും. അതു സത്യമാണ്. അത്, അവ അവിടെ ഉളവായി വന്നു. പിന്നെ ഞാൻ ചോദിച്ചു, "ആ അണ്ണാനുകളെ അവിടെ വരുമാറാക്കിയത് ആരാണ്?" അവളുടെ മേശയിൽ ഇരിക്കുമ്പോഴായിരുന്നു. അവളുടെ അമ്മ, സിസ്റ്റർ റൈറ്റ്, ഇവിടെ സഹോദരൻ റൈറ്റ്, അവിടെ ഇരുന്നിരുന്നു. മേശയിൽ ഉണ്ടായിരുന്നവരിൽ എത്രപേർ, ഇന്ന് രാവിലെ ഇവിടെ എത്രപേർ ഉണ്ട്? നിങ്ങളുടെ കൈകൾ ഉയർത്തൂ. അതെ, കെട്ടിടത്തിന് ചുറ്റും, അവർ അവിടെ ഉണ്ടായിരുന്നു. കണ്ടോ? അങ്ങനെയാകട്ടെ, അവർ അവിടെ ഉണ്ടായിരുന്നു. ഞാൻ പറഞ്ഞു, "ഒരു ദിവസം..." അവരുടെ ചെറിയ വികലാംഗയായ സഹോദരി അവിടെ ഇരുന്നിരുന്നു.

172 ഞാൻ പറഞ്ഞു, "ഇതിനു ദർശനത്തിലൂടെയും, മറ്റും വരുന്നു എങ്കിൽ, ഒരു ദിവസം ഇത് വ്യത്യസ്തമായിരിക്കും." അങ്ങനെ സംസാരിക്കുകയായിരുന്നു. പൊടുന്നനെ, എന്തോ അതിനെ അഭിഷേകം ചെയ്തു (ഇത് ഈ ജനങ്ങൾക്ക് വിടുന്നു), ഞാൻ ഒരിക്കലും അത്തരമൊരു അഭിഷേകം അനുഭവിച്ചിട്ടില്ല. എന്തുകൊണ്ട്? കാരണം ഹെയ്റ്റി ശരിയായ കാര്യം പറഞ്ഞിരുന്നു.

173 ഞാൻ പറഞ്ഞു, "എവിടെ നിന്നാണ് ആ അണ്ണാനുകൾ വന്നത്? അവിടെ ഒരു ടെലിഫോൺ പോൾ പോലെയുള്ള ഒന്നും അവിടെ ഉണ്ടായിരുന്നില്ല, അവിടെ ഒന്നും ഉണ്ടായിരുന്നില്ല, അവയ്ക്ക് ഇരിക്കാൻ അവിടെ ഒന്നും ഇല്ലായിരുന്നു. ശരിക്കും എട്ട് തവണ അത് സംഭവിക്കുന്നത് ഞാൻ കണ്ടു." പിന്നെ ഞാൻ പറഞ്ഞു, "അത് എവിടെ നിന്നു വന്നു എന്ന് എനിക്കറിയില്ല." ഞാൻ പറഞ്ഞു, "ഞാൻ അറിയുന്ന ഏക കാര്യം, അത് ദൈവം ഒരിക്കൽ അബ്രഹാമിനോട് ഒരു സന്ദേശം സ്ഥിരീകരിക്കാൻ ശ്രമിച്ചിട്ട്, അവൻ സംസാരിച്ചപ്പോൾ ഒരു ആട്ടുകൊറ്റൻ അസ്തിത്വത്തിൽ വന്നു, കാരണം അത് സ്ഥിരീകരിക്കാൻ, അവന് ഒരു ആട്ടുകൊറ്റനെ ആവശ്യമായിരുന്നു. എന്റേതിനായി സംസാരിക്കാൻ, എനിക്ക് ഒരു അണ്ണാൻ ആവശ്യമായിരിക്കണം. അവൻ തുടർച്ചയായി എട്ട് തവണ

ഇത് ചെയ്തു, അഥവാ ശരിക്കും ഏഴു തവണ, കൃത്യമായി പറഞ്ഞാൽ, ഏഴ് തവണയാണ്.” പിന്നെ ഞാൻ പറഞ്ഞു...

174 കൂടാതെ, ഹെയ്റ്റി, ഒരുപക്ഷേ ആ സ്ത്രീ എന്താണ് പറയുന്നതെന്ന് അറിയാതെ. ഇത് ജ്ഞാനികളെയും ഗർവ്വികളെയും മറികടന്നത് എങ്ങനെയെന്ന് നോക്കു. ഇത് എങ്ങനെയാണ് എല്ലാത്തിനെയും മറികടന്നതെന്ന് നോക്കു, അവിടെയുള്ള ഒരു പാവപ്പെട്ട വൃദ്ധയായ നാട്ടുകാരി സ്ത്രീയുടെ അടുത്തേക്ക് വന്നു.

175 ആ സ്ത്രീക്ക് തിരികെ കൊടുക്കാനായി, എന്റെ പോക്കറ്റിൽ ഇരുപത് ഡോളറുകൾ ഉണ്ടായിരുന്നു, അത്, ഈ നിർമ്മിക്കുന്ന പുതിയ ആലയത്തിനായി അവൾ അമ്പത് ഡോളർ പ്രതിജ്ഞ ചെയ്തിരുന്നതാണ്. ഞാൻ ഇത് അവളെ വിഷമിപ്പിക്കാൻ പറയുന്നതല്ല; ശരിക്കും, അത് കൊടുക്കാൻ, അവൾക്ക് അമ്പത് സെന്റുകൾ പോലും താങ്ങാൻ കഴിയില്ല. പക്ഷേ, സന്ദേശത്തിലുള്ള അവളുടെ ഹൃദയം, അവൾ ആഗ്രഹിച്ചിരുന്നു. സഹോദരൻ നെവിൽ, അത് സ്വീകരിച്ചെന്ന്, ഞാൻ വിശ്വസിക്കുന്നു, അതിന്റെ ബാക്കിയുള്ളത് എടുക്കാതെ, അതിലെ ഇരുപത് ഡോളറുൾ അവൾക്ക് നൽകാൻ പോകുകയായിരുന്നു. എന്റെ പോക്കറ്റിൽ രണ്ട് പത്ത് ഡോളർ നോട്ടുകൾ ഉണ്ടായിരുന്നു, മേഡ പലചരക്ക് സാധനങ്ങൾ വാങ്ങാൻ എനിക്ക് തന്നതായിരുന്നു, ഞാൻ പറഞ്ഞു, “ഞാൻ അത് ഇന്ന് അവൾക്ക് തിരികെ കൊടുക്കാൻ പോകുന്നു.”

176 പിന്നെ ഞാൻ ചിന്തിച്ചു, എന്തോ എന്നോട് സംസാരിച്ചിട്ട്, പറഞ്ഞു, “ആ വിധവ അവളുടെ മൂന്നു നാണയങ്ങൾ ഇടുന്നത് യേശു കണ്ടിരുന്നു, അവൻ അത് എടുത്ത് അവൾക്ക് തിരികെ കൊടുത്തില്ല.” അവൻ അവളെ മുന്നോട്ട് പോകാൻ അനുവദിച്ചു എന്തുകൊണ്ടെന്നാൽ വരും ദിവസങ്ങളിൽ അവൾക്ക് കൊടുക്കാൻ വലിയ ചിലത് അവനുണ്ടായിരുന്നു.

177 ഭർത്താവില്ലാത്ത, ഒരു വിധവയായ സ്ത്രീയോടും, അവൻ അതേ രീതിയിൽ സംസാരിച്ചിരുന്നോ എന്നും എനിക്ക് അറിയില്ല. അവളുടെ ഭർത്താവ് കൊല്ലപ്പെട്ടിരുന്നു. ഞാൻ പറഞ്ഞപ്പോൾ, അതിനു സമാനമായത് ആയിരുന്നോ എന്നും ഞാൻ അറിഞ്ഞിരുന്നില്ല, “എങ്കിൽ ഞാൻ ഇരുപത് ഡോളർ സൂക്ഷിക്കും, നീ അവൾക്കായി മറ്റെന്തെങ്കിലും കരുതിയിരിക്കും.”

178 ഞാൻ പറഞ്ഞു, “ഞാൻ അറിയുന്ന ഏക കാര്യം, യഹോവ ഇപ്പോഴും യഹോവ-യിരേ തന്നെ. ഒരു ബലിയെ നൽകാൻ അവനു കഴിയും.”

179 അവൾ എന്തു പറയുന്നു എന്ന് അറിയാതെ തന്നെ, ഹെയ്റ്റി, എഴുന്നേറ്റിട്ട് പറഞ്ഞു, "അത് സത്യം അല്ലാതെ മറ്റൊന്നുമല്ല, ബ്രദർ ബ്രൺഹാം." ഓ, എന്റെ! അതു പറയാനുള്ള ശരിയായ കാര്യം ആയിരുന്നു. അത് പറയാൻ ഉണ്ടായിരുന്ന ശരിയായ കാര്യമായിരുന്നു.

180 ഏകദേശം ആ സമയം ആയപ്പോഴേക്കും, ദൈവത്തിന്റെ ശക്തി ആ സ്ഥലത്ത് പതിച്ചു; ഞാൻ ഒരിക്കലും അത്തരം അഭിഷേകം അനുഭവിച്ചിട്ടില്ല. അത് ചെയ്തപ്പോൾ, ഞാൻ പറഞ്ഞു, "ഹെയ്റ്റി, **കർത്താവ് ഇപ്രകാരം അരുളി ചെയ്യുന്നു**, നീ ആഗ്രഹിക്കുന്നത് എന്തും ചോദിക്കു! അത് എന്താണെന്ന് ഞാൻ കാര്യമാക്കുന്നില്ല, നിന്റെ ഹൃദയത്തിന്റെ ആഗ്രഹം ഇപ്പോൾ തന്നെ നിനക്ക് തരാനുള്ള അധികാരം ദൈവം എനിക്കു നൽകിയിരിക്കുന്നു. നീ ഒരു ദശലക്ഷം ഡോളർ ആവശ്യപ്പെട്ടാലും, നിനക്ക് അത് കൈവശമാക്കാം. വികലാംഗയായ ആ കൊച്ചു പെൺകുട്ടി എഴുന്നേറ്റു നടക്കാൻ ആവശ്യപ്പെട്ടു, അവൾക്ക് അത് ഉണ്ടാകും. മറ്റെന്തും ചോദിക്കു."

അവൾ പറഞ്ഞു, "ബ്രദർ ബ്രൺഹാം, ഞാൻ എന്ത് ചോദിക്കണം?"

181 ഞാൻ പറഞ്ഞു, "നീ ആഗ്രഹിക്കുന്ന എന്തും. **കർത്താവ് ഇപ്രകാരം അരുളി ചെയ്യുന്നു.**" ഓ, എന്തൊരു അനുഭവം!

182 അവൾ ചുറ്റും നോക്കി. ഏകദേശം, മരിക്കാറായിട്ട് തിരികെ കൊണ്ടുവരപ്പെട്ട ചാരനിറത്തിലെ-മുടിയുമായി അവളുടെ ഡാഡി അവിടെ ഇരിക്കുന്നു. അവളുടെ വൃദ്ധയായ അമ്മ, രോഗിയായി അവിടെ ഇരിക്കുന്നു. വികലാംഗയായ അവളുടെ ചെറിയ സഹോദരി, അവിടെ ഇരിക്കുന്നു.

183 എന്നാൽ അവൾ ശരിയായത് തിരഞ്ഞെടുത്തിരുന്നു. അവൾക്ക് കൌമാര പ്രായത്തിലെ വീണ്ടുവിചാരം ഇല്ലാത്ത രണ്ട് ആൺകുട്ടികൾ ഉണ്ടായിരുന്നു. അവളുടെ വിലയേറിയ ഭർത്താവ് മഹത്വത്തിലേക്ക് പോയിട്ട്; അവൾ ഒരു ക്രിസ്ത്യാനിയായി, കാത്തിരുന്നിരുന്നു. എന്നാൽ ആ ആൺകുട്ടികൾ ക്രിസ്ത്യാനികൾ ആയിരുന്നില്ല. അവൾ പറഞ്ഞു, "എന്റെ രണ്ട് ആൺകുട്ടികളുടെ പ്രാണനുകൾ." ദൈവം അവളുടെ ഹൃദയത്തെ അനുഗ്രഹിക്കട്ടെ.

184 ഞാൻ പറഞ്ഞു, "**കർത്താവ് ഇപ്രകാരം അരുളി ചെയ്യുന്നു**, നിനക്ക് അവരെ കിട്ടിയിരിക്കുന്നു."

185 വിശ്വാസത്തിലേക്ക് സ്നാനമേറ്റ്, അവർ ഇവിടെ ആയിരിക്കുന്നു. കഴിഞ്ഞ രാത്രിയിൽ അവർ എന്നോട് പറയുകയായിരുന്നു, കൂടാതെ,

ആ കൊച്ചു കുട്ടി അവിടെ കാൽ കഴുകുമ്പോൾ, നെവിൽ സഹോദരന്റെ തലയിൽ കൈകൾ വെച്ചുകൊണ്ട്, അവൻ കാൽ കഴുകുമ്പോൾ അവനു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

186 ആ രണ്ട് കൊച്ചു ആൺകുട്ടികളും ഒരുപക്ഷേ ഇന്ന് രാവിലെ യോഗത്തിൽ ഇവിടെ എവിടെയെങ്കിലും ഇരിക്കുന്നുണ്ടാകും. അവർ, ഹെയ്റ്റി, അവർ ഇവിടെ നിങ്ങളോടൊപ്പം ഉണ്ടോ? [സഹോദരി ഹെയ്റ്റി പറയുന്നു, "അവർ അവിടെ പുറകിലുണ്ട്."—Ed.] പുറകിൽ, ഏറ്റവും പുറകിൽ. ആൺകുട്ടികളേ, നിങ്ങൾ എവിടെയാണ്? നിങ്ങളുടെ കൈകൾ ഉയർത്തു. ആ രണ്ട് ആൺകുട്ടികളും എവിടെയാണ്? അവർ അവിടെയുണ്ട്, പുറകെ വളരെ പുറകിൽ നിൽക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. അങ്ങനെയാകട്ടെ. അവിടെയാണ് നിങ്ങൾ.

187 ഇപ്പോൾ, സംഭവിച്ചത് എന്താണ്? അതേ കാര്യം, അത് എന്തായാലും കാര്യമില്ല, അവൾക്ക് സംഭവിക്കുമായിരുന്നു...അവൾ എന്തു തന്നെ ചോദിച്ചാലും, അവൾക്ക് അത് ലഭിക്കുമായിരുന്നു. അവൾക്ക് അത് കിട്ടുമായിരുന്നു.

188 ഇപ്പോൾ അത് സംഭവിക്കുന്നതു കാണാൻ ഞാൻ കാത്തിരിക്കുന്നു. ഇത് സന്ദേശത്തോടുള്ള ആളുകളുടെ മനോഭാവമായിരിക്കാൻ പോകുന്നു. അവൾ അത് എങ്ങനെ പറഞ്ഞു എന്ന് കാണുന്നോ? അവൾ പറഞ്ഞത് ആ ശരിയായ കാര്യമായിരുന്നു. നിങ്ങൾ എന്തു പറയുന്നു എന്നതാണ്, അതു അത് ചെയ്യുന്നു. നീ എന്തു പറയുന്നു!

189 സുറൊഫൊയിനീക്യാ സ്ത്രീ യേശുവിന്റെ അടുക്കൽ വരുമ്പോൾ അവളെ നോക്കൂ. അവൾ പറഞ്ഞു, "കർത്താവേ, എന്റെ മകൾ ഒരു ഭൂതത്താൽ കഠിനമായി വിഷമിക്കുന്നു. ദാവീദ് പുത്രാ അങ്ങ്, വന്നു അവളെ സുഖപ്പെടുത്തിയാലും."

190 അവൻ പറഞ്ഞു, "ഞാൻ മക്കളുടെ അപ്പം എടുത്തു നായ്ക്കൾക്കു ഇട്ടുകൊടുക്കുന്നതു നന്നല്ല."

191 വ്യൂ! അവൻ നമ്മിൽ ചിലരോട് അത് അങ്ങനെ പറഞ്ഞിരുന്നെങ്കിലോ? നമ്മൾ പറയും, "എന്നെ ഒരു നായ എന്ന് വിളിക്കുന്നോ? ഛഹ്, എങ്ങനെയും അവന് ഒന്നും ഉണ്ടായിരുന്നില്ല! വലിയ പള്ളിയൊക്കെ ശരി തന്നെ. അവൻ ഒരു വിശുദ്ധ-ഉരുളുകാരൻ അല്ലാതെ മറ്റൊന്നുമല്ല. അവൻ ഒരു ബെയെത്സെബൂലാണ്." നമുക്കുള്ളത് ആ മനോഭാവമാണ്. പക്ഷേ അവൾക്ക് ഇല്ലായിരുന്നു.

192 അവൾ പറഞ്ഞു, “ഇത് സത്യമാണ്, കർത്താവേ. നീ പറഞ്ഞത് കൃത്യമായും ശരിയാണ്. എന്നാൽ നായ്ക്കൾ മേശെക്കു കീഴെ കുട്ടികളുടെ അപ്പനുറുക്കുകളെ തിന്നുവാൻ തയ്യാറാണ്.”

193 അത് അവന് കിട്ടിയിട്ട്. അവൻ പറഞ്ഞു, “ഈ വാക്ക് നിമിത്തം, ഭൂതം നിന്റെ മകളെ വിട്ടു പോയിരിക്കുന്നു. ഈ വാക്ക് നിമിത്തം!”

194 സ്നേഹിതരെ, അത് നിങ്ങളുടെ മനോഭാവമാണ്. അവൻ അത് പറഞ്ഞില്ലേ? സ്നേഹിതരെ, നിങ്ങൾക്ക് ഇത് വിശ്വസിക്കണം. നിങ്ങൾ, എന്നെ വിശ്വസിക്കരുത്, ഞാൻ ഒരു മനുഷ്യനാണ്; ഞാൻ നിങ്ങളോട് പറയുന്നത് നിങ്ങൾ വിശ്വസിക്കണം, സന്ദേശത്തെ വിശ്വസിക്കു. നിങ്ങൾ സന്ദേശ വാഹകനെ വിശ്വസിക്കുന്നില്ലെങ്കിൽ, സന്ദേശത്തെ വിശ്വസിക്കു. ഒരു കമ്പിസന്ദേശവുമായി, അവിടെയുള്ള മുറിയിലേക്ക് ഒരാൾ നടന്നു വന്നാൽ, ആരാണെന്നോ, ആ മനുഷ്യൻ കാഴ്ചയിൽ എങ്ങനെ ആയിരിക്കുന്നു എന്നോ അതല്ല ആരാണ് എന്നോ, വലുതോ ചെറുതോ എന്നു പ്രശ്നമല്ല, കമ്പിസന്ദേശത്തിലുള്ളത് നിങ്ങൾ വിശ്വസിക്കുന്നു, ആ മനുഷ്യനെയല്ല. നിങ്ങളോട് പറയാൻ ദൈവം എന്നെ അയച്ചിരിക്കുന്നു. എനിക്ക് ഒരു സന്ദേശമുണ്ട്. അവൻ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റു, ഇന്ന് രാവിലെ അവൻ ഇവിടെയുണ്ട് എന്ന് നിങ്ങളോട് പറയാൻ ദൈവം എന്നെ അയച്ചിരിക്കുന്നു. അവൻ ഇവിടെ ഉണ്ടെന്ന്, അടയാളങ്ങളാലും അത്ഭുതങ്ങളാലും അവൻ അത് തെളിയിച്ചിരിക്കുന്നു, നിങ്ങൾ വരുമ്പോൾ ശരിയായ മനോഭാവത്തോടെ വന്നാൽ നിങ്ങളുടെ ഓരോരുത്തർക്കും രോഗം നിങ്ങൾക്ക് ഭേദമാകും. ഞങ്ങൾ *വിശ്വസിക്കു* പാടുമ്പോൾ, നിങ്ങൾ അത് ചെയ്യുമോ.

195 ഇപ്പോൾ പ്രാർത്ഥിപ്പിക്കാൻ പോകുന്നവർ, നേരെ ഇവിടെ വന്നു വരി വരിയായി നിൽക്കട്ടെ. ഇപ്പോൾ, നിങ്ങൾ പൂർണ്ണഹൃദയത്തോടെ വിശ്വസിക്കുന്നില്ലെങ്കിൽ വരരുത്.

196 വിലയേറിയ കർത്താവേ, ആ സമയം ഇതാണ്. കർത്താവേ, നീ ഈ ജനങ്ങളെ സുഖപ്പെടുത്തണമെന്ന് ഞാൻ പ്രാർത്ഥിക്കുന്നു. ഈ എണ്ണയെ വിശുദ്ധീകരിച്ചാലും. പിതാവെ, നീ സ്വയം മഹത്വപ്പെട്ടാലും. യേശു ക്രിസ്തുവിന്റെ നാമത്തിൽ ഞങ്ങൾ ഇവയെ അയയ്ക്കുന്നു. ആമേൻ.

197 *ഈ* ഭാഗത്ത് നിൽക്കുന്ന ആളുകളോട് ഞങ്ങൾക്ക് ചോദിക്കാമോ എന്ന് ഞാൻ അത്ഭുതപ്പെടുന്നു, അവരെ ഇവിടെയുള്ള ആ ചെറിയ മുറിയിലേക്ക് കടത്താൻ ഒരു വഴി ഉണ്ടായിരുന്നെങ്കിൽ, നിങ്ങൾക്ക് കഴിയുമെങ്കിൽ, ഞങ്ങൾക്ക് ജനങ്ങളെ ശരിയായി എടുക്കാൻ കഴിയുമായിരുന്നു. ഇവിടെ കൂടെ തന്നെ, *ആ* വഴിയിലൂടെ പുറത്തു

പോകുന്നു. ഒരു നിരയിലൂടെ വന്ന്, ആ വഴിയിലൂടെ പുറത്തു പോകാനുള്ള ഒരു വഴിയുണ്ടാക്കിയാൽ, പിന്നെ അവരെ ഈ വഴിയിലൂടെ ഉള്ളിലേക്ക് വിളിക്കാൻ കഴിയും.

198 സഹോദരൻ നെവിൽ, എന്തോ ചിലത് സംഭവിച്ചിരിക്കണം. [നെവിൽ സഹോദരൻ പറയുന്നു, "ആമേൻ. ഇത് ഇപ്പോൾ തന്നെ സംഭവിക്കുന്നു. ദൈവത്തിനു സ്തുതി! യേശു ഇവിടെയുണ്ട്. അതെ. അവർ ഓരോരുത്തരും ദൈവത്തിന്റെ ശക്തിയാൽ സുഖപ്പെടുന്നു."—Ed.] ആമേൻ.

199 (എന്താ പറഞ്ഞത്? ശരി...അതെ, ഇല്ല, അവിടെ അതിന്റെ മറ്റെ വശത്ത്. നെവിൽ സഹോദരനും ഞാനും, അതെ, ഞങ്ങൾ അതിന്റെ അവസാനത്ത് അവർക്കു വേണ്ടി പ്രാർത്ഥിക്കാൻ പോകുന്നു. അങ്ങനെ, അവരെ ഈ വഴിയിലൂടെ കൊണ്ടുവരാൻ കഴിയില്ല, കാരണം നിങ്ങൾ അങ്ങനെ, നിങ്ങൾ അങ്ങനെ ചെയ്താൽ, നിങ്ങൾ പോകുന്നു...ഒരു നിമിഷം...?...)

200 ഞാൻ ഇത് കാത്തിരിക്കുന്ന ശ്രോതാക്കളോട് ഇപ്പോൾ പറയട്ടെ: ഇതു ദൈവ വചനമാണ്, ആരാണ് ഞാൻ...ദൈവ കൃപയാലും സഹായത്താലും, ഞാൻ ജീവിച്ചിരുന്നതും, മരിക്കാൻ പോകുന്നതും. ദൈവം എന്റെ ഏക ന്യായാധിപനായി, ഞാൻ നിങ്ങളോട് സത്യം പറഞ്ഞിരിക്കുന്നു. ഈ കാര്യങ്ങളെല്ലാം അതിലേക്ക് വരുന്നത്, ഞാൻ കണ്ടിരുന്നു. അവിടെ വളർത്തിയ ചെറിയ മീനുകളിൽ നിന്ന് പോലും, നിങ്ങൾ ആ കഥ കേട്ടിട്ടുണ്ടോ? അവിടെ ആ പുരുഷന്മാർ പിന്നിൽ ഇരിക്കുന്നു, അവർ രണ്ടുപേരും, അത് സംഭവിക്കുമ്പോൾ അവിടെ ഉണ്ടായിരുന്നവർ; അത് സംഭവിക്കുന്നതിന്റെ തലേദിവസം പറഞ്ഞിരുന്നു. ഇപ്പോൾ, അവ എതെല്ലാമാണെന്നു ഞാൻ എങ്ങനെ നിങ്ങളോട് പറയും? നോക്കു, ഈ രാത്രികളിൽ ഒന്നിൽ, *സംതുലിതമാക്കുക* എന്നതിന്മേൽ ഞാൻ പ്രസംഗിക്കാൻ ആഗ്രഹിക്കുന്നു. മനുഷ്യന് നിങ്ങളോട് എന്തും പറയാൻ കഴിയുകയും, അങ്ങനെ തന്നെ മുന്നോട്ട് പോകാനും കഴിയും, എന്നാൽ അതിനെ സംതുലിതമാക്കാൻ ഒരു തിരുവെഴുത്തും ഇല്ലെങ്കിൽ, അത് ഒടുവിൽ നിലത്തു വീഴും. ഈ വിവേചനവും, ഞാൻ നിങ്ങളോടു പറയുന്ന ഈ ദർശനങ്ങളും കാര്യങ്ങളും, അത് സത്യമായിരുന്നില്ല എങ്കിൽ; ഒന്നാമത്തെ കാര്യം, അതിനെ പിന്താങ്ങാൻ ഒരു ബൈബിൾ ഉണ്ട്, ഞാൻ സത്യം പറഞ്ഞു എന്ന് തെളിയിക്കാൻ അവിടെ പരിശുദ്ധാത്മാവ് ഉണ്ടായിരുന്നു.

201 ഇപ്പോൾ, എന്റെ മുന്നിൽ എനിക്ക് ലഭിക്കാവുന്ന എല്ലാ വിമർശകരിലൂടെയും, ഞാൻ ഏകദേശം പതിനാലു വർഷമായി

കളത്തിൽ ആയിരിക്കുന്നു. വിദ്യാ സമ്പന്നർ, മിടുക്കർ, മറ്റുള്ള എല്ലാവരുമായി, ഒരു തവണ പോലും അവർക്ക് കഴിയാതെ...

202 അന്ന് അവർ എന്തു പറഞ്ഞെന്ന് നിങ്ങൾക്കറിയാമോ? നിങ്ങൾ അത് ഇവിടെ കേട്ടിട്ടുണ്ട്. അവർ പറഞ്ഞു, "അവിടെയുള്ള ജനങ്ങൾ ശ്രോതാക്കളുടെ ഇടയിലൂടെ ചുറ്റിക്കറങ്ങി, ആളുകളുമായി സംസാരിക്കുന്നതാണ്." ആദ്യം അവർ പറഞ്ഞു ഇത് എന്റെ ആലയത്തിൽ നിന്നുള്ളവരാണ്, അതു ചെയ്യാനായി അവിടെ പോകുന്നത്. അതു കഴിഞ്ഞപ്പോൾ അവർക്ക് അത് കിട്ടിയില്ല, അവിടെ അവരിൽ അനേകർ ഉണ്ടായിരുന്നു.

203 പിന്നെ അവർ പറഞ്ഞ കാര്യം, "അത്, അത് സഹോദരന്മാരെപ്പോലെ ഉള്ളവർ ആയിരിക്കും" എന്നോടൊപ്പം പോകുന്നത്, "അവർ അവിടെ പിന്നിൽ നിന്നിട്ട് പറയും, 'അവന്റെ ചെവിയിൽ, *ഈ* മനുഷ്യന്റെ ചെവിയിൽ കേൾക്കുന്നതാണ്.'"

204 പിന്നെ അവർ പറഞ്ഞു, "ബില്ലി പോൾ, ബില്ലി പോൾ വന്ന്—അവിടെ പോയി കാർഡിൽ എഴുതിയിരിക്കുന്നത് വായിക്കുന്നതാണ്, ആളുകൾ പറയുന്നത് എന്താണ്. അവരുടെ ചെവിയിൽ എന്തെങ്കിലും കുഴപ്പമുണ്ടെങ്കിൽ, അവൻ പറയും, 'അവരുടെ ചെവി' അല്ലെങ്കിൽ 'അവരുടെ വയറ്.'"

205 പ്രാർത്ഥന കാർഡുകൾ ഇല്ലാതിരിക്കുന്ന ലോകത്തിലെ പുറമെയുള്ളവരിൽ എങ്ങനെ കഴിയുന്നു? ലോകത്ത് സംഭവിക്കാനിരിക്കുന്ന കാര്യങ്ങൾ എങ്ങനെ കൃത്യമായി മുൻകൂട്ടി പറയാൻ കഴിയുന്നു? അത് ആ വിധത്തിൽ എങ്ങനെ കഴിയുന്നു? അതു ചെയ്യാൻ കഴിയില്ല. ആർക്കും അറിയാം, അത് അവരുടെ ശരിയായ മനസ്സാണ്.

206 ഫിലിപ്പോസ് നഥനയേലിന്റെ അടുക്കൽ പോയപ്പോഴും, അവർ യേശുവിനെക്കുറിച്ച് പറഞ്ഞതും ഇതു തന്നെ. "അവൻ യേശുവിന്റെ ഒരു സുഹൃത്താണ്." അവൻ പറഞ്ഞു, "തീർച്ചയായും, അവൻ യേശുവിനോട് ഇതെല്ലാം പറഞ്ഞിരിക്കും. അവൻ അവനെ പിന്നാലെ പോകുകയാണ്."

207 അപ്പോൾ ആ ശിഷ്യന്മാർ പറഞ്ഞു, അല്ലെങ്കിൽ ആ വലിയ സഭയുടെ ശിഷ്യന്മാർ പറഞ്ഞു, "ഈ മനുഷ്യൻ ബെയെത്സെബൂൽ ആണ്. അവനാണ് ബെയെത്സെബൂൽ. അവൻ ഒരു ഭാവി പറച്ചിലുകാരൻ."

208 യേശു പറഞ്ഞു, "അതിന് ഞാൻ നിങ്ങളോട് ക്ഷമിക്കും. എന്നാൽ ഒരു ദിവസം ഇതേ കാര്യം ചെയ്യാൻ പരിശുദ്ധാത്മാവ്

വരുന്നു, അതിന് എതിരായ ഒരു വാക്ക് പോലും ഒരിക്കലും ക്ഷമിക്കപ്പെട്ടുകയില്ല." ഇപ്പോൾ എങ്കിൽ...

209 എങ്ങനെ സത്യസന്ധൻ ആയിരിക്കണമെന്ന് എനിക്ക് അറിയാവുന്നതു പോലെ, ജനങ്ങളായ നിങ്ങളോട് ഞാൻ സത്യസന്ധത പുലർത്തിയിരിക്കുന്നു. ഓ, നിങ്ങളുടെ ഈ ചെറിയ മതതത്വ വേദശാസ്ത്രത്തിലും വിശ്വാസങ്ങളിലും ഒരുപക്ഷേ ഞാൻ വിരുദ്ധമാണെന്നു വരാം. പക്ഷേ, ഞാൻ അങ്ങനെ ചെയ്യുന്നതിന്റെ കാരണം, പൌലോസ് പറഞ്ഞു, "സ്വർഗ്ഗത്തിൽ നിന്ന് ഒരു ദൂതൻ ആകട്ടെ വന്ന് ആ ബൈബിൾ പറയുന്നതല്ലാതെ മറ്റെന്തെങ്കിലും പ്രസംഗിക്കുന്നെങ്കിൽ," അവൻ എന്തു പഠിപ്പിച്ചിരിക്കുന്നു എന്നാൽ, "അവൻ ശപിക്കപ്പെട്ടവൻ ആയിരിക്കട്ടെ."

210 അതിനാൽ, ബൈബിൾ പറഞ്ഞതു പോലെ തന്നെ ഞാൻ പിന്തുടരണം. ബൈബിൾ പറയുകയാണ്, "അവൻ ഇന്നലെയും, എന്നേക്കും അനന്യനാണ്," ഞാൻ അതിൽ വിശ്വസിക്കുന്നു. ബൈബിൾ പറഞ്ഞത് എന്തായാലും ശരി, അതാണ് കൃത്യമായും ഞാൻ വിശ്വസിക്കുന്നത്. ഞാൻ അത് അങ്ങനെ തന്നെ പറയുന്നു. എനിക്ക് വിദ്യാഭ്യാസമില്ല, ഒരു പരിശീലനവും ഇല്ല. ഞാൻ പരിശുദ്ധാത്മാവും ബൈബിളും പറയുന്നത് കേൾക്കുന്നു. ഇതുവരെ, ഈസ്റ്റർ പ്രഭാതം വരെ, മുപ്പത്തിയൊന്ന് വർഷം കൊണ്ട്, അവൻ എന്നെ ഒരിക്കലും തരം താഴ്ത്തിയിട്ടില്ല.

211 ആ ശുശ്രൂഷ വന്നുകൊണ്ടിരുന്നതിനെപ്പറ്റി പരിശുദ്ധാത്മാവ് എന്നോട് പറഞ്ഞത് ഞാൻ നിങ്ങളോട്ടു പറഞ്ഞിരുന്നു, കഴിഞ്ഞ രണ്ടോ മൂന്നോ വർഷങ്ങളായി, ഞാൻ എല്ലായിടത്തുമുള്ള സഭകളോട് പറയുകയായിരുന്നു. സർവശക്തനായ ദൈവം എന്റെ ന്യായാധിപനായി, ഇവിടെ സലേമിനു നേരെ ഈ വശത്ത്, അവിടെ ഒരു അണ്ണാനും ഇല്ലാതിരുന്നിടത്ത് ആ അണ്ണാനുകൾ അസ്തിത്വത്തിൽ വന്നു. ചാർലിയോടൊപ്പം അവിടെ ആയിരുന്നപ്പോൾ, അവിടെ പുറകെ നിൽക്കുമ്പോൾ, കെന്റക്കിയിലുള്ള ധാരാളം ആളുകൾ ഇവിടെയുണ്ട്; അത് എവിടെ ആയിരിക്കും, എന്നു പറഞ്ഞിരുന്ന ഇടത്തു തന്നെ ആ അണ്ണാനുകൾ ഉണ്ടായിരുന്നു. ടോണിയും മറ്റും, ബാങ്ക്സും അവിടെ ഇരിക്കുന്നു. കൃത്യമായും, അവിടെ അത് ഉണ്ടായിരുന്നു. നേരെ തിരികെ വന്ന്, അത് ആദ്യമായി ഒരു മനുഷ്യൻ സംസാരിച്ചപ്പോൾ, അവിടെ ഇത് ഉണ്ടായിട്ട്, ആ സ്ത്രീ അവിടെ ഇരിക്കുന്നു. കഴിഞ്ഞ ദിവസം രാവിലെ അവിടെ, തൊണ്ടയിലെ അസുഖത്താൽ ഞാൻ അവിടെ ആയിരിക്കുമ്പോൾ, യേശു എന്റെ

മുമ്പിൽ നിൽക്കുന്നത് ഞാൻ കണ്ടു, ആ ശുശ്രൂഷ ഇതിനകം തന്നെ എനിക്ക് സ്ഥിരീകരിച്ചിരിക്കുന്നു എന്ന് അവൻ എന്നോടു പറഞ്ഞു.

212 ഇപ്പോൾ സംഭവിക്കേണ്ടത് എന്താണെന്ന്, എനിക്ക് അറിയില്ല. പക്ഷേ, ഒരു കാര്യം, ഇതിലേക്ക് കടക്കാൻ, ഞാൻ മറ്റൊന്ന് മാറ്റിവെക്കേണ്ടതുണ്ട്. എനിക്ക് ചെയ്യാൻ അറിയാവുന്ന ഏക വഴി. ഇപ്പോൾ ഇത് അറിയാൻ ഇടവരട്ടെ. ഇയ്യോബ് പറഞ്ഞതു പോലെ ഇന്നു രാവിലെ, അവയെ ഇരിമ്പാണിയും ഈയവും കൊണ്ടു പാറയിൽ സദാകാലത്തേക്കു കൊത്തിവെച്ചെങ്കിൽ കൊള്ളായിരുന്നു. എന്തു ചെയ്യണമെന്ന് എനിക്കറിയില്ല. എനിക്കറിയാവുന്ന ഏക കാര്യം, മുന്നോട്ട് പോകുക എന്നതാണ്. അവൻ എന്നോടു പറഞ്ഞു. ദൈവം എന്റെ ന്യായാധിപനായി, അവൻ എന്നോടു പറഞ്ഞിരിക്കുന്നു. ഞാൻ നിങ്ങളോട് സത്യം പറഞ്ഞിരിക്കുന്നു. ദൈവം സ്ഥിരീകരിക്കയും നിങ്ങളോട് പറയുകയും ചെയ്തിട്ടുണ്ടെങ്കിൽ, ഒരു തവണ പോലും ഇവിടെയും ആർക്കും തെറ്റായ എന്തിന്റെയെങ്കിലും മേൽ അവരുടെ കൈ വെച്ചിട്ട്, പിന്നെ, കൂടെ ശരിയാണ്. അതും, ശരിയാണ്.

213 ഇപ്പോൾ ഞാൻ ഇവിടെ നിന്നും പോയി നിരയുടെ അവസാനത്ത് നിൽക്കുമ്പോൾ. ആളുകളെ അഭിഷേകം ചെയ്യാൻ, നമ്മുടെ പാസ്റ്റർ ഇവിടെ, ഒരു ദൈവിക മനുഷ്യൻ, എനിക്ക് ഇവിടെ മൂപ്പനായി, സഹോദരൻ നേവിലുണ്ട്. ഞാൻ ജനങ്ങളുടെ മേൽ കൈകളെ വെക്കാൻ പോകുന്നു, കാരണം ഈസ്റ്ററിനു ശേഷം, യേശു നിയോഗിച്ചത്, ആയിരുന്നു, "പോയി രോഗികളുടെമേൽ കൈകളെ വെച്ചാൽ, അവർ സുഖം പ്രാപിക്കും."

214 നിരയിലൂടെ പോകുമ്പോൾ അവൻ എന്നോട് എന്തു പറയാൻ പോകുന്നു എന്നു എനിക്കറിയില്ല. ആ വിശിഷ്ടമായ അഭിഷേകത്തിനായി ഞാൻ ശ്രമിക്കാൻ പോകുന്നു. എന്ത് സംഭവിക്കും എന്ന് എനിക്കറിയില്ല. എനിക്കറിയില്ല. അത് എന്തായാലും, അവൻ എന്നോട് പറയുന്നതു പോലെ ഞാൻ ചെയ്യും.

215 ഇപ്പോൾ കടന്നു വരൂ, പൂർണ്ണഹൃദയത്തോടെ വരൂ. അവൻ നിങ്ങളെ ശാസിച്ചാലും കുഴപ്പമില്ല, അവൻ നിങ്ങളോട് ഒന്നും പറയുന്നില്ല എങ്കിലും, നിങ്ങൾ നോക്കൂ, അത് എന്തായാലും ശരി, നിങ്ങൾ അവനു നന്ദി പറഞ്ഞുകൊണ്ട് പോകുന്നു. കാരണം, ആ ജോലി പൂർത്തിയായിരിക്കുന്നു, നിങ്ങളിലേക്ക് കടക്കാനുള്ള ഒരു ചില മാർഗ്ഗമാണ് ഇത്.

216 ഇപ്പോൾ, സഹോദരാ, ആ കാലുമായി, നിങ്ങൾ ഇത് വിശ്വസിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ടെലിഫോണിലൂടെ, അവന്, ആ വയറുവേദന നിങ്ങളിൽ നിന്ന് അകറ്റാൻ കഴിയുമെങ്കിൽ, ഈ

രാവിലെ നേരം അവന് ആ കാലിലെ അവസ്ഥയെ നിങ്ങളിൽ നിന്ന് അകറ്റാൻ കഴിയും, നോക്കൂ. ഇപ്പോൾ നിങ്ങൾ നിങ്ങളുടെ പൂർണ്ണഹൃദയത്തോടെ വിശ്വസിക്കുന്നു.

217 ഹൃദയ സംബന്ധമായ വിഷമതയുള്ള ആ കുഞ്ഞുമായി ഇരിക്കുന്ന സ്ത്രീ, ഇനിയും സംശയിക്കരുത്. വിശ്വസിക്കൂ! വിശ്വസിക്കൂ!

218 ഇപ്പോൾ സഭയിൽ ആയിരിക്കുന്ന എല്ലാവരും പ്രാർത്ഥനയിൽ ആയിരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഞാൻ പ്രാർത്ഥിക്കാനായി താഴേക്ക് ഇറങ്ങാൻ പോകുന്നു. ഞാൻ ഈ പ്രാർത്ഥന നിരയിലൂടെ കൊണ്ടു വരുമ്പോൾ, നിങ്ങൾ എല്ലാവരും ഇപ്പോൾ പ്രാർത്ഥനയിൽ തുടരുക, ചോദിക്കുന്നു, അവിടെ എന്റെ കൈകൾ വച്ചുകൊണ്ട് ഒരു അനുഗ്രഹം മാത്രം പറയുന്നു.

219 കൂടാതെ, ഓർത്തിരിക്കൂ, നിങ്ങളിൽ ആർക്കെങ്കിലും ഏതെങ്കിലും ഏറ്റു പറയാത്ത പാപം ഉണ്ടെങ്കിൽ, ഏറ്റു പറയാത്ത ആ പാപത്താൽ ദൈവം നിങ്ങളെ ഒരിക്കലും സുഖപ്പെടുത്തുകയില്ലെന്ന് നിങ്ങൾ അറിഞ്ഞിരിക്കണം. നിങ്ങൾ ഇതുവഴി വരുന്നതിനു മുമ്പ്, അതിനെ ശരിയാക്കണം, കാരണം ഇത് നിങ്ങളെ കൂടുതൽ വഷളാക്കിയേക്കാം. കണ്ടോ?

220 ഇപ്പോൾ ഇത് വിവേചനമല്ല. ഹൃദയ വിവേചനത്താൽ, ഞാൻ ആ വക കാര്യങ്ങളെ കണ്ടെത്തുന്നു. പക്ഷേ, ഇത് വിവേചനമല്ല, ഞാൻ ഒരു പുതിയ ശുശ്രൂഷയ്ക്കായി തിരയുന്നതാണ്. നിങ്ങൾക്കെല്ലാവർക്കും നന്നായി മനസ്സിലായോ? അങ്ങനെയാകട്ടെ. ഇപ്പോൾ വിശ്വസിക്കൂ.

ഇപ്പോൾ നാം നമ്മുടെ തലകളെ കുമ്പിടുമ്പോൾ നമുക്ക് പ്രാർത്ഥിക്കാം.

221 പിതാവായ ദൈവമേ, മണിക്കൂറുകൾക്ക് ശേഷം മണിക്കൂറുകൾ, എന്റെ വിരലടയാളം ഇപ്പോഴും ഈ പ്രസംഗവേദിയിൽ ആകുന്നു, ഇപ്പോൾ മുപ്പതു വർഷമോ അതിൽ കൂടുതലോ ആയിട്ട്, ഞാൻ ഇവിടെ നിൽക്കുന്നു, മാത്രമല്ല ലോകമെമ്പാടും പ്രസംഗിക്കുകയും ചെയ്യുന്നു. ഞാൻ പ്രസംഗിച്ച സുവിശേഷത്തെ നീ സ്ഥിരീകരിച്ചിരിക്കുന്നു, എന്തുകൊണ്ടെന്നാൽ സന്ദേശം നിന്നിൽ നിന്നും വരുന്നു. ഞാൻ ഒരിക്കലും ഒരു സ്കൂളിലും പോയിട്ടില്ല, നിന്നോടല്ലാതെ മറ്റാരുമായും കൂടിയാലോചിച്ചിട്ടുമില്ല, നിന്റെ വചനം വായിക്കുകയും ആത്മാവിനു എന്തു പറയാനുണ്ട് എന്നറിയാൻ കാത്തിരിക്കുകയും ചെയ്തിരുന്നു.

222 ഇപ്പോൾ, കർത്താവേ, മർക്കൊസ് 11:23-ലെ ഈ ശുശ്രൂഷയെക്കുറിച്ച് അങ്ങ് അറിയുന്നു, ആ സമയം അടുത്തിരിക്കുന്നു എന്നും അറിയുകയും ചെയ്യുന്നു. ആ അണ്ണാനുകളെയും, സഹോദരി

ഹെയ്റ്റിയേയും അവളുടെ ആൺകുട്ടികളെയും പറ്റി ഞാൻ സത്യസന്ധമായി പറഞ്ഞു എന്ന് അറിയുന്നു. ഇപ്പോൾ, പിതാവേ, കഴിഞ്ഞ ദിവസം രാവിലെ, ആ ദർശനം കട്ടിലിൽ ആയിരുന്നപ്പോൾ എന്നിലേക്ക് വന്നു എന്നു അറിഞ്ഞിട്ടാകുന്നു. ഞാൻ ആ ബൈബിളും, പിന്നെ കുരിശും, അതുകഴിഞ്ഞ് നിന്നെയും കണ്ടിരുന്നു. ഞാൻ അത് അംഗീകരിക്കേണ്ടതുണ്ട് എന്ന് എനിക്ക് എന്റെ മനസ്സിൽ വെളിപ്പെട്ടു, കാരണം ഇത് സ്ഥിരീകരിച്ചിരുന്നു.

223 ഇപ്പോൾ, കർത്താവേ, ഈ ഈസ്റ്റർ പ്രഭാതത്തിൽ ഇവിടെ നിന്നിട്ട്, ഈ പ്രഭാതത്തിൽ ഞാൻ എന്റെ ആലയത്തിൽ മുന്നോട്ട് പോകുകയാണ്, ജനങ്ങൾ നിമിത്തം, അധികം ശക്തിയായി, കൂടുതൽ ശക്തവത്തായതിലേക്ക്, നീ എന്നെ ഒരു പുതിയ ദാനത്തിലേക്ക് ഉയർത്തണമെന്ന് പ്രാർത്ഥിക്കുന്നു. എന്റെ രക്ഷ നിമിത്തമല്ല; എന്തുകൊണ്ടെന്നാൽ കർത്താവേ, നീ എന്നെ, മുന്നമേ രക്ഷിച്ചിരിക്കുന്നു. സ്വയ രക്ഷക്കായിട്ടല്ല; നിന്നെ അറിയാനായി, ഞാൻ എല്ലാ വലിയ കാര്യങ്ങളും നിരസിച്ചിരിക്കുന്നു. കഴിഞ്ഞ ദിവസം, ആ വലിയ ആലയത്തിൽ വെച്ച് നീ എന്നോട് പറഞ്ഞതു പോലെ, "ഞാൻ നിന്റെ അവകാശമാകുന്നു." ഇപ്പോൾ, കർത്താവേ, ഞാൻ നിന്റെ അവകാശമായി തീരട്ടെ, അതിനാൽ നിന്റെ ആത്മാവ് എന്നിലേക്ക് വന്ന്, എനിക്ക് നിന്നിൽ പ്രീതി കണ്ടെത്താനാകും. ഈ വിലയേറിയ ജനങ്ങളുടെ മേൽ ഞാൻ എന്റെ കൈകളെ വെയ്ക്കുമ്പോൾ, ദുരിതമനുഭവിക്കുന്ന ജനങ്ങൾ, നിന്റെ ആത്മാവ്, കർത്താവേ, ശേഷിക്കുന്ന പ്രവർത്തി ചെയ്യാൻ ഇടയാകട്ടെ. കർത്താവെ, എനിക്ക് ചെയ്യാൻ അറിയുന്നതു അതു മാത്രമാണ്.

224 എന്റെ നിയോഗം ഞാൻ ഓർക്കുന്നു, ഞാൻ "രോഗികൾക്കായി പ്രാർത്ഥിക്കാൻ ജനിച്ചിരിക്കുന്നു. അവരെ വിശ്വസിപ്പിക്കാനായി, നീ പ്രാർത്ഥിക്കുമ്പോൾ ആത്മാർത്ഥതയോടെ ആയിരുന്നാൽ." കർത്താവേ, ഞാൻ ഇങ്ങനെ...ഇതിലും കൂടുതൽ ആത്മാർത്ഥത പുലർത്തുന്നത് എങ്ങനെയെന്ന് എനിക്കറിയില്ല. ഞാൻ—ഞാൻ... അവർ കഷ്ടപ്പെടുന്നു, കർത്താവെ. സ്വയം, ഞാനും—ഞാൻ അനുഭവിച്ചിട്ടുണ്ട്. ദയവായി, പ്രിയ ദൈവമേ, ഓരോരുത്തരും, സുഖം പ്രാപിക്കാൻ അത് അനുവദിച്ചാലും.

225 കർത്താവേ, വിശ്വാസത്താൽ, മോശെ ചെങ്കടലിലേക്ക് കാലെടുത്തു വെച്ചതു പോലെ, ഞാൻ ഇപ്പോൾ മുന്നോട്ട് പോകുന്നു. യേശു ക്രിസ്തുവിന്റെ നാമത്തിൽ, ഞാൻ ഈ വിശുദ്ധ പ്രസംഗ വേദിയിൽ നിന്ന്, ഈ പ്രാർത്ഥന നിരയിലേക്ക് ഇറങ്ങുന്നു. ആ അണ്ണാനുകളെ എനിക്ക് തന്ന ദൈവം, സഹോദരി ഹെയ്റ്റിക്ക് ആ

വാക്കുകൾ നൽകിയ ദൈവം, അവയെ സംസാരിക്കാൻ എന്നെ ഇടയാക്കിയ ദൈവം, അവൻ എന്നോടൊപ്പം പോകാൻ ഇടയാകട്ടെ. ഞാൻ യേശു ക്രിസ്തുവിന്റെ നാമത്തിൽ പോകുന്നു. [ബ്രദർ ബ്രൺഹാം മൈക്രോഫോണിൽ നിന്നും മാറി രോഗികൾക്കായി പ്രാർത്ഥിക്കാൻ പോകുന്നു, അദ്ദേഹത്തിന്റെ പല വാക്കുകളും വേർതിരിച്ചറിയാൻ അസാദ്ധ്യമാണ്—Ed.]

226 സാത്താനെ, ഞാൻ കുറ്റം വിധിക്കുന്നു...നിന്നെ, യേശു ക്രിസ്തുവിന്റെ നാമത്തിൽ, കുഞ്ഞിനെ വിട്ടുപോകൂ. ഇത് വിട്ടു കളയൂ, ഈ കുട്ടിയിൽ നിന്ന് പുറത്തു വരൂ, കുഞ്ഞ് സുഖം പ്രാപിക്കട്ടെ.

227 യേശു ക്രിസ്തുവിന്റെ നാമത്തിൽ, ഞാൻ എന്റെ സഹോദരന്റെ മേൽ കൈകളെ വെക്കുകയും, അവന്റെ ശരീരത്തിലെ കഷ്ടതയെ കുറ്റം വിധിക്കുകയും ചെയ്യുന്നു. ആമേൻ.

യേശു ക്രിസ്തുവിന്റെ നാമത്തിൽ, അവൾക്ക് അവളുടെ അഭ്യർത്ഥന നൽകിയാലും.

228 കർത്താവേ, യേശു ക്രിസ്തുവിന്റെ, നാമത്തിൽ സഹോദരി രൂത്തിന് അവളുടെ രോഗശാന്തി നൽകിയാലും. ആമേൻ.

229 ഞാൻ കുഞ്ഞിനായി പ്രാർത്ഥിക്കും. പക്ഷെ ഞാൻ—ഞാൻ ആ പുൾപ്പിറ്റിൽ നിന്ന് താഴേക്ക് ഇറങ്ങി...നിങ്ങൾ താമസിക്കുന്നത് എവിടെയാണ്? [ആ സഹോദരി പറയുന്നു, “ബ്ലൂമിംഗ്ടൺ.”—Ed.] ബ്ലൂമിംഗ്ടൺ, ഇൻഡ്യാനയാണോ? ഈ കുഞ്ഞിനെക്കുറിച്ച് എനിക്ക് ഒരു കത്ത് എഴുതണം. ഇപ്പോൾ ഇവിടെ വയറ് മുഴുവൻ നീരായിരിക്കുന്നു. മഹിളെ, ഇത് ശരിയാകാൻ പോകുന്നു, എന്നു നീ വിശ്വസിക്കുന്നോ? [“ശരിയാകുമെന്നു ഞാൻ വിശ്വസിക്കുന്നു.”]

230 എങ്കിൽ, പിതാവെ, ഞാൻ എന്റെ കൈകളെ വെച്ചു...ഈ കുഞ്ഞിനെ, ഈ പിശാചിനെ കുറ്റം വിധിക്കുന്നു. കുഞ്ഞിൽ നിന്ന് വിട്ടു പോകൂ. ചിലപ്പോൾ ആ...?...ഇപ്പോൾ ഇത് സാധാരണയായി തീർന്ന് കുഞ്ഞ് സുഖപ്പെടാൻ ഇടയാകട്ടെ.

കുറച്ച് ദിവസം കഴിഞ്ഞിട്ട്, നിങ്ങൾ എനിക്ക് ഒരു കത്ത് എഴുതണം.

231 ആ കോങ്കണ്ണുള്ള ചെറിയ കുഞ്ഞ് അവിടെ കിടക്കുന്നത് കാണുന്നോ? നിങ്ങൾക്ക് ഇനിയും സംശയം ഇല്ലെങ്കിൽ, നിങ്ങൾ *ആ* കുഞ്ഞിനെ തിരികെ കൊണ്ടുവന്ന് അത് സാധാരണ പോലെ ശരിയായിരിക്കുന്നു എന്നു കാണിക്കും.

232 ഞാൻ ഈ സഹോദരിയുടെ മേൽ കൈകളെ വെച്ചിരിക്കുന്നു. അവൾക്ക് ആ സുറൊഫൊയീക്യാ സ്ത്രീയുടെ മനോഭാവം ഉണ്ടാകാൻ

ഇടവരട്ടെ. അവൾ യേശു ക്രിസ്തുവിന്റെ നാമത്തിൽ സൌഖ്യം പ്രാപിക്കാൻ ഇടയാകട്ടെ...?...

യേശു ക്രിസ്തുവിന്റെ നാമത്തിൽ, ഹൃദയം സൌഖ്യം പ്രാപിക്കട്ടെ.

233 ഞാൻ ഈ വാക്കുകൾ പറയുന്നു. അതിനു സൌഖ്യം വരേണം. ഇതിനു മറ്റൊന്നാകാൻ കഴിയില്ല. യേശു പറഞ്ഞു, "നീ വിശ്വസിക്കുന്നെങ്കിൽ, എനിക്ക് കഴിയും." ഇപ്പോൾ, അവൻ ആ ആട്ടുകൊറ്റനായി ഒരു പ്രാവശ്യം ചെയ്തതു പോലെ, അവനു ഒരു പ്രാവശ്യം ശരിക്കും *അതു* പോലെ അണ്ണാനെ കാഴ്ചയിൽ കൊണ്ടുവരാൻ കഴിയുമെങ്കിൽ, ആ ഹൃദയത്തെ സാധാരണ എന്നപോലെ സുഖമാക്കാൻ അവന് കഴിയും. അത് ആയി തീരണം.

യേശു ക്രിസ്തുവിന്റെ നാമത്തിൽ, ആ ഹൃദയം സുഖമാകട്ടെ. ഇത് നൽകിയാലും.

234 ഇപ്പോൾ, അത് വളരെ ലളിതമല്ലേ? ഇത് ലളിതമാണ്. ദൈവം വളരെ ലളിതമാണ്, നമ്മൾ അതിന്റെ മുകളിലൂടെ ഓടുന്നു. നിങ്ങൾ അതിനെക്കുറിച്ച് ഇനി ഒരിക്കലും ചിന്തിക്കാത്ത വിധം ലളിതമായി തീരണം. അതെല്ലാം ശരിയാകും.

235 കർത്താവേ, യേശു ക്രിസ്തുവിന്റെ നാമത്തിൽ, ഞങ്ങളുടെ സഹോദരി സൌഖ്യമാകട്ടെ. ആമേൻ. സഹോദരി...?...

236 കർത്താവേ, സത്യസന്ധമായി എനിക്ക് ജനങ്ങളുടെ മുമ്പിൽ ഏറ്റുപറയാൻ കഴിയുന്നതു പോലെ, ഇപ്പോൾ ഞാൻ ഈ വാക്കുകൾ പറഞ്ഞിരിക്കുന്നു. ഞാൻ അവരോട് പറഞ്ഞിരിക്കുന്നു, "നിങ്ങൾ ഈ മലയോട് പറയുകയാണ്, 'നീങ്ങിപ്പോകൂ,' പിന്നെ സംശയിക്കരുത്, നിങ്ങൾ പറഞ്ഞത് നിങ്ങൾക്ക് ഉണ്ടാകും." യേശു ക്രിസ്തുവിന്റെ നാമത്തിൽ, നിങ്ങൾക്കുള്ള എല്ലാ കഷ്ടതകളും, ഈ പീഢകളും എടുത്തു മാറ്റപ്പെടാൻ ഇടയാകട്ടെ. ഇപ്പോൾ സംശയിക്കരുത്. ഇപ്പോൾ തന്നെ നേരെ അവന്റെ അടുത്തേക്ക് പോകൂ.

237 കർത്താവേ, ഈ ഭയങ്കര തലവേദനയോടെ ആയിരിക്കുന്ന ഈ കുഞ്ഞിന്റെ മേൽ ഞാൻ എന്റെ കൈകളെ വെച്ചിരിക്കുന്നു. യേശു ക്രിസ്തുവിന്റെ നാമത്തിൽ അത് സൌഖ്യം പ്രാപിക്കട്ടെ. ആമേൻ.

238 കർത്താവേ, യേശു ക്രിസ്തുവിന്റെ നാമത്തിൽ, ആ മല അവനിൽ നിന്ന് മാറിപ്പോയി, അത് സുഖപ്പെടട്ടെ. ഞങ്ങളുടെ സഹോദരൻ ഇപ്പോൾ സുഖം പ്രാപിക്കാൻ ഇടയാകട്ടെ...?...ആമേൻ.

239 ബധിരനും മൂകനും ആയ വ്യക്തി; ചെവി കേൾക്കാൻ കഴിയാത്ത മിണ്ടാത്ത. കർത്താവേ, യേശു ക്രിസ്തുവിന്റെ നാമത്തിൽ! വർഷാവർഷങ്ങളായി, ഞാൻ ഓരോ ദിവസവും നിന്നു

പ്രസംഗിക്കുകയും, എന്റെ ജീവിതത്തിൽ ഒരിക്കൽപ്പോലും, വിശ്വാസം നിങ്ങളുമായി സംബർക്കം പുലർത്തുന്നതു ഞാൻ കണ്ടിട്ടില്ല, പക്ഷേ അവിടെ എന്തോ ഉണ്ടായിരുന്നിട്ട് ചിലത് സംഭവിച്ചിരിക്കുന്നു! ഇപ്പോൾ, അവനു അവന്റെ ചെവിയ്ക്ക് കേൾവിയില്ലായ്മയും വയറ്റിൽ വിണ്ടു കീറലും ഉണ്ട്. യേശു ക്രിസ്തുവിന്റെ നാമത്തിൽ, അവൻ സൌഖ്യം പ്രാപിക്കട്ടെ. ആമേൻ.

ഇപ്പോൾ, സംശയിക്കരുത്.

240 കർത്താവേ, അവന്റെ ശരീരത്തിലെ കഷ്ടതകൾ നിനക്കറിയാം. അവന്റെ മേൽ കൈകൾ വെച്ചിരിക്കുമ്പോൾ, ആത്മാർത്ഥമായ ഒരു ഹൃദയവുമായി, യേശു ക്രിസ്തുവിന്റെ നാമത്തിൽ, അവൻ സൌഖ്യം പ്രാപിക്കട്ടെ. ആമേൻ.

241 മരണം ഒരു വാതിൽക്കൽ, അടുത്തതിൽ വിശ്വാസം. ദൈവമേ, ആ കല്ല് ഉരുട്ടി നീക്കി വിശ്വാസം ഏറ്റെടുക്കാൻ ഇടയാകട്ടെ. യേശു ക്രിസ്തുവിന്റെ നാമത്തിൽ അർബുദം അവളെ വിട്ടു പോകാൻ ഇടയാകട്ടെ.

242 കർത്താവേ, അവൻ സുഖം പ്രാപിക്കാൻ ഇടയാകട്ടെ. ഞാൻ അവന്റെ മേൽ കൈകളെ വെച്ചിരിക്കുന്നു. സന്ദേശം ഇപ്പോഴും ചവരുകളിലൂടെ മുഴങ്ങുന്നു. യേശു ക്രിസ്തുവിന്റെ നാമത്തിൽ, അവൻ സൌഖ്യം പ്രാപിക്കാൻ ഇടയാകട്ടെ.

243 പിതാവായ ദൈവമേ, ഞാൻ എന്റെ സഹോദരന്റെ മേൽ കൈകളെ വെക്കുന്നു. കർത്താവേ, അങ്ങയുടെ ആത്മാവും ശക്തിയും, അവന് അവന്റെ അപേക്ഷ നൽകാൻ ഇടയാക്കി, അതു സംഭവിക്കാൻ ഇടയാകട്ടെ. യേശു ക്രിസ്തുവിന്റെ നാമത്തിൽ, അത് ആയി തീരട്ടെ. ആമേൻ.

ഇത് പൂർത്തിയായിരിക്കുന്നു. ഇപ്പോൾ അതിനെ സംശയിക്കരുത്.

244 കർത്താവേ, അവന്റെ മേൽ ഈ അവസ്ഥയുമായി, അങ്ങയുടെ സാന്നിധ്യത്തിലേക്ക് വരണം എന്നതാണ് ഞങ്ങളുടെ സഹോദരന്റെ ആഗ്രഹം. ഇപ്പോൾ, യേശു ക്രിസ്തുവിന്റെ നാമത്തിൽ, അവൻ ആവശ്യപ്പെടുന്നത് എന്താണോ അതു അവന് ഉണ്ടാകട്ടെ. ആമേൻ.

245 എന്തൊരു മഹത്തായ കാര്യം! ഈ കുട്ടിയുടെ മേൽ പരിശുദ്ധാത്മാവ് വരാൻ ഇടവരട്ടെ, ദൈവത്തിന്റെ മഹത്വത്തിനായി അവർ അവനെ അവന്റെ അടുക്കൽ കൊണ്ടു വരുവാൻ വേണ്ടി...?... ദൈവരാജ്യം നിമിത്തം അവൻ അത് സ്വീകരിക്കാൻ ഇടയാകട്ടെ. ആമേൻ.

246 പിതാവേ, യേശു ക്രിസ്തുവിന്റെ നാമത്തിൽ, അത് അങ്ങനെയായി തീർന്ന്, ഞങ്ങളുടെ സഹോദരി സൌഖ്യം പ്രാപിക്കുകയും, യേശുവിന്റെ നാമത്തിൽ, അവളുടെ അഭ്യർത്ഥന അനുവദിച്ചാലും. ആമേൻ.

247 അത് സംഭവിക്കാൻ ഇടയാകട്ടെ. നിങ്ങൾക്ക് പരിശുദ്ധാത്മാവ് ലഭിക്കും. നിങ്ങളെ തടയാൻ ഒരു വഴിയുമില്ല...?...നിങ്ങൾക്ക് അത് കിട്ടേണ്ടതുണ്ട്! നിങ്ങൾക്കത് ലഭിക്കേണ്ടതുണ്ട്, കാരണം ദൈവം അങ്ങനെ പറഞ്ഞിരിക്കുന്നു. നിങ്ങൾ അതിനോടൊപ്പം നിൽക്കുന്നു.

അവിടെയുള്ള ആ ചെറിയ പുറംതോലി മുറിച്ചു കടക്കു. ഒന്നു പറയൂ...?...

248 സ്വർഗ്ഗീയ പിതാവെ, യേശു ക്രിസ്തുവിന്റെ നാമത്തിൽ, ഞങ്ങളുടെ സഹോദരിയുടെ അഭ്യർത്ഥന നൽകിയാലും. ആമേൻ.

249 പിതാവേ, യേശു ക്രിസ്തുവിന്റെ നാമത്തിൽ, ഞങ്ങളുടെ സഹോദരിയുടെ അഭ്യർത്ഥന നൽകിയാലും. അവൾ സുഖം പ്രാപിക്കാൻ ഇടയാകട്ടെ. ആമേൻ.

250 തുടർച്ചയായി ഏഴു തവണ, അവനു അന്നാനെ അസ്തിത്വത്തിൽ കൊണ്ടുവരാൻ കഴിയും. അവൻ ആ സ്ത്രീക്ക് അവൾ ആവശ്യപ്പെടുന്നതെന്തും നൽകും; അവൻ അത് നിങ്ങൾക്ക് നൽകി...?...

251 കർത്താവേ, യേശു ക്രിസ്തുവിന്റെ നാമത്തിൽ, ഞങ്ങളുടെ സഹോദരിയുടെ അഭ്യർത്ഥന നൽകിയാലും. ഇത് നിന്റെ വചനമാണ്. നന്ദി. പിതാവേ, യേശു ക്രിസ്തു മുഖാന്തരം, അത് അവൾക്കു അനുവദിക്കാൻ ഇടയാകട്ടെ. ആമേൻ.

252 നിങ്ങളുടെ പ്രിയപ്പെട്ടവർക്കാണോ? പിതാവേ, യേശു ക്രിസ്തുവിന്റെ നാമത്തിൽ ഇവയെ അനുവദിച്ച്...?...

253 കർത്താവേ, ഈ കൊച്ചു യഹൂദ സ്ത്രീ...അങ്ങ് അബ്രഹാമിന്റെ ദൈവമാകുന്നു. യേശു ക്രിസ്തുവിന്റെ നാമത്തിൽ, അവളുടെ അഭ്യർത്ഥന, ഇത് അനുവദിച്ചാലും. അതു അങ്ങനെയായി തീരട്ടെ!

254 സ്വർഗ്ഗത്തിലെ ദൈവമായ, യേശു ക്രിസ്തുവിന്റെ നാമത്തിൽ, അവളുടെ അഭ്യർത്ഥന അനുവദിച്ചാലും. ആമേൻ.

255 ഈ കൊച്ചു പെൺകുട്ടി. നിങ്ങൾ അവിടെ പ്രസംഗ വേദിയിൽ വന്നതേയുള്ളൂ, നിങ്ങളുടെ ജീവിതത്തെക്കുറിച്ചുള്ളത് മുഴുവനും ദൈവം എന്നോട് പറഞ്ഞു. അവൻ നിങ്ങളിൽ നിന്ന് ആ അസ്വസ്ഥത എടുത്തു മാറ്റും.

256 കർത്താവേ, ഈ പെൺകുട്ടിയിലെ അസ്വസ്ഥതയെ ഞാൻ അപലപിക്കുന്നു. ഇത് ഈ മണിക്കൂറിൽ തന്നെ അവളെ വിട്ടുപോയി അവൾ വളരെ സന്തോഷത്തോടെ ഇവിടെ നിന്ന് പുറത്ത് പോകാൻ ഇടയാകട്ടെ. യേശു ക്രിസ്തുവിന്റെ നാമത്തിൽ, ഇതു സംഭവിക്കും.

257 ഞങ്ങൾ ആഘോഷിക്കുന്ന പുനഃരുത്ഥാനത്തിൽ, നിന്റെ പുത്രനായ, യേശുവിനെ, ഉയിർപ്പിച്ച സ്വർഗ്ഗത്തിലെ ദൈവമേ, അവളും കൂടെ ഇന്ന് അതിനെ അധികമായി ആഘോഷിക്കണ്ടേ...?... യേശുവിന്റെ നാമത്തിൽ. ആമേൻ.

258 ദൈവത്തിന്റെ പുത്രനായ, യേശു ക്രിസ്തുവിന്റെ നാമത്തിൽ, ഞാൻ എന്റെ സഹോദരിയുടെ മേൽ കൈകളെ വെക്കുന്നു, അവളെ ഇപ്പോൾ യേശുവിന്റെ നാമത്തിൽ സുഖപ്പെടുത്താൻ ചോദിക്കുന്നു.

259 ദൈവപുത്രനായ, കർത്താവായ യേശു ക്രിസ്തുവിന്റെ നാമത്തിൽ, ഞങ്ങളുടെ സഹോദരി സുഖം പ്രാപിക്കാൻ ഇടയാകട്ടെ. ആമേൻ. ഇതിന് അവളിൽ തുടർന്നും ആയിരിക്കാൻ കഴിയില്ല. ഇത് വിട്ടു പോകേണ്ടതുണ്ട്. പോകൂ, ഇതിനു വിട്ടുപോകണം.

260 കർത്താവേ, യേശു ക്രിസ്തുവിന്റെ നാമത്തിൽ, ഞങ്ങളുടെ സഹോദരി സുഖം പ്രാപിക്കട്ടെ. ആമേൻ. യേശു ക്രിസ്തുവിന്റെ നാമത്തിൽ, എന്റെ സഹോദരിയെ, ഞാൻ ഇതിനെ സുഖപ്പെടുത്തുന്നു. ആമേൻ.

യേശു ക്രിസ്തുവിന്റെ നാമത്തിൽ, ഞാൻ എന്റെ സഹോദരിയെ സുഖപ്പെടുത്തുന്നു. ആമേൻ.

യേശു ക്രിസ്തുവിന്റെ നാമത്തിൽ, ഞാൻ എന്റെ സഹോദരിയെ സുഖപ്പെടുത്തുന്നു.

യേശു ക്രിസ്തുവിന്റെ നാമത്തിൽ, എന്റെ സഹോദരി, ഞാൻ ഇതിനെ സുഖപ്പെടുത്തുന്നു.

യേശു ക്രിസ്തുവിന്റെ നാമത്തിൽ, ഞാൻ അവളുടെ അഭ്യർത്ഥന കൊടുക്കുന്നു. ആമേൻ.

261 കർത്താവേ, യേശു ക്രിസ്തുവിന്റെ നാമത്തിൽ, ഈ കുഞ്ഞ് അമ്മയ്ക്ക് ഞാൻ അവളുടെ അഭ്യർത്ഥന നൽകുന്നു.

യേശു ക്രിസ്തുവിന്റെ നാമത്തിൽ, കർത്താവേ, ഞാൻ അവളുടെ അഭ്യർത്ഥന അവൾക്ക് കൊടുക്കുന്നു.

കർത്താവേ, യേശു ക്രിസ്തുവിന്റെ നാമത്തിൽ, ഞാൻ അവളുടെ അഭ്യർത്ഥന അവൾക്ക് കൊടുക്കുന്നു.

262 സാത്താനെ, ഞാൻ നിന്നെ പുറത്താക്കുന്നു. യേശു ക്രിസ്തുവിന്റെ നാമത്തിൽ, സ്ത്രീയെ വിട്ടു പോക.

263 നിങ്ങൾ വളരെക്കാലം ബന്ധിക്കപ്പെട്ടിരുന്നു. ഇപ്പോൾ നിങ്ങൾ സ്വതന്ത്രമായിരിക്കുന്നു. നിങ്ങൾ സൌഖ്യമാകാൻ പോകുന്നു. പിന്നെ, ഇപ്പോൾ അതെല്ലാം ശരിയായിക്കൊള്ളും. ഇപ്പോൾ ഇത് വിശ്വസിക്കൂ.

264 ദൈവമേ, യേശു ക്രിസ്തുവിന്റെ നാമത്തിൽ, വികലാംഗയായ, ഈ സഹോദരിക്ക്, അവളുടെ രോഗശാന്തി ഞാൻ നൽകുന്നു. ആമേൻ.

265 യേശു ക്രിസ്തുവിന്റെ നാമത്തിൽ, ഞാൻ ഈ സഹോദരിക്ക് അവളുടെ രോഗശാന്തി നൽകുന്നു. ആമേൻ.

266 സഹോദരി, യേശു ക്രിസ്തുവിന്റെ നാമത്തിൽ, ഞാൻ നിന്റെ രോഗശാന്തി നൽകുന്നു. ആമേൻ. അങ്ങനെ ആയി തീരട്ടെ!

267 ഞാൻ ഒരു തെറ്റും ചെയ്യുന്നില്ലെന്ന് ഞാൻ ദൈവത്തിൽ വിശ്വസിക്കുന്നു. വിശ്വാസത്താൽ, ഇത് നൽകിയാലും. അങ്ങനെ തന്നെയാകട്ടെ!

268 ഹൃദയ സംബന്ധമായ അസുഖങ്ങളെയും ഭേദമാക്കാൻ ദൈവം നിങ്ങൾക്ക് ശക്തി നൽകുന്നു എന്ന് നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? ഞാൻ ഇപ്പോൾ പറഞ്ഞ ആ കഥ നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? നിങ്ങളുടെ പൂർണ്ണഹൃദയത്തോടെ? എങ്കിൽ ഞാൻ നിങ്ങൾക്ക് നിങ്ങളുടെ രോഗശാന്തി തരുന്നു. യേശു ക്രിസ്തുവിന്റെ നാമത്തിൽ, ഞാൻ നിങ്ങളുടെ രോഗശാന്തി നിങ്ങൾക്ക് തരുന്നു.

269 ഇവിടേക്ക് തിരികെ പോയ ഈ സ്ത്രീയുടെ പേര് എന്താണ്? നിങ്ങൾ താമസിക്കുന്നതു ഇവിടെ ചുറ്റിനും എവിടെയെങ്കിലും ആണോ? [ആ സഹോദരി പറയുന്നു, "അതെ."—Ed.] നിങ്ങൾ സുഖം പ്രാപിച്ചിരുന്നു എന്ന് നിങ്ങൾ ഓർക്കുന്നു! അത് ഞാൻ ഇവിടെ നിൽക്കുന്നത് പോലെ തന്നെ സത്യമാണ്.

270 പിതാവെ യേശു ക്രിസ്തുവിന്റെ നാമത്തിൽ, ഇത് അനുവദിച്ചാലും, അവളുടെ രോഗശാന്തിക്കായി, ഞാൻ പ്രാർത്ഥിക്കുന്നു. ആമേൻ.

271 പിതാവേ, യേശു ക്രിസ്തുവിന്റെ നാമത്തിൽ, അവൾക്ക് അവളുടെ രോഗശാന്തി ലഭിക്കട്ടെ. ആമേൻ!

272 ഞാൻ—ഞാൻ—ഞാൻ നിങ്ങൾക്കായി ഉച്ചരിക്കുന്നു...ഞാൻ—ഞാൻ—ഞാൻ...ദൈവത്തിന്റെ കൃപയാൽ, ഒരു ദിവ്യ ദാനത്താൽ, നിങ്ങളുടെ രോഗശാന്തി ഞാൻ നിങ്ങൾക്ക് തരുന്നു! ആ പിശാചിനെയും, കൂടെ പുറത്താക്കുന്നു.

273 സഹോദരി റോസ് നീ വിശ്വസിക്കുന്നോ? ഓ കർത്താവെ, ആകാശത്തിന്റെയും ഭൂമിയുടെയും സ്രഷ്ടാവേ, കർത്താവേ, യേശു ക്രിസ്തുവിന്റെ നാമത്തിൽ, ഈ സഹോദരി റോസ് ഓസ്റ്റിന് രോഗശാന്തി നൽകിയാലും. ആമേൻ. അതാണ് അത്, സഹോദരി റോസ്, ഇപ്പോൾ വിശ്വസിച്ചുകൊണ്ട് പോകു.

274 കർത്താവേ, യേശു ക്രിസ്തുവിന്റെ നാമത്തിൽ, ഞങ്ങളുടെ സഹോദരിക്ക് അവളുടെ രോഗശാന്തി നൽകിയാലും. ആമേൻ...?...

275 നിങ്ങൾ അത് വിശ്വസിക്കുന്നുണ്ടോ? നിങ്ങൾ അതിലെ ഓരോ അംശവും വിശ്വസിക്കുന്നു. യേശുവിന്റെ നാമത്തിൽ, നിങ്ങളുടെ അഭ്യർത്ഥന, ഞാൻ നിങ്ങൾക്ക് തരുന്നു. ദൈവം അവളെ സുഖപ്പെടുത്തും.

276 കർത്താവേ, അവളുടെ സഹോദരൻ സുഖം പ്രാപിക്കട്ടെ, ശാരീരികമായും ആത്മീയമായും, അങ്ങനെ ആയിത്തീരട്ടെ. യേശു ക്രിസ്തുവിന്റെ നാമത്തിൽ. ആമേൻ!

ഈ സമയം അതായി തീർന്ന് അപ്പോൾ...?...

277 കർത്താവേ, ഡോക്ടർമാർക്കോ വൈദ്യശാസ്ത്രത്തിൽ നിന്നുള്ള ഏതെങ്കിലും ചികിത്സയ്ക്കോ സൌഖ്യമാക്കാൻ കഴിയാതെ, അവൾ തികച്ചും ആശയറ്റവൾ ആയിരിക്കുമ്പോൾ, ഞാൻ അവളുടെ മേൽ കൈകളെ വയ്ക്കുന്നു. എന്നാൽ ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ കണ്ടു മുട്ടുന്നതിൽ നിന്നല്ല. യേശുവിന്റെ നാമത്തിൽ, അവൾ സുഖം പ്രാപിക്കട്ടെ. ആമേൻ.

...?...

278 കർത്താവേ, ഞങ്ങളുടെ സഹോദരിക്ക് കൊടുത്താലും, അവളുടെ അഭ്യർത്ഥന ശ്രദ്ധയോടെ കേട്ട്, അവൾ പറയുന്ന ഓരോ വാക്കും ശ്രദ്ധിച്ചാലും. ഇത് രാജ്യത്തിനു വേണ്ടിയാണ്. യേശുവിന്റെ നാമത്തിൽ, നീ അവൾക്ക് അത് നൽകേണമെന്ന് ഞാൻ പ്രാർത്ഥിക്കുന്നു. ആമേൻ.

[ഒരു സഹോദരി ബ്രദർ ബ്രൺഹാമിനോട് സംസാരിക്കുന്നു—Ed.] ...?...

279 കർത്താവേ, നിന്റെ ദാസനായി, ആ അമ്മ തന്റെ കുഞ്ഞിനു വേണ്ടി നിലവിളിക്കുന്നത് കേട്ടിട്ട്, ഇത് ചെയ്ത പിശാചിനെ ഞാൻ കുറ്റം വിധിക്കുന്നു.

280 സ്ത്രീയുടെ വിശ്വാസത്തിന്റെ ഏറ്റുപറച്ചിലിനാൽ, ഞാൻ ഈ പിശാചിനെ പുറത്താക്കുന്നു. നിനക്ക് ഈ കുട്ടിയെ മുടന്തി നടത്താൻ കഴിയില്ല. യേശുവിന്റെ നാമത്തിൽ സൌഖ്യം പ്രാപിക്കു. ആമേൻ.

അവൾ സുഖം പ്രാപിച്ചിരിക്കുന്നു, സഹോദരി. ഒരു അല്പവും, സംശയിക്കരുത്. സഹോദരാ, ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. അത് നിങ്ങളുടെ കുഞ്ഞാണോ? അവൻ പരിശുദ്ധാത്മാവ് സ്വീകരിക്കാൻ ഇടയാകട്ടെ!

281 നിങ്ങൾ കുഞ്ഞിനെ എവിടെയെങ്കിലും എടുത്തു കൊണ്ടു പോയിട്ട് കുറച്ച് നിമിഷങ്ങൾ ഇതു കേൾക്കില്ലേ. കുഞ്ഞിന് എന്തോ ചിലത് സംഭവിച്ചെന്നു ഞാൻ വിശ്വസിക്കുന്നു. നിങ്ങൾക്കത് ലഭിക്കും. നിങ്ങൾ അത് വിശ്വസിക്കുന്നുണ്ടോ?

282 യേശു ക്രിസ്തുവിന്റെ നാമത്തിൽ ഞങ്ങളുടെ സഹോദരന് അവന്റെ രോഗശാന്തി ലഭിക്കട്ടെ.

283 കർത്താവേ, സർവശക്തനായ ദൈവത്തിന്റെ ശക്തിയാൽ അവന്റെ ശരീരത്തിന്റെ കഷ്ടതയെ കുറ്റം വിധിച്ച്, അവനെ പരിശുദ്ധാത്മാവിനാൽ നിറച്ചാലും. ഇതാണ് ആ മണിക്കൂറും ആ സമയവും. യേശു ക്രിസ്തുവിന്റെ നാമത്തിൽ, ഞാൻ അത് അവനു കൊടുക്കുന്നു. ആമേൻ.

284 പഞ്ചസാര പോയി. നിങ്ങൾക്ക് പരിശുദ്ധാത്മാവ് ലഭിച്ചു. നിങ്ങൾ പീഡിതനായിട്ട് എത്ര നാളായി...?...നിങ്ങളുടെ ജീവിതകാലം മുഴുവനും. ക്രിസ്തു നിങ്ങളെ സുഖപ്പെടുത്തി ഈ കഷ്ടതയിൽ നിന്ന് നിങ്ങളെ വിടുവിക്കുമെന്ന് നിങ്ങൾ വിശ്വസിക്കുന്നോ; നിങ്ങളെ സാധാരണ നിലയിലാക്കില്ലേ?

285 നിങ്ങളുടെ കുട്ടിയോ? നിങ്ങളുടെ—നിങ്ങളുടെ കാൽ. നിങ്ങൾ വന്നത് ഒറ്റക്കാണോ? എനിക്ക് ഉണ്ടായിരുന്നെങ്കിൽ, എങ്കിൽ—എന്റെ ഉള്ളിൽ എനിക്ക് ശക്തിയുണ്ടായിരുന്നു എങ്കിൽ, നോക്കു! എന്നാൽ അതിനെ വിശ്വസിക്കാൻ ദൈവം എന്നെ സഹായിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. എന്റെ അധികാരത്തിലുള്ളതെല്ലാം ഞാൻ ചെയ്യും. നിങ്ങൾ എന്നെ വിശ്വസിക്കുന്നോ? ആ അണ്ണാനുകളെക്കുറിച്ചുള്ള കഥ നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? നിങ്ങൾ വിശ്വസിക്കുമോ? നിങ്ങളുടെ ശരീരത്തെ സുഖപ്പെടുത്താൻ ദൈവത്തിന് കഴിയുമെന്ന്, അത് ഇന്ന് രാവിലെ, ഇത് സാദ്ധ്യമെന്നു നിങ്ങൾ വിശ്വസിക്കുന്നു, നിങ്ങൾ വീണ്ടും നടക്കും, ആദ്യം നിങ്ങൾ നടന്നിരുന്നതു പോലെ നിങ്ങൾക്ക് നടക്കണ്ടേ? അവിടെ നിങ്ങളുടെ ജനനത്തിലൂടെ എന്തോ ചിലത് അവിടെ സംഭവിച്ചിരുന്നു, അവിടെ എന്തോ ചിലത് തടസ്സപ്പെടുത്തുന്നത് ഉണ്ടായിരുന്നിട്ട്, നിങ്ങൾ ശരിയായിട്ടല്ല വളർന്നത്. മറ്റൊരു അവയവത്തിന് മുകളിൽ വളരുന്ന ഒരു അവയവം പോലെ, ഇത് അതിനെ അമർത്തിപ്പിടിക്കുന്നു. അതെ, ആ അവയത്തിനു ആ അവയവത്തിൽ നിന്ന് പുറത്തുവരാൻ

കഴിഞ്ഞാൽ, അത് നേരെയാക്കി ശരിയായി തീരും. കണ്ടോ? അതു ശരിയാണോ? ഇതൊരു ശാപമാണ്. ഇതൊരു ശാപമാണ്. ശാപം വിട്ടു പോയാൽ, പിന്നെ നിങ്ങൾക്ക് സുഖം പ്രാപിക്കും. കണ്ടോ?

286 കർത്താവേ, ഞാൻ ചിന്തിക്കുന്നത്, ഇത് എന്റെ കുട്ടി ആയിരുന്നെങ്കിൽ, ഇത് എന്റെ സഹോദരൻ ആയിരുന്നെങ്കിൽ എന്താകും? വിശ്വാസത്താൽ, യേശു ക്രിസ്തുവിന്റെ നാമത്തിൽ ഞാൻ ശാപത്തെ നീക്കുന്നു. ആമേൻ.

287 കർത്താവേ, യേശു ക്രിസ്തുവിന്റെ നാമത്തിൽ, ഞാൻ അവന്റെമേൽ എന്റെ കൈകളെ വെച്ച് അവന്റെ രോഗശാന്തിക്കായി ചോദിക്കുന്നു. ആമേൻ.

288 പിതാവായ ദൈവമേ, യേശു ക്രിസ്തുവിന്റെ നാമത്തിൽ, ദുരിതമനുഭവിക്കുന്ന ഈ സ്ത്രീയുടെ മേൽ, രോഗശാന്തിക്കായി ഞാൻ കൈകളെ വെക്കുന്നു. ആമേൻ.

സഹോദരി നാഷ്, കുറച്ച് വർഷങ്ങൾക്ക് മുമ്പ്, ദൈവം നിങ്ങളെ ഒരു ക്യാൻസറിൽ നിന്ന് രക്ഷിച്ചു.

289 കർത്താവേ, സഹോദരി നാഷിന് അവളുടെ അഭ്യർത്ഥന നൽകിയാലും. നിന്റെ ദാസനായി ഞാൻ അത് ചോദിക്കുന്നു. അതു ചെയ്യും. അതാണ് ആ ഉത്തരം, സഹോദരി നാഷ്.

യേശു ക്രിസ്തുവിന്റെ നാമത്തിൽ, ഞങ്ങളുടെ സഹോദരിക്ക് അവളുടെ അഭ്യർത്ഥന നൽകിയാലും. ആമേൻ.

290 [ഒരു സഹോദരനും സഹോദരിയും ബ്രദർ ബ്രൺഹാമിനോട് സംസാരിക്കുന്നു—Ed.] സഹോദരാ, നന്ദി, അവിടെ ഉണ്ടായിരുന്ന നിങ്ങളുടെ ജനങ്ങളിലേക്ക് മടങ്ങൂ. ദൈവം ഇതു അനുവദിക്കട്ടെ. അത്തരമൊരു അത്ഭുതകരമായ സമയം, ഞാൻ അവിടെ ആയിരുന്നപ്പോൾ നിങ്ങളുടെ ആളുകൾ ചുറ്റും കൂടിയിരുന്നു. ഞങ്ങൾ അവിടെ ആയിരുന്നപ്പോൾ നിങ്ങൾ ബോംബെയിൽ ഉണ്ടായിരുന്നോ? ശരി, എങ്കിൽ നിങ്ങൾ വിശ്വസിക്കും ഈ കാര്യങ്ങൾ...നിങ്ങൾ കേട്ടിട്ടുണ്ടോ?

291 കർത്താവേ, അവൻ കടൽ കടന്ന് തിരികെ തന്റെ ജനങ്ങളുടെ അടുക്കൽ പോകുമ്പോൾ, അവൻ ദൈവത്തിന്റെ ശക്തി നിറഞ്ഞു, പോകാൻ ഇടയായിട്ട്, അവൻ ചോദിക്കുന്ന എല്ലാ അഭ്യർത്ഥനകളിലും സുഖം പ്രാപിക്കട്ടെ. യേശു ക്രിസ്തുവിന്റെ നാമത്തിൽ, അവൻ പോയി സ്വീകരിക്കാൻ ഇടയാകട്ടെ. ആമേൻ.

292 ദൈവപുത്രനായ യേശു ക്രിസ്തുവിന്റെ നാമത്തിൽ, ഞങ്ങളുടെ സഹോദരി അവളുടെ അപേക്ഷ സ്വീകരിക്കട്ടെ.

293 കർത്താവേ, ഞങ്ങളുടെ സഹോദരിയുടെ അഭ്യർത്ഥന നൽകിയാലും. അവളുടെ കുഴപ്പം ഇപ്പോൾ തന്നെ അവസാനിക്കട്ടെ, യേശു ക്രിസ്തുവിന്റെ പുനഃരുത്ഥാനത്തിലൂടെ. ആമേൻ. സഹോദരി, അത് ആയിരിക്കണം, ആയിരിക്കണം!

294 [ഒരു സഹോദരി ബ്രദർ ബ്രൺഹാമുമായി സംസാരിക്കുന്നു—Ed.] ഇത് സുവിശേഷത്തിൽ ആവർത്തിക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നോ? ["അതെ."]

295 കർത്താവായ ദൈവമേ, ഈ യുവതി ഇവിടെ നിൽക്കുന്നു, സ്വാർത്ഥമായ ഏതെങ്കിലും ഉദ്ദേശ്യങ്ങൾക്കല്ല. അവൾ അവളുടെ സഹോദരനു വേണ്ടി പ്രാർത്ഥിക്കുന്നു, അവന്റെ രക്തത്തിൽ അണുബാധയുണ്ട്. ഞാൻ അവളുടെ അഭ്യർത്ഥന നൽകുന്നു. ഒരു ദൂതനാൽ എനിക്ക് നൽകിയ ഒരു നിയോഗത്തിലൂടെ; ഏതാനും ആഴ്ചകൾക്കു മുമ്പ്, എന്റെ മുറിയിൽ വെച്ചുണ്ടായി, യേശു ക്രിസ്തുവിന്റെ ദർശനത്താൽ; ഞാൻ ഈ പെൺകുട്ടിക്ക് അവളുടെ അഭ്യർത്ഥന നൽകുന്നു. ആമേൻ.

296 അത് ആയിരിക്കണം. നിങ്ങൾ ഇവിടെ അടുത്താണോ താമസിക്കുന്നത്? [ആ സഹോദരി പറയുന്നു, "മെംഫിസ്, ടെന്നസ്സി."—Ed.] മെംഫിസ്, ടെന്നസ്സി. എനിക്ക് ഒരു കത്ത് എഴുതു. നിങ്ങൾ—നിങ്ങൾ—നിങ്ങൾക്ക്—നിങ്ങളുടെ അഭ്യർത്ഥന ലഭിക്കും.

297 സഹോദരൻ ഗ്രിംസ്ലി. [ആ സഹോദരൻ ബ്രദർ ബ്രൺഹാമുമായി സംസാരിക്കുന്നു—Ed.] ഗ്രിംസ്ലി സഹോദരാ, ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

298 കർത്താവേ, ഈ സഹോദരൻ എത്ര ദൂരം വന്നു എന്നും, അവനെ വെട്ടി എടുത്ത കുഴി ഏതെന്നും ഞങ്ങൾക്ക് ഓർക്കാൻ കഴിയും. കർത്താവേ, അവന് നിന്റെ ആത്മാവ് കൂടുതൽ ആവശ്യമുണ്ട്. യേശു ക്രിസ്തുവിന്റെ നാമത്തിൽ, ഇത് ഞാൻ അവനു കൊടുക്കുന്നു. അവന്റെ പിന്നിലെ പ്രവൃത്തികൾ കണ്ടിട്ട്, അങ്ങനെ അവൻ നിന്നെ അനുഗമിക്കാൻ ശ്രമിച്ചു, പിന്നെ, യേശു ക്രിസ്തു എനിക്കു നൽകിയ ഒരു—ഒരു നിയോഗത്തിന്റെ അധികാരത്താലും, ഒരു ദൂതനാലും ദർശനത്താലും സ്ഥിരീകരിച്ചതിനാൽ, ഗ്രിംസ്ലി സഹോദരന് ഞാൻ അവന്റെ ആഗ്രഹം നൽകുന്നു. അവന് ആവശ്യമായ ഒരു കൂടുതലായ അടുത്ത നടത്തത്താൽ, അവനെ പൂർണ്ണ വിശ്വാസത്താൽ നിറച്ചാലും.

299 ദൈവരാജ്യം നിമിത്തം, പോയി സുഖമായിരിക്കു, എന്നു ഞാൻ നിങ്ങളോട് പറഞ്ഞാലോ? ആ അണ്ണാനുകളെക്കുറിച്ചും അവയെക്കുറിച്ചും ഞാൻ പറഞ്ഞത് നിങ്ങൾ വിശ്വസിക്കുന്നുണ്ടോ,

അത് സത്യമാണെന്ന് നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? പിന്നെ, അവൻ, ഞാൻ പറയുന്നതു അവൻ എനിക്ക് തരില്ലേ എന്താ ഞാൻ ഈ "മലയോട്."...?...നിങ്ങൾക്ക് മറ്റൊന്നും ഇല്ല. നിങ്ങൾക്ക് മറ്റൊന്ന് ഇല്ല. ഇനിയും രോഗങ്ങളൊന്നും ഉണ്ടാകില്ല, നിങ്ങൾ രണ്ടുപേരും, സുഖമാകും.

300 യേശു ക്രിസ്തുവിന്റെ നാമത്തിൽ, അവൾ, അവളോട് ചോദിച്ച ഈ അഭ്യർത്ഥന ഞാൻ നൽകുന്നു. ആമേൻ.

301 പിതാവായ ദൈവമേ, യേശു ക്രിസ്തുവിന്റെ നാമത്തിൽ, ഞങ്ങളുടെ സഹോദരിക്ക്, അവളുടെ അഭ്യർത്ഥന, ഇതു അനുവദിച്ചാലും. ആമേൻ.

ശരി, സഹോദരി, പോകു, ഇത് വിശ്വസിക്കു.

302 പിതാവേ, ഈ സ്ത്രീ കടന്നു പോകുമ്പോൾ, യേശു ക്രിസ്തുവിന്റെ നാമത്തിൽ, നീ അവളുടെ അഭ്യർത്ഥന നൽകണമെന്ന് ഞാൻ പ്രാർത്ഥിക്കുന്നു. ആമേൻ.

303 യേശു ക്രിസ്തുവിന്റെ നാമത്തിൽ, ഞാൻ ഈ സ്ത്രീക്ക് അവളുടെ അഭ്യർത്ഥന നൽകുന്നു. ആമേൻ. അതിനെ സംശയിക്കരുത്.

304 [ഒരു സഹോദരി ബ്രദർ ബ്രൺഹാമുമായി സംസാരിക്കുന്നു—Ed.] നിങ്ങൾക്കത് ലഭിക്കാൻ പോകുന്നു എന്ന് നിങ്ങൾ വിശ്വസിക്കുന്നോ? ["അതെ."] എന്നാൽ ഞാൻ നിങ്ങളുടെ അപേക്ഷ നിങ്ങൾക്ക് നൽകുന്നു, യേശു ക്രിസ്തുവിന്റെ ഒരു നിയോഗത്തിലൂടെ എനിക്കു നൽകിയ അധികാരത്തിനു ഞാൻ സാക്ഷ്യം വഹിച്ചു...?...പോകു, ഒപ്പം—ദൈവം നിങ്ങളോട്ടു കൂടെ ഉണ്ടാകും.

305 സഹോദരൻ ഫ്രെഡ്, നിങ്ങളുടെ ഹൃദയത്തിൽ എന്താണുള്ളത്? [സോത്മാൻ സഹോദരൻ ബ്രദർ ബ്രൺഹാമുമായി സംസാരിക്കുന്നു—Ed.] സഹോദരൻ ഫ്രെഡി സോത്മാൻ, നിങ്ങളുടെ ശരീരത്തിലെ വിഷത്തെ ഞാൻ കുറ്റം വിധിക്കുന്നു. യേശു ക്രിസ്തുവിന്റെ നാമത്തിൽ, അത് നിങ്ങളെ വിട്ടുപോകട്ടെ. ആമേൻ.

306 സഹോദരൻ കോളിൻസ്. [കോളിൻസ് സഹോദരൻ ബ്രദർ ബ്രൺഹാമുമായി സംസാരിക്കുന്നു—Ed.]

307 കർത്താവേ, ഈ വിലയേറിയ സഹോദരൻ പരിശുദ്ധാത്മ സ്നാനം തേടുന്നു. കർത്താവേ, എന്നിലുള്ളത് എല്ലാമായി, എന്റെ സഹോദരൻ കോളിൻസിനു മേൽ ഞാൻ ഈ അനുഗ്രഹം ഉച്ചരിക്കുന്നു. ഇത് അനുവദിച്ചാലും. പരിശുദ്ധാത്മാവ് അവന്റെ മേൽ വരാൻ ഇടവരട്ടെ, അവൻ പരിശുദ്ധാത്മാവിനാൽ നിറയാൻ ഇടയാകട്ടെ! ആമേൻ.

308 സഹോദരൻ കോളിൻസ്, നിങ്ങൾക്കത് ലഭിക്കണം, അത് ഇപ്പോൾ തന്നെ വരണം. ദൈവം നമ്മെ പരീക്ഷിക്കുക മാത്രം ചെയ്യുന്നു.

309 കർത്താവേ, അവന്റെ അപേക്ഷ അനുവദിച്ചാലും. അവൻ നിന്നെ സേവിക്കട്ടെ, അവന്റെ കുടുംബം, അവരുടെ പൂർണ്ണഹൃദയത്തോടെ നിന്നെ സേവിക്കട്ടെ.

310 ദൈവമേ, ഞങ്ങളുടെ സഹോദരിക്ക് അവളുടെ അപേക്ഷ നൽകിയാലും. അവൾ ചോദിച്ചിരിക്കുന്നത് എല്ലാം, അവൾ നമ്മുടെ കർത്താവായ യേശു ക്രിസ്തു മുഖാന്തരം, അവൾക്ക് ലഭിക്കാൻ ഇടവരട്ടെ. ആമേൻ.

311 കർത്താവേ, ഈ സഹോദരനെ അവന്റെ സഭയെ സഹായിക്കാൻ ശക്തി നൽകിയാലും. ഇത് അനുവദിക്കാൻ ഇടയാകട്ടെ. യേശു ക്രിസ്തുവിലൂടെ, ഞാൻ അവനു ഈ ശക്തി നൽകുന്നു. ആമേൻ.

312 [ഒരു സഹോദരി ബ്രദർ ബ്രൺഹാമുമായി സംസാരിക്കുന്നു—Ed.] സഹോദരി, നിങ്ങൾക്കുള്ള ഇത് ഒരു ഭയാനകമായ കാര്യമാണ്, അസ്വസ്ഥത. ഞാൻ നിങ്ങളോട് പറയുന്നത് സത്യമാണെന്ന് നിങ്ങൾ വിശ്വസിക്കുന്നോ? ["അതെ, ഞാൻ വിശ്വസിക്കുന്നു."] അത് ഇപ്പോൾ നിങ്ങൾ വിശ്വസിക്കുന്നോ, ഞാൻ—ഞാൻ നിങ്ങളോട് സത്യം പറഞ്ഞിരിക്കുന്നു? ["അതെ."] എങ്കിൽ യേശു ക്രിസ്തുവിന്റെ നാമത്തിലൂടെ, നിങ്ങളുടെ രോഗശാന്തി ഞാൻ നിങ്ങൾക്ക് തരുന്നു. ഞാൻ പ്രസംഗവേദിയിൽ നിൽക്കുന്നതു തീർച്ചയായിരിക്കുന്നതു പോലെ, നിങ്ങളുടെ അസ്വസ്ഥത നിങ്ങളിൽ നിന്ന് പോകും.

313 [ഒരു സഹോദരൻ ബ്രദർ ബ്രൺഹാമുമായി സംസാരിക്കുന്നു—Ed.] ...?...ഇത് നിങ്ങളിൽ എല്ലാവരിലും, വേറിട്ടു നിൽക്കുന്നു.

314 കർത്താവായ ദൈവമേ, ഇവിടെയുള്ള എന്റെ വിലയേറിയ ചെറിയ സഹോദരന്, ആഴം ആഴത്തെ വിളിക്കുന്നതു പോലെ അവന്റെ ആത്മാവ് ആഴത്തെയും ആഴങ്ങളെയും വിളിക്കുന്നു. അവന് പരിശുദ്ധാത്മാവ് ആവശ്യമാകുന്നു. കർത്താവേ, അവനാൽ കഴിയുന്ന എല്ലാ വിധത്തിലും, നിന്റെ ശുശ്രൂഷയെ അവൻ ബഹുമാനിക്കുന്നു. പരിശുദ്ധാത്മാവിന്റെ ശക്തിയാൽ, അത് എന്റെ സഹോദരന്മേൽ വരാൻ ഇടവരട്ടെ, പരിശുദ്ധാത്മാവിനാൽ, അവൻ ദൈവത്തിന്റെ ശക്തിയും കൃപയും നിറയാൻ ഇടയാകട്ടെ. അവനെ സ്വീകരിച്ചാലും, ഞാൻ അവനെ സമർപ്പിക്കുന്നതു പോലെ...

***പോയി, പറവിൻ*** MAL60-0417M

(Go, Tell)

**ഈസ്റ്റർ സന്ദേശ പരമ്പര**

ഈ സന്ദേശം ബ്രദർ വില്യം മാരിയൺ ബ്രൺഹാം, ആദ്യം ഇംഗ്ലീഷിൽ പ്രസംഗിച്ചത്, 1960, ഏപ്രിൽ 17, ഈസ്റ്റർ ഞായറാഴ്ച രാവിലെ, അമേരിക്കൻ ഐക്യ നാട്ടിലെ, ഇൻഡ്യാനയിലെ, ജെഫെർസൺവില്ലെയിലുള്ള, ബ്രൺഹാം ടെബർണക്കളിൽ വെച്ച്, കാന്ത ശക്തിയുള്ള ടേപ്പിൽ നിന്നും കൃത്യമായി പകർത്താനുള്ള സകല പ്രയത്നവും ചെയ്തിരിക്കുന്നു. ഈ മലയാളം പരിഭാഷ വോയിസ് ഓഫ് ഗോഡ് റിക്കോർഡിംഗ്സിൽ നിന്നും പ്രസിദ്ധീകരിച്ച് വിതരണം ചെയ്യുന്നു.

MALAYALAM

©2021 VGR, ALL RIGHTS RESERVED

VOICE OF GOD RECORDINGS, INDIA OFFICE
19 (NEW NO: 28) SHENOY ROAD, NUNGAMBAKKAM
CHENNAI 600 034, INDIA
044 28274560 • 044 28251791
india@vgroffice.org

VOICE OF GOD RECORDINGS
P.O. BOX 950, JEFFERSONVILLE, INDIANA 47131 U.S.A.
www.branham.org

## Copyright notice

All rights reserved. This book may be printed on a home printer for personal use or to be given out, free of charge, as a tool to spread the Gospel of Jesus Christ. This book cannot be sold, reproduced on a large scale, posted on a website, stored in a retrieval system, translated into other languages, or used for soliciting funds without the express written permission of Voice Of God Recordings®.

For more information or for other available material, please contact:

VOICE OF GOD RECORDINGS
P.O. BOX 950, JEFFERSONVILLE, INDIANA 47131 U.S.A.
www.branham.org